
പുണ്യചരിതനായ

# പാലക്കൽ മല്പാൻ



ORKS
00
ALORE
78
M COLLEGE

ഫാ: ജോൺ റോമയോ പട്ടശ്ശേരി

# പുണ്യചരിതനായ പാലയ്ക്കൽ മല്പാൻ

(ജീവചരിത്രം)

ഫാ. ജോൺ റോമയോ പട്ടശ്ശേരി, C. M. I.

DHARMARAM COLLEGE
LIBRARY
BANGALORE-29



With the best Compliments of

പാലയ്ക്കൽകുടുംബയോഗം.

MALAYALAM

PUNNYA CHARITHANAYA PALAKAL MALPAN
( BIOGRAPHY )

*Author :*
**REV. FR. JOHN ROMEO PATTASSERY, C. M. I.**

*First Published :* January 1988


*Copy right :* to the Author

*Published by :* the Author

*Cover design :* John arts Pallippuram

*Printed at :* Alwaye Press, Friendship House

Price : Rs. 8.00



ഗ്രന്ഥകർത്താവ്

1934-ൽ ചേർത്തല അടുത്തുള്ള ഉഴവ എന്ന സ്ഥലത്തു് പട്ടശ്ശേരി എന്ന പുരാതന കുടുംബത്തിൽ ജനിച്ചു. മാതാപിതാക്കൾ വറുഗീസും മറിയാമ്മയും. 1953-ൽ സി. എം. ഐ. സഭയിൽ ചേർന്നു. 1962-ൽ വൈദികനായി. ഫിലോസഫി, തിയോളജി എന്നിവയിലുള്ള ഡിഗ്രികൾ പുറമെ ചരിത്രത്തിൽ മാസ്റ്റർബിരുദവും നേടിയിട്ടുണ്ടു്. 'വാഴ്ത്തപ്പെട്ട ചാവറയച്ചൻ', 'ചാവറയച്ചൻ വികാരിയായിരുന്ന പള്ളിപ്പുറം' എന്നിവ ഇദ്ദേഹത്തിന്റെ മറ്റു കൃതികളാണു്. ധ്യാനപ്രാസംഗികനും ഒരു ഗായകനുമാണു്. ധർമ്മഗീതി, അമൃതധാര എന്നീ ഗാനകൃതികളുടെ സമ്പാദകനുംകൂടിയാണു്. ഇപ്പോൾ ആലുവ സെൻറ് ആൻറണീസ് ആശ്രമത്തിൽ സേവനം അനുഷ്ഠിക്കുന്നു.

DHARMARAM COLLEGE LIBRARY
Ac. No 76388
Call No K92/P278

# ആമുഖം

'മുറത്തെ മുല്ലയ്ക്കു മണമില്ല' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. 19-ാം നൂറ്റാണ്ടിലെ സഭാചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു ധ്യാനയോഗിയും കർമ്മയോഗിയുമായിരുന്ന ബ. പാലയ്ക്കൽ തോമാ മല്പാൻ. വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ച് ഒരു ജീവചരിത്രമെഴുതാൻ സഭാചരിത്രവും സി. എം. ഐ. സഭാചരിത്രവും മറ്റും പരിശോധിച്ചപ്പോഴാണ് സി. എം. ഐ. സഭയുടെ സ്ഥാപകരിൽ പ്രമുഖനായ ഈ യതിവര്യനെക്കുറിച്ചു കൂടുതലായി അറിയുന്നതിനിടയായി. അക്കാലത്തു് കേരളസഭയ്ക്കു വേണ്ടി അത്യദ്ധ്വാനംചെയ്ത ഈ മഹർഷിവര്യനെ – ഒരു സെമിനാരിക്കു രൂപംകൊടുത്തു് അതു് അക്കാലത്തിന്റെ വലിയ വിജ്ഞാന സമ്പാദന കേന്ദ്രമായി പരിപോഷിപ്പിച്ച ഈ പണ്ഡിതവരേണ്യനെ–വളരെ മുൻനോട്ടത്തോടുകൂടി ഭാരത സഭയ്ക്കാകെ നന്മ ചെയ്യാൻപോരുന്ന ഒരു സന്യാസസഭയ്ക്കു രൂപംകൊടുത്ത ഈ ക്രാന്തദർശിയെക്കുറിച്ച് വളരെ കുറച്ചു മാത്രമെ ഇന്നത്തെ ലോകത്തിനു പരിജ്ഞാനമുള്ളു. ഇതു പരിഹരിക്കാനുള്ള ഒരു എളിയ സംരംഭമാണ് ഈ ചെറുപുസ്തകം. വാഴ്ത്ത. ചാവറയച്ചനെപ്പോലെ ഒരു നാളാഗമം എഴുതാൻ മല്പാനച്ചൻ മറന്നുപോയിട്ടോ - അതു നഷ്ടപ്പെട്ടിട്ടോ ജീവചരിത്രം കുറിക്കാൻ ഉപകരിക്കുന്ന കുറിപ്പുകളൊന്നും കിട്ടിയില്ല. ആകപ്പാടെയുള്ള ആധികാരിക പരാമർശം അദ്ദേഹത്തിന്റെ അരുമശിഷ്യനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെതന്നെ. അതെല്ലാംകൂടി നാലു പേജിൽ കൂടുതൽ വരികയുമില്ല. ഈ സാഹചര്യത്തിൽ; സാഹച

ര്യത്തെളിവുകളേയും മറ്റു ചരിത്രഗ്രന്ഥങ്ങളേയും വളരെയേറെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട്.

വന്ദ്യനായ പാലയ്ക്കൽ മല്പാനച്ചനെക്കുറിച്ച് കുറച്ചെങ്കിലും അറിയുവാനും അദ്ദേഹത്തെക്കുറിച്ചു ഇനിയും കൂടുതൽ പഠിക്കുവാനും ഈ ചെറുഗ്രന്ഥം ഉപകരിക്കും എന്നാണു് എന്റെ പ്രതീക്ഷ. ഇതു കുത്തിക്കുറിക്കുവാൻ എന്നെ പ്രേരിപ്പിച്ച സഹൃദയരോടും ഇതിന്റെ മുദ്രണം ഭംഗിയായി ഒരാഴ്ചകൊണ്ടു നിർവ്വഹിച്ചു തന്ന ആലുവാ പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള നിസ്സീമമായ കൃതജ്ഞത ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ആലുവ — ഫാ. ജോൺ (റാമയോ പട്ടശ്ശേരി

15-1-1988 — സെൻറ് ആൻറണീസ് മൊണാസ്റ്ററി

# അവതാരിക

സി.എം.ഐ. (അമലോത്ഭവ ദാസ സംഘം) സന്യാസസഭയുടെ സ്ഥാപകരിൽ പ്രമുഖനായ പാലയ്ക്കൽ തോമ്മാ മല്പാനെക്കുറിച്ച് വളരെ കുറച്ചു മാത്രമെ സഭാംഗങ്ങൾക്കുപോലും അറിവുള്ളൂ. കേരളസഭയുടെ പോയകാലത്തെ നല്ലതികഞ്ഞ നേതാവായ, വന്ദ്യ ഗുരുവായ, സാമൂഹ്യ പരിഷ്കർത്താവായ, ഈ ധീരാത്മാവിനെക്കുറിച്ച് ഇന്നിന്റെ തലമുറ ഒന്നുംതന്നെ അറിയുന്നില്ല എന്നതാണ് പരമാർത്ഥം. ഈ കുറവു പരിഹരിക്കാനും കാലം മാനിക്കേണ്ട-ഈ മനീഷിയെ-മറവിയുടെ മാറാല പിടിച്ചു മൂടപ്പെടാതിരിക്കാനും കാലചക്രത്തിരച്ചിലിന്റെ ചാരം വീണ് മങ്ങിപ്പോകാതിരിക്കുവാനും നമ്മളൊത്തൊരുമിച്ച് പരിശ്രമിക്കേണ്ടതാണ്.

പാലയ്ക്കൽ മല്പാനെക്കുറിച്ച് എഴുതിയിട്ടുള്ള പുസ്തകങ്ങളും വളരെ വിരളമാണ്. ശരിയായ രേഖകളുടെ അഭാവവും സമകാലീന ചരിത്രകാരന്മാർ യാതൊന്നും രേഖപ്പെടുത്താതിരുന്നതും ഇതിനുള്ള പ്രത്യേക കാരണങ്ങളാണ്. ആകപ്പാടെ ആധികാരികമായുള്ള പരാമർശം വാഴ്ത്തപ്പെട്ട ചാവറയച്ചനേറ്റുതന്നെയാണ്. ഗുരുത്വത്തനോടുള്ള ബഹുമാനംകൊണ്ട് തന്റെ നാളാഗമത്തിൽ പല പേജുകളും മല്പാനച്ചനെക്കുറിച്ച് അദ്ദേഹം കുറിക്കുന്നുണ്ട്. പക്ഷേ ഇതൊരു ജീവചരിത്രഗ്രന്ഥമെഴുതാൻ തീരെ അപര്യാപ്തമാണ്. പഠനം നടത്തിയാലും കാര്യമായൊന്നും പാലയ്ക്കൽ മല്പാനച്ചന്റെ ജീവിതത്തെക്കുറിച്ചു കിട്ടാനില്ല. ഈ കുറവ് പരിഹരി

ക്കാൻ സി. എം. ഐ. സഭാംഗമായ ബ. ജോൺ റോമ യോസച്ചൻ ഒരു എളിയ പരിശ്രമം നടത്തിയിരിക്കു യാണു്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി മഹാ നായ പാലയ്ക്കൽ മല്പാന്റെ പ്രവർത്തനങ്ങളുടെ കാല മാണു്. ഈ ആദ്യ പകുതിയിലെ സഭാചരിത്രം തോമ്മാ മല്പാന്റെ ജീവചരിത്രത്തോടു കെട്ടുപിണഞ്ഞു കിടക്കുന്നു. വേറെ വാക്കിൽ പറഞ്ഞാൽ പാലയ്ക്കൽ മല്പാന്റെ ചരിത്രംതന്നെയാണു് ആ കാലങ്ങളിലെ സഭയുടെ ചരി ത്രവും. ഇപ്രകാരം ചരിത്രഗതിയെ തിരിച്ചുവിട്ടു് സഭ യെ സമ്പന്നമാക്കിയ പാലയ്ക്കലച്ചനെക്കുറിച്ചു് നമു ക്കു കൂടുതൽ പഠിക്കാം. മല്പാനച്ചനോടു കൂടുതൽ ഭക്തി യും ആദരവും പ്രകടിപ്പിക്കാം. ഇനിയും കൂടുതൽ ആഴത്തി ലുള്ള പഠനങ്ങൾക്കും പ്രബന്ധങ്ങൾക്കും ഈ കൃതി ഉത്തേ ജനം അരുളട്ടെ ഗ്രന്ഥകർത്താവിനു് എല്ലാവിധ ഭാവു കങ്ങളും അശംസിക്കുന്നതോടൊപ്പം ഈ ഗ്രന്ഥത്തിനു് നിരവധി അനുവാചകർ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കു കയും ഈ പുസ്തകം സഹൃദയസമക്ഷം അവതരിപ്പിക്കുക യും ചെയ്യുന്നു.

രാജഗിരി

കളമശ്ശേരി — ഫാ. ബാസ്സൂസ് C. M. I.

10-1-'88 — പ്രൊവിൻഷ്യൽ

# I ചരിത്രമുറങ്ങുന്ന പള്ളിപ്പുറം

പുരാതനപ്രസിദ്ധമായ പള്ളിപ്പുറം പള്ളിക്കു് വി. തോമ്മാശ്ശീഹായുടെ വരവിനോളം പഴക്കമുണ്ടു്. കടലിൽനിന്നും പരശുരാമൻ മഴുവെറിഞ്ഞു കേരളം സൃഷ്ടിച്ചു എന്ന ഐതീഹ്യം, ആലപ്പുഴ മുതൽ വടക്കോട്ടു് അതുകുറിവരെയുള്ള കരപ്പുറം എന്ന ദ്വീപിനെക്കുറിച്ചു് യാഥാർത്ഥ്യമാകുകയാണു്. കാലത്തിന്റെ ഏതോ നല്ലകാലത്തു് കടൽ മാറി കരയായിത്തീർന്നതാണു് ഇന്നു നാം കാണുന്ന കടൽപ്പുറം (കരപ്പുറം) എന്ന ചേർത്തല താലൂക്കു്. പഞ്ചസാരമണലും വെള്ളക്കെട്ടുകളും കായൽപ്പരപ്പും ഇതിനു് ഒന്നാംതരം തെളിവാണു്. തുപ്പുണിത്തുറയും കടുത്തുരുത്തിയും (കടൽത്തുരുത്തു്) എല്ലാം ഒരുകാലത്തു കടൽത്തീരങ്ങളായിരുന്നു. ഇങ്ങനെ കടൽ പെറ്റ കരയിൽ ഏതാണ്ടു മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പള്ളിപ്പുറത്തു് പ്രസിദ്ധമായ നമ്പൂരി* ഇല്ലങ്ങളും വാണിഭ സ്ഥാനങ്ങളും സ്ഥിതിചെയ്തിരുന്നു. ഇന്നും പള്ളിപ്പുറത്തും തൈക്കാട്ടുശ്ശേരിയിലും സ്ഥിതിചെയ്യുന്ന പേരെടുത്ത ഹൈന്ദവക്ഷേത്രങ്ങളും ഈ യാഥാർത്ഥ്യത്തെയാണു് സൂചിപ്പിക്കുന്നതു്.

## മാർ തോമ്മാ സ്ലീവാ

പള്ളിപ്പുറം പള്ളിയിൽ പള്ളികൊള്ളുന്ന വിശുദ്ധനിധികളിൽ ഏറ്റവും പൂജ്യമായ ഒന്നാണു് മാർ തോമ്മാ സ്ലീവ (കുരിശു്). ഇതു പള്ളിപ്പുറത്തു് എത്തിച്ചേർന്ന

---

* ദ്രാവിഡപ്രമുഖർ എന്നു പറയുന്നവരുമുണ്ടു്

തിന്റെ പിന്നിൽ ദൈവപരിപാലനയുടെ ഒരു കഥത ന്നെയുണ്ട്. മാർ തോമ്മാശ്ലീഹാ ചായലിലും നിരണ ത്തും ശ്ലൈഹികവേല പൂർത്തിയാക്കി മുഹമ്മ വഴിയോ തണ്ണീർമുക്കം വഴിയോ വന്ന് കോക്കമംഗലം എന്ന നമ്പൂ തിരിമാരുടെ ഇല്ലങ്ങളുള്ള ഗ്രാമത്തിൽ എത്തിച്ചേർന്നു് അവിടെ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു. ശ്ലീഹാ യുടെ പ്രവർത്തനങ്ങളെ വിവരിക്കുന്ന, ശക്തമായ പാര മ്പര്യത്തിന്റെ അടിസ്ഥാനത്തിൽ വിരചിതമായ റമ്പാൻ പാട്ടിലെ കുറെ വരികളും ഇവിടെ ചേർക്കുന്നതു് ഉചിത മായിരിക്കും.

112 കല്പിച്ചുടനെ താൻ വാങ്ങി
വടമേക്കായ് നടകൊണ്ടു **ഗോക്കോ**
**മംഗല** ഗ്രാമേ താൻ ചെന്നു
പിഴയാതവിടേയുമൊരു വഷ്ത്തിനിട
അറിയിച്ചു താൻ മാശ്ത്തെ
ഒരായിരമൊടുന്നൂർ പേരെ

118 മാമ്മോദീസായും മുക്കി
അവിടുന്നുടനെ നടകൊണ്ടങ്ങനെ
കോട്ടക്കായൽ ചെന്നെത്തി

മുകളിൽ കുറിച്ച പാട്ടിൽ പറയുന്ന കോക്കാമംഗലം ഗ്രാമം നാം ഇന്നു കാണുന്ന 5 കിലോമീറ്റർ ചുറ്റളവുള്ള സ്ഥല മല്ലെന്നും ശ്ലീഹാ ആദ്യമായി വന്നിറങ്ങിയതു് കോക്ക മംഗലം ഗ്രാമത്തിലായിരുന്നെന്നും അവിടെ താൻ മാമ്മോ ദീസാ മുക്കിയ സവർണ്ണർക്കുവേണ്ടി ഒരു കുരിശു (പള്ളി) സ്ഥാപിച്ചുവെന്നും അവിടെനിന്നും കടപ്പുറത്തെ പ്രധാന സ്ഥലങ്ങളെല്ലാം ഒരു വർഷംകൊണ്ടു സന്ദർശിച്ചെന്നും വേദം പ്രസംഗിച്ചു പലരേയും ക്രിസ്തു മാർഗ്ഗത്തിലേയ്ക്കു സ്വീകരിച്ചെന്നും ആയിരത്തി അറുന്നൂറു പേർക്കു് മാമ്മോ

ദീസാ നല്ലിയെന്നുമാണല്ലോ മനസ്സിലാക്കേണ്ടത്. ഇങ്ങനെ നോക്കുമ്പോൾ അന്നു പ്രസിദ്ധിയാർജ്ജിച്ച ഒരു വാണിജ്യകേന്ദ്രവും സവർണ്ണ ഹിന്ദുക്കളുടെ കേന്ദ്രവുമായിരുന്ന പള്ളിപ്പുറത്തു തീർച്ചയായും ശ്രീഹാ വരികയും ചില കുടുംബങ്ങളെയെങ്കിലും സത്യമാർഗ്ഗത്തിലേയ്ക്കു നയിക്കുകയും ചെയ്തിരിക്കണം. കോക്കമംഗലത്തുനിന്നു 6 കിലോമീറ്റർ ജലമാർഗ്ഗമായും 8 കിലോമീറ്റർ മാത്രം കരമാർഗ്ഗമായും സഞ്ചരിച്ചാൽ പള്ളിപ്പുറത്തു വന്നെത്താവുന്നതുമാണ്. റമ്പാൻ പാട്ടിൽ പറയുന്നതുപോലെ കോട്ടക്കാവിലേയ്ക്കുള്ള ശ്രീഹായുടെ യാത്ര പള്ളിപ്പുറംവഴി ആയിരിക്കാനാണ് കൂടുതൽ സാദ്ധ്യതയും. അങ്ങനെ ശ്രീഹായുടെ കാലത്തുതന്നെ ഒരു ക്രിസ്ത്യാനിസമൂഹത്തിന്റേയും ആരാധനാലയത്തിന്റേയും ആവിർഭാവം ഉണ്ടായതായി നമുക്കു ന്യായമായും ഊഹിക്കാം.

കോക്കമംഗലത്തു തോമ്മാശ്രീഹാ സ്ഥാപിച്ച കുരിശിനു് അധികനാൾ അവിടെ സ്ഥിതിചെയ്യുവാൻ ഭാഗ്യമുണ്ടായില്ല. എണ്ണത്തിൽ ബഹുഭൂരിപക്ഷമായിരുന്ന മതം മാറാത്ത സവർണ്ണർ, മതം മാറിയവരെ നിരന്തരം പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. ഒരു രാത്രി ക്രിസ്ത്യാനികളുടെ എല്ലാമെല്ലാമായിരുന്ന കുരിശുപള്ളിതന്നെ സവർണ്ണർ പൊളിച്ചുകളയുകയും കുരിശു വലിച്ചുരി വേമ്പനാട്ടുകായലിന്റെ അഗാധതയിലേയ്ക്കു വലിച്ചെറിയുകയും ചെയ്തു. മൂന്നിഞ്ചു ഘനമുള്ള തേക്കുപലകയിൽ കൊത്തിവച്ച ഒന്നര അടിയോളം വലിപ്പമുള്ള ഈ കുരിശുപലക വേമ്പനാടന്റെ ജലപ്പരപ്പിൽ മുങ്ങിയും പൊങ്ങിയും കായലിലെ ഏറ്റവും ഇറക്കവും അനുസരിച്ചു സഞ്ചരിച്ചും പള്ളിപ്പുറം വൻകരയ്ക്കു കിഴക്കുള്ള മാട്ടേൽ തുരുത്തിൽ വന്നു് അടിഞ്ഞുചേർന്നു.

ഐരാണിക്കുളം എന്ന അപരനാമത്താലും അന്നു പള്ളിപ്പുറം അറിയപ്പെട്ടിരുന്നു. ഇവിടെ കച്ചവടം നടത്തിയും പശുക്കളെ വളർത്തിയും കഴിഞ്ഞുകൂടിയിരുന്ന പട്ടാര്യർ എന്നൊരു സമൂഹമുണ്ടായിരുന്നു. വേനൽക്കാലമായാൽ പള്ളിപ്പുറം കരയിൽ പച്ചപ്പുല്ലും കിട്ടുക വളരെ പ്രയാസമായിരുന്നു. എന്നാൽ അടുത്തുള്ള മാട്ടേൽ തുരുത്തിൽ ഈ സമയത്തു കുറുത്തു തഴച്ചുവളരുന്ന നല്ല കുറുകപ്പുല്ല് ധാരാളമുണ്ടായിരിക്കും. ഈ പുല്ലു ചെത്തിക്കൊണ്ടുവരുന്നതിനു് ഈ പട്ടാര്യർ പുലയസ്ത്രീകളെ ചെറുവള്ളത്തിൽ മാട്ടേൽ തുരുത്തിലേയ്ക്കു് അയയ്ക്കുമായിരുന്നു. മണിക്കുറുകംകൊണ്ടു വള്ളം നിറയെ പുല്ലുമായി അവർ മടങ്ങിവരുമായിരുന്നു. ഒരുദിവസം പുല്ലു ചെത്തുമ്പോൾ ഒരു പെണ്ണാളുടെ അരിവാൾ ഏതോ തടിക്കഷണത്തിൽ ഉടക്കി. അരിവാൾ വലിച്ചൂരി നോക്കിയപ്പോൾ ഈ തടിക്കഷണത്തിൽനിന്നും ചോര ചീറ്റി ഒഴുകുന്നു. ഭയവിഹ്വലരായ സ്ത്രീകൾ പുല്ലുചെത്തു മതിയാക്കി വൻകരയിലേയ്ക്കു ധൃതിയിൽ മടങ്ങി തങ്ങളുടെ യജമാനന്മാരുടെ അടുക്കൽ വന്നു കാര്യം ബോധിപ്പിച്ചു. ഈ അത്ഭുതപ്രതിഭാസം കാണുവാൻ പട്ടാര്യരും സമീപസ്ഥരും മാട്ടേൽ തുരുത്തിലേയ്ക്കു പ്രവഹിച്ചു. ആരോ ശത്രുക്കൾ ചെയ്യുവച്ച കൂടോത്രമാണെന്നു ധരിച്ചുവശായ അവർ ജ്യോത്സ്യന്മാരെ വരുത്തി പ്രശ്നം വെയ്പിച്ചു. പുതുതായി ആവിർഭവിച്ച ക്രിസ്ത്യീയസമൂഹത്തിന്റെ ആരാധനാവിഷയമായ ഒരു വസ്തുവാണെന്നും ക്രിസ്ത്യൻ സമൂഹത്തെ കണ്ടുപിടിച്ചു് ഇതു തിരിയെ ഏല്പിക്കണമെന്നും ജ്യോത്സ്യന്മാർ നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം കുരിശു സംരക്ഷണത്തിനു മുമ്പോട്ടുവന്ന കുടുംബമാണു് പാലിക്കുവോർ (പാലസ്സുൽ) കുടുംബം. കുറെനാൾ വീട്ടിൽ സൂക്ഷിച്ചതിനുശേഷം കായൽത്തീരത്തു മാന്യമായ ഒരു കുരിശുപുര തീർത്തു് കുരിശു് ഈ പുരയിലേയ്ക്കു് മാറ്റി. ഇന്നു പള്ളിപ്പുറം പള്ളി

യുടെ കിഴക്കു് കായൽത്തീരത്തുള്ള കപ്പേളയുടെ ഏതാണ്ടു് അല്പം തെക്കു മാറിയായിരുന്നു ഇതിന്റെ സ്ഥാനം എന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. കുറെ ഏറെനാൾ അവിടെ പൂജ്യമായി സൂക്ഷിച്ചശേഷം പള്ളി വലുതാക്കിപണുതു കഴിഞ്ഞപ്പോൾ ഇതു പള്ളിയിലേയ്ക്കു മാറ്റി. തെക്കെ അംത്താരയുടെ മുകളിൽ ഒരു കണ്ണാടിക്കൂട്ടിൽ ഇതു സ്ഥാപിച്ചിരുന്നു. ഈ കുരിശുമൂലം നിരവധി അത്ഭുതങ്ങളും അനുഗ്രഹങ്ങളും പലർക്കും ലഭിക്കുകയും ചെയ്തു. കുരിശുതന്നെ ചുരണ്ടിയും ഒടിച്ചും കൊണ്ടുപോകയും ചെയ്തതുകൊണ്ടാണു് ആളുകൾക്കു് എത്തുപെടാൻ സാധിക്കാത്ത തെക്കേ അംത്താരയുടെ മുകളിൽ കണ്ണാടിക്കൂട്ടിൽ സ്ഥാപിക്കാൻ ഇടയായതു്. ആണ്ടുതോറും ദുക്റാനത്തിരുനാളിന്റെ തലേദിവസം ഇതു പ്രദക്ഷിണമായി മാട്ടേൽ തുരുത്തിൽ സ്ഥാപിതമായ ദേവാലയത്തിലേയ്ക്കു കൊണ്ടുപോകുകയും പിറേറദിവസം ദുക്റാനത്തിരുനാൾദിവസം, ദിവ്യബലിക്കും മറു തിരുക്കർമ്മങ്ങൾക്കുംശേഷം – ജലഘോഷയാത്രയായി - അനേകം കളിവള്ളങ്ങളുടെ അകമ്പടിയോടെ - കരയിലുള്ള ദേവാലയത്തിലേയ്ക്കു കൊണ്ടുവരുകയും പൂർവ്വസ്ഥാനത്തു സ്ഥാപിക്കുകയുമായിരുന്നു പതിവു്. പെ. ബ. ജോസഫ് തെക്കിനേൻ അച്ചൻ വികാരിയായപ്പോൾ 1987 ജൂലൈ മാസം 2-ാം തീയതി, അംത്താരയുടെ മുകളിൽ ഏതാണ്ടു് അവഗണിക്കപ്പെട്ടിരുന്ന ഈ കുരിശു് അവിടെനിന്നും പുറത്തെടുക്കുകയും തെക്കേ അംത്താരയുടെ മുൻവശത്തു് 8 അടി പൊക്കത്തിൽ തീർത്ത സ്വർണ്ണാങ്കിതമായ വലിയ കുരിശിന്റെ പീഠത്തിൽ, ഒരു കണ്ണാടിക്കൂട്ടിൽ സ്ഥാപിക്കുകയും ചെയ്തു. അഭിവന്ദ്യ ചേനപ്പറമ്പിൽ പിതാവാണു് ഇതു പുനർപ്രതിഷ്ഠിച്ചതു്. ആളുകൾക്കു സൗകര്യമായി കാണുന്നതിനും തൊട്ടുമുത്തുന്നതിനും ഇതുമൂലം സാധിക്കുന്നതാണു്.

## പരി. കന്യകയുടെ അത്ഭുത ചിത്രം

പള്ളിപ്പുറം ദേവാലയത്തിൽ സ്ഥിതിചെയ്യുന്ന രണ്ടാമത്തെ നിധിയാണ് പരി. കന്യകയുടെ അത്ഭുതചിത്രം. പള്ളിയിൽ വരുന്ന പലരും പെട്ടെന്നു കണ്ടുപിടിക്കുകയില്ലെങ്കിലും പ്രധാന അൾത്താരയുടെ നടുവിലായി മുകൾഭാഗത്തു കാണുന്ന മാതാവിന്റെ ചിത്രമാണിത്. ഏതാണ്ടു നിത്യസഹായമാതാവിന്റെ പടത്തോടു സാധർമ്മ്യമുള്ള ഈ പടം പോർട്ടുഗലിൽനിന്നു കൊണ്ടുവന്നതാണ് എന്നു വിശ്വസിക്കപ്പെടുന്നു. ഇതിന്റെ പിന്നിലും വലിയ ഒരു ഐതിഹ്യം നിലവിലുണ്ട്. സുവിശേഷകനായ ചിത്രകാരനെന്നോ ചിത്രകാരനായ സുവിശേഷകനെന്നോ വിശേഷിപ്പിക്കപ്പെടുന്ന വി. ലൂക്കാശ്ലീഹാ വരച്ച മാതാവിന്റെ ചിത്രത്തിന്റെ തനിപ്പകർപ്പാണിതെന്നു പറയപ്പെടുന്നു. പോർട്ടുഗീസ് മിഷനറിമാർ ഭാരതത്തിലേയ്ക്കു യാത്രയായപ്പോൾ വരച്ചു പൂർത്തിയാക്കിയ 6 ചിത്രങ്ങളും വരയ്ക്കാൻ ഒരുക്കിവച്ചിരുന്ന ഒരു ചിത്രപ്പലകയും കൊണ്ടുപോന്നെന്നും കൊച്ചിയിൽ കപ്പലടുത്തപ്പോൾ വരയ്ക്കാത്ത ചിത്രപ്പലകയിൽ അത്ഭുതകരമായി മാതാവിന്റെ ചിത്രം പതിഞ്ഞെന്നും, എന്നാൽ മറ്റു ചിത്രങ്ങളിൽനിന്നു യാതൊരു വ്യത്യാസവും കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നും വിശ്വസിക്കപ്പെടുന്നു. പ്രസിദ്ധ ചിത്രകാരനായ രാജാ രവിവർമ്മ ഈ അത്ഭുതചിത്രം കാണുവാനായി ഒരിക്കൽ പള്ളിപ്പുറത്തു പള്ളിയിൽ എത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ ചിത്രംപോലെ ഇത്രകൂറുപാടൊത്തതും കാലത്തിന്റെ കടന്നാക്രമണംകൊണ്ടു മങ്ങലേല്ക്കാതെ നിലനില്ക്കുന്നതുമായ വർണ്ണചിത്രം വേറെയില്ലെന്നാണ്. ചിത്രത്തിന്റെ അപാര മേന്മയെ അദ്ദേഹം വാനോളം പുകഴ്ത്തുകയുണ്ടായി. ഇപ്രകാരം അനുഗൃഹീതമായ ഇങ്ങനെയൊരു ചിത്രം ഇവിടെയുണ്ടെന്നുള്ളതു

ബാഹ്യലോകത്തിനു് ഇന്നും അജ്ഞാതമാണു്. പള്ളിപ്പുറം ഇടവകയിൽത്തന്നെ എല്ലാവർക്കും ഇക്കാര്യമറിയാമോ എന്നു് ഈ എഴുത്തുകാരൻ ബലമായി സംശയിക്കുകയാണു്.

## റാഫേൽ ഫിഗരേദോ സൾഗാദോ

ബലിപീഠത്തിനു താഴെ മദ്ബഹായുടെ വലത്തുവശത്തായി മാർബിളും ശിലയിട്ടു മൂടിയ ഒരു ശവകുടീരമുണ്ടു്. ഒരു പോർട്ടുഗീസു് മെത്രാന്റെ ഭൗതികാവശിഷ്ടമാണു് ഇതിൽ അടക്കം ചെയ്തിരിക്കുന്നതു്. കേരളത്തിലെ പ്രഥമ ഏതദ്ദേശീയ മെത്രാനായിരുന്നല്ലൊ പറമ്പിൽ ചാണ്ടി മെത്രാൻ. (അലക്സാണ്ടർ ഡി-കാമ്പോ) ഇദ്ദേഹത്തിന്റെ സഹായിയും പിൻഗാമിയുമായി തെരഞ്ഞെടുക്കപ്പെട്ട ആളായിരുന്ന ഫിഗരേദൊ. ഇദ്ദേഹം തന്റെ മേലധികാരിയായ ചാണ്ടി മെത്രാനെ ധിക്കരിക്കുകയും, കൊച്ചിയിലെ വികാരി അപ്പസ്തോലിക്കയായിരുന്ന ഡോൺ തോമസു് ഡി കാസ്രോയിൽനിന്നും മെത്രാൻപട്ടം സ്വീകരിക്കുകയും മെത്രാനടുത്ത അധികാരങ്ങൾ നടപ്പാക്കാനാരംഭിക്കുകയും ചെയ്തു. മുൻപുള്ള മെത്രാനായ പറമ്പിൽ ചാണ്ടി മെത്രാനു് തന്റെ നാട്ടിൽപ്പെട്ട ആരെയെങ്കിലും സഹായമെത്രാനായി കിട്ടണമെന്നായിരുന്ന ആഗ്രഹം. പക്ഷെ, പാശ്ചാത്യ കമ്മലീത്തരാണു് ഫിഗരേദോയെ വാഴിക്കുവാൻ എല്ലാ ഒത്താശകളും ചരടുവലികളും നടത്തിയതു്. അവസാനം ഈ കമ്മലീത്തക്കെതിരായും ഫിഗരേദോ തന്റെ അധികാരങ്ങൾ പ്രയോഗിക്കുവാൻ തുടങ്ങി. ഒരു കമ്മലീത്ത വൈദികന്റെ ഭാഷയിൽ ''ഞങ്ങൾ തന്നെ പണിതുവച്ച ഒരു കൊച്ചു പിച്ചാത്തി, ഒടുക്കം ഞങ്ങളെത്തന്നെ ക്രൂരമായി കുത്തിക്കീറി. അങ്ങനെ, ഫിഗരേദോ മെത്രാനെ അനുകൂലിച്ചി

രുന്നവരൊക്കെ അദ്ദേഹത്തിന്റെ നടപടിപിശകുമൂലം അദ്ദേഹത്തിനെതിരായി.

അധികാര ദുർവിനിയോഗവും സ്വേച്ഛാധിപത്യവും ശക്തിപ്രാപിച്ചപ്പോഴും ഫിഗരേദൊ, മെത്രാനെ ധിക്കരിച്ചുകൊണ്ട് പള്ളികളിലേയ്ക്കു പുതിയ കല്പനകളും നിർദ്ദേശങ്ങളും അയയ്ക്കുവാൻ തുടങ്ങി. ചാണ്ടി മെത്രാന്റെ വികാരി ജനറാളായിരുന്ന ജോർജ്ജ്യോഹന്നാ എന്ന ഫ്രാൻസിസ്കൻ വൈദികനുപോലും മുടക്കു കല്പിച്ചു. ചിലരുടെ ഭാഷയിൽ ധനേച്ഛുവായ അദ്ദേഹം തന്റെ മുദ്രമോതിരവും കാസയും കുർബാനവീഞ്ഞും,വരെ വിറ്റു പണമുണ്ടാക്കി ആഡംബരത്തോടെ ജീവിച്ചു. 1687-ൽ ചാണ്ടി മെത്രാൻ ദിവംഗതനായപ്പോഴും ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കും കല്പനകൾക്കും യാതൊരു കടിഞ്ഞാണും വിവേകവും ഇല്ലാതായി.

അനേകംപേർ കേരളത്തിൽനിന്നും ഇദ്ദേഹത്തിനു് എതിരായി റോമിലേയ്ക്കു് റിപ്പോർട്ടു് അയച്ചിരുന്നു. ഉതപ്പിനടുത്ത ഇദ്ദേഹത്തിന്റെ പലേ പ്രവർത്തനങ്ങളും അതിൽ അക്കമിട്ടു പറഞ്ഞിരുന്നു. ഇതിന്റെ വെളിച്ചത്തിൽ നടത്തിയ രഹസ്യാന്വേഷണത്തിൽ സംഗതികൾ ശരിയാണെന്നു മനസ്സിലാക്കുകയും റോമിൽനിന്നും ഇദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. പക്ഷേ, അന്നത്തെക്കാലത്തു് റോമിൽ നിന്നുള്ള വളരെ ഗൗരവമായ ഈ കല്പനപോലും കേരളത്തിൽ എത്താൻ മാസങ്ങളും എടുത്തു. ഇക്കാലത്തു് ഇദ്ദേഹം പള്ളിപ്പുറം ഫൊറോന പള്ളിയുടെ വൈദികമന്ദിരത്തിലാണു് താമസിച്ചിരുന്നതു്. കല്പന കിട്ടുംമുമ്പേതന്നെ എന്നു ചിലരും, അല്ല, കിട്ടിയതിനു ശേഷമാണന്നു മറ്റു ചിലരും, അദ്ദേഹം ഏദ

യസ്സംനേം മൂലം നിര്യാതനായി എന്നു പറയുന്നു. മെ ത്രാനായിരുന്ന അദ്ദേഹത്തിന്റെ മൃതദേഹം പള്ളിപ്പുറം പള്ളിയുടെ മദ്ബഹായിൽ കബറടക്കി. സഭയുടെ ഒരു കരിപുരണ്ട ചരിത്രകാലത്തു ജീവിച്ചിരുന്ന ഇദ്ദേഹത്തി ന്റെ ജീവചരിത്രത്തെക്കുറിച്ചു് ഇനിയും ധാരാളം അറി യേണ്ടിയിരിക്കുന്നു. ചരിത്രപിതാക്കന്മാർക്കു് അന്വേഷണ ത്തിനും പഠനത്തിനും ഇതു വളരെ നല്ല ഒരു വിഷയമാണു്

## പുണ്യചരിതനായ പാലയ്ക്കൽ മല്പാൻ

കേരളസഭയ്ക്കു് വിശിഷ്യ, പള്ളിപ്പുറം ഇടവക യുടെ അഭിമാനപാത്രമായ പ്രസിദ്ധനായ പാലയ്ക്കൽ മല്പാന്റെ കബറിടമാണു് മദ്ബഹായുടെ ഇടത്തുഭാ ഗത്തു് (തെക്കുവശത്തു്) സ്ഥിതിചെയ്യുന്നതു്. പള്ളിപ്പുറം മണ്ണിൽ ജനിച്ചു വളർന്നു് ഒന്നര നൂറ്റാണ്ടു മുൻപു ജീവിച്ചു മരിച്ച ഈ മനീഷിയെ ഇനിയും ബാഹ്യലോകം വേണ്ട വിധത്തിൽ അറിഞ്ഞിട്ടില്ല. വാഴ്ത്തപ്പെട്ട ചാവറയ ച്ചന്റെ ഗുരുഭൂതനായ, ആദ്ധ്യാത്മിക നിയന്താവായ ഇദ്ദേ ഹം വിശുദ്ധിയിലേയ്ക്കു കുര്യാക്കോസച്ചനെ കൈപി ടിച്ചുയർത്താൻ കാര്യമായ പങ്കു വഹിച്ചിട്ടുണ്ടു്. അങ്ങനെ വിശുദ്ധന്റെ ഗുരുവായ പാലയ്ക്കലച്ചൻ 1842 ജനുവരി 16-ാം തീയതി മരിക്കുകയും പിറേറദിവസം കേരളസഭ മുഴുവന്റേയും സാന്നിദ്ധ്യത്തിൽ ഇന്നു കാണുന്ന സ്ഥല ത്തു് സംസ്കരിക്കപ്പെടുകയും ചെയ്തു. സി. എം. ഐ. സഭാ സ്ഥാപനത്തിന്റെ 150-ാം വാർഷികം ആചരിച്ച പ്പോഴാണു് സഭയുടെ സ്ഥാപകരിൽ പ്രധാനിയായ മല്പാന ച്ചനെ പ്രത്യേകം ഓർക്കുകയും സി. എം. ഐ. സഭയിലെ മിഷൻ പ്രവർത്തകളിലെ മെത്രാന്മാരെല്ലാവരും ഒരുമിച്ചു് അദ്ദേഹത്തിന്റെ കബറിടത്തിങ്കൽ സമൂഹബലി അർപ്പി ക്കുകയും, മാർബിൾശില സ്ഥാപിക്കുകയും ചെയ്തു.

പുണ്യശ്ലോകനായ ഈ ധന്യാത്മാവിനോട് അനുഗ്രഹം യാചിക്കുവാൻ ഇനിയും കാലങ്ങളം എടുത്തേക്കാം. പക്ഷേ, പള്ളിപ്പുറത്തിന്റെ നിധിയായ, സുകൃതമായ. പുഷ്പമായ ഈ ധന്യാത്മാവിനെ, തങ്ങളുടെ ദേവാലയത്തിൽത്തന്നെ സംസ്കരിക്കപ്പെടുവാൻ ഇടവരുത്തിയ ദൈവപരിപാലനയെ സ്തുതിക്കുന്ന ദിവസങ്ങളം തീർച്ചയായും ഉണ്ടാകും. അന്നെങ്കിലും അദ്ദേഹത്തിന്റെ ജീവിതസുകൃതങ്ങളെക്കുറിച്ച് ബാഹ്യലോകം കൂടുതൽ പഠിക്കുകയും അറിയുകയും ചെയ്യും. തീർച്ച. ഈ പുസ്തകംതന്നെ പുണ്യശ്ലോകനായ പാലയ്ക്കൽ മല്പാനച്ചനെക്കുറിച്ചാകയാൽ ഈ ചെറിയ വിവരണംകൊണ്ട് നിറുത്തുകയാണു്. ഇനി വരുന്ന പേജുകളിൽ കൂടുതൽ വിവരിക്കുന്നതാണു്.

## പ്രസിദ്ധമായ പള്ളിപ്പുറം സെമിനാരി

ഒരു നൂറ്റാണ്ടു കാലത്തോളം നിലനിന്ന ഒരു പ്രസിദ്ധമായ സെമിനാരി പള്ളിപ്പുറത്തുണ്ടായിരുന്നെന്നും, വാഴ്ത്തപ്പെട്ട ചാവറയച്ചനെപ്പോലെയുള്ള മഹാരഥന്മാർ ഈ സെമിനാരിയിലൂടെ പരിശീലിപ്പിക്കപ്പെട്ടവരാണെന്നും ഇന്നുള്ള പള്ളിപ്പുറത്തെ തലമുറയ്ക്കു മിക്കവക്കും അജ്ഞാതമായിരിക്കും. പള്ളിപൊളിച്ചു കളഞ്ഞപ്പോഴം ഇതിനേറ്റായ യാതൊന്നും ബാക്കിനിറുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചതുപോലെ ഒരു കല്ലുപോലും സെമിനാരിയുടേതായിട്ട് അവശേഷിക്കുന്നില്ല. പക്ഷേ ഒരു കാലത്തു കേരളസഭയ്ക്കുവേണ്ടി നിർണ്ണായകങ്ങളായ തീരുമാനങ്ങളും യുദ്ധതന്ത്രങ്ങളും കരുപ്പിടിപ്പിച്ച ഈ സെമിനാരി നഷ്ടമായതു് കേരളസഭാചരിത്രത്തിനുതന്നെ വലിയ ഒരു നഷ്ടമായിപ്പോയി. ഗവേഷണകുതുകികളായ ഭാവി സഭാചരിത്രകാരന്മാർ ഗവേഷണത്തിനുള്ള ഒരിടമായി

ഇതിനെ സ്വീകരിക്കുമെന്നു നമുക്കു പ്രത്യാശിക്കാം. (കൂടുതൽ വിവരങ്ങൾ മറ്റു അദ്ധ്യായങ്ങളിൽ വായിക്കുക.)

## വാഴ്ത്തപ്പെട്ട വികാരിയച്ചൻ

ചാവറയച്ചനെക്കുറിച്ചു് നന്നായി അറിയാവുന്നവർ പോലും മറന്നുപോകുന്ന ഒരു കാര്യമുണ്ടു്. അതായതു് രണ്ടിൽ കൂടുതൽ കൊല്ലം ചാവറയച്ചൻ തെക്കെ പള്ളിപ്പുറം പള്ളിയുടെ വികാരിയായിരുന്നിട്ടുണ്ടു് എന്ന കാര്യം. തങ്ങളുടെ വികാരിമാരിൽ ഒരാൾ അംഗത്താരയുടെ വണക്കത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കാര്യം എത്ര അഭിമാനത്തോടും അന്തസ്സോടുംകൂടി പള്ളിപ്പുറംകാർക്കു് ഓർക്കാനും പറയുവാനും കഴിയണം. പക്ഷെ ഇക്കാര്യം അറിയുന്നവർ പുതിയ തലമുറയിൽ വളരെ കുറയും. ഇന്നു് പള്ളിപ്പുറം ഫൊറോനാപ്പള്ളിയുടെ വികാരിയായിരിക്കുന്ന പെ. ബ. ജോസഫു് തെക്കിനേനച്ചൻ ഈ കുറവു പരിഹരിക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും പലതും ചെയ്തുകൊണ്ടിരിക്കുന്നു എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ തങ്ങളുടെ വികാരിയായ വിശുദ്ധനു നല്ലപ്പെടേണ്ട ഔന്നത്യത്തിലേയ്ക്കു് ആന്തരികമായ അഭിമാന വണക്കത്തിലേയ്ക്കു് പള്ളിപ്പുറം ഇടവകക്കാർ ഇനിയും ഉയരേണ്ടിയിരിക്കുന്നു. വികാരിയായിരുന്ന ചാവറയച്ചൻ 14 കൊല്ലം ഒരു ശമ്മാശ്ശനായും 2–ൽ പരം കൊല്ലം അവിടെ വികാരിയായും ജീവിച്ചു. 7 കൊല്ലം മാത്രം ജീവിച്ച കുനമ്മാവിലെ കിണറിനും വെള്ളത്തിനും മണ്ണിനും പുൽക്കൊടിക്കും ഒക്കെ അത്ഭുതങ്ങളുടെ കഥ പറയാനുണ്ടെങ്കിൽ പള്ളിപ്പുറത്തിനു് എത്ര അധികമായ കഥ പറയാനുണ്ടാകും. അദ്ദേഹം 16 കൊല്ലം ചവിട്ടിയ മണൽത്തരികൾ എത്ര ഭാഗ്യമുള്ളവ. അദ്ദേഹം ഉപയോഗിച്ച കിണറും കുളങ്ങളും പെരുമാറാസാധന

ങ്ങളും തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും എല്ലാമെല്ലാം എത്രയോ പൂജ്യമായവ. ഇവയെ ആദരിക്കുമ്പോഴാണ് നാം ധന്യരാകുക. മറക്കുമ്പോഴോ അവഗണിക്കുമ്പോഴോ അല്ല നാം മിടുക്കരാകുക. ഇന്നു ദൂരെയിരുന്നു പലരും തെക്കൻ പള്ളിപ്പുറത്തിനു കൈവന്നിരിക്കുന്ന ഭാഗ്യത്തെക്കുറിച്ച് പ്രശംസിച്ചു പറയുന്നുണ്ടാകും. മുപ്പത്തുകൊല്ലത്തോളം മാന്നാനത്തു ചാവറയച്ചൻ താമസിച്ചിട്ടുണ്ടെങ്കിലും ഒരുപക്ഷെ താമസിച്ചിട്ടുള്ള, മാന്നാനത്തു സന്നിഹിതനായിട്ടുള്ള, മണിക്കൂറുകൾ പള്ളിപ്പുറത്തേക്കാൾ കൂടുവായിരിക്കാനാണ് സാദ്ധ്യത. എന്തെന്നാൽ അത്രയ്ക്കു കർമ്മോത്സുകനായി, യാത്രയിലും ബാഹ്യകാര്യങ്ങളിലും അദ്ദേഹം വ്യാപൃതനായിരുന്നെന്നു ജീവചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

## II പള്ളിപ്പുറം ഇടവകപ്പള്ളി

കഴിഞ്ഞ അദ്ധ്യായത്തിൽ പുരാതനമായ പള്ളിപ്പുറം പള്ളിയിൽ പള്ളികൊള്ളുന്ന പൂജ്യമായ പുരാവസ്തുക്കളെക്കുറിച്ചും വിശുദ്ധ നിധികളെക്കുറിച്ചുമാണല്ലോ നാം വായിച്ചതു്. പാലയ്ക്കൽ മല്പാനച്ചന്റെ എല്ലാമെല്ലാമായ വീടതന്നെയായ പള്ളിപ്പുറം പള്ളിയെക്കുറിച്ച് അല്പം വിശദമായി ഇവിടെ പ്രതിപാദിക്കേണ്ടതു് യുക്തമായിരിക്കുമെന്നു തോന്നുന്നു.

തോമ്മാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയ എ. ഡി. 52 വരെ പള്ളിയുടെ പൗരാണികത്വം അവകാശപ്പെടുന്നതായി കാണുന്നു. ഇതു് അതിരുകടന്ന ഒരവകാശവാ

ദമാണെന്നു തോന്നുന്നില്ല. മുൻ അദ്ധ്യായത്തിൽ നാം കണ്ടതുപോലെ, എട്ടു കിലോമീറ്റർ അകലെയുള്ള കോക്കമംഗലത്തുവന്ന ശ്രീഹ പള്ളിപ്പുറം സന്ദർശിക്കാനും സ്വർണ്ണ ഹിന്ദുക്കുടുംബങ്ങളെ സത്യവേദം അറിയിക്കാനും ധാരാളം സാദ്ധ്യതയുണ്ട്. അതുപോലെ കോക്കമംഗലത്തുനിന്നും സത്യവേദം സ്വീകരിക്കാത്ത ഹിന്ദുക്കളുടെ പീഡനങ്ങളും സഹിക്കാൻ നിവൃത്തിയില്ലാതെവന്നപ്പോഴും അന്നു പ്രസിദ്ധമായ ഒരു കച്ചവടസ്ഥലമായ തെക്കൻപള്ളിപ്പുറത്തേയ്ക്കു ക്രിസ്തീയ കുടുംബങ്ങൾ കുടിയേറിപ്പാർത്തിരിക്കണം. ഇങ്ങനെ നോക്കുമ്പോൾ ഇന്നു കാണുന്ന പള്ളിപ്പുറംപള്ളിയുടെ ആരംഭം ഒരു ചെറിയ കുരിശുപള്ളിയിൽ തുടങ്ങിയതും എ. ഡി. 52-ൽതന്നെ അതു ആരംഭിച്ചതും ആയിരിക്കാനാണു സാദ്ധ്യത. 52 എ. ഡി. യിൽ ആരംഭിച്ച ഈ പള്ളി എത്രയോ പൊളിച്ചുപണികൾക്കും കൂട്ടിച്ചേർക്കലുകൾക്കും സ്ഥാനമാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ചുകാണുമെന്നു് ഏകദേശം ഊഹിക്കുകയായിരിക്കും ഭേദം. ഓരോ മൂന്നു നൂറ്റാണ്ടു് അല്ലെങ്കിൽ 2 നൂറ്റാണ്ടു കഴിയുമ്പോഴും പള്ളി പൊളിച്ചുപണിതിട്ടുണ്ടാകണം. ആരംഭത്തിലെ കുരിശുപുര കായൽത്തീരത്താകാനാണു കൂടുതൽ സാദ്ധ്യത കാണുന്നതു്. പിന്നീടു് ചന്തയും കടകളും പടിഞ്ഞാറേയ്ക്കുള്ള വഴിയുടെ അടുത്തേയ്ക്കു മാറിയപ്പോഴാകണം പള്ളിയും പടിഞ്ഞാറേയ്ക്കു നീങ്ങിയതു്.

പടിഞ്ഞാറൻ ദിക്കിലെ പ്രധാന ദേവാലയമായതിനാലും അടുത്തകരയിൽ ഒന്നും പള്ളി ഇല്ലാതിരുന്നതിനാലും തെക്കു ആലപ്പുഴ മുതൽ വടക്കു് അരൂക്കുറ്റി വരെയുള്ളവർ അവരുടെ ആത്മീയാവശ്യങ്ങൾക്കു് ഈ പള്ളിയെ ആശ്രയം ഗമിച്ചിരുന്നു. കിഴക്കു മുട്ടുചിറ കുട

ത്തുരുത്തി വരെയും ഇടവക വ്യാപിച്ചിരുന്നു. ചേത്തല മുട്ടംപള്ളിയുണ്ടായതിനെക്കുറിച്ച് പറഞ്ഞുകേട്ടിട്ടുള്ള ഐതിഹ്യം ഇവിടെ കുറിക്കട്ടെ. ചേത്തല മുട്ടത്തങ്ങാടിക്കാർ കൂട്ടംകൂടി ഞായറാഴ്ച കുർബ്ബാനയ്ക്കു വരികപതിവായിരുന്നു. ഒരു ഞായറാഴ്ച ഇവർ വന്നപ്പോഴും ചെങ്ങണ്ട കടത്തു കടക്കാൻ താമസിച്ചതുകൊണ്ടോ എന്തോ, കുർബ്ബാന ആരംഭിച്ചുകഴിഞ്ഞിരുന്നു. മുട്ടത്തുകാരോട് അല്പം വാശിയുണ്ടായിരുന്ന പള്ളിപ്പുറംകാർ മുട്ടംകാർ വന്നില്ലെന്നു മനസ്സിലാക്കുകയും താമസിച്ചുവരുമ്പോഴും കയറാതിരിക്കാൻ വാതിലുകൾ ബന്ധിക്കുകയും ചെയ്തത്രെ. മുട്ടംകാർ വന്നപ്പോഴും അടയ്ക്കപ്പെട്ട വാതിലുകൾ അവക്കായി തുറന്നില്ല. ഇതു് ഒരു അഭിമാനത്തിന്റെ പ്രശ്നമായി മുട്ടത്തുകാർ കണക്കാക്കി. തങ്ങളുടെ സ്ഥലത്തു പള്ളി പണിയാൻതന്നെ അവർ കൂടി തീരുമാനമെടുത്തു. രാത്രിയിൽവന്നു പള്ളിപ്പുറംകാർ അറിയാതെ പള്ളിയുടെ പുറത്തെ അളവുകൾ എടുക്കുകയും ഈ അളവു പള്ളിയുടെ അകത്തെ അളവാക്കി മുട്ടത്തു പള്ളി പണിയുകയും ചെയ്തെന്നും പള്ളിപ്പുറത്തെ മുൻപിലത്തെ പള്ളി മുട്ടത്തുപള്ളിയുടെ അകത്തു ഇരിക്കുമെന്നും പഴമക്കാർ പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ഏതായാലും മുട്ടത്തുപള്ളിക്കുതന്നെ 900 (തൊള്ളായിരം) കൊല്ലത്തെ പഴക്കമുണ്ട്. ഇന്നത്തെ പള്ളിയായിരിക്കയില്ല ആദ്യത്തെപള്ളി എന്നു തീച്ചയാണ്. മുട്ടത്തുപള്ളി പണിയാനുള്ള ഒരു കാരണമായിമാത്രം ഈ ഐതിഹ്യത്തെ കണക്കാക്കിയാൽ മതിയാകും.

ദൂരദേശങ്ങളിലുള്ളവർ ശനിയാഴ്ച രാത്രിതന്നെ പൊതിച്ചോറുംകെട്ടി ചൂട്ടും കത്തിച്ചു കുർബ്ബാനയിൽ സംബന്ധിക്കാനായി വരുമായിരുന്നത്രെ. ഏതായാലും പല പള്ളികളുടേയും തലപ്പള്ളിയായിരുന്നു പള്ളിപ്പുറംപള്ളി

എന്നതിനു രണ്ടു പക്ഷമില്ല. ക്രിസ്ത്യാനികൾ മറ്റു സ്ഥലങ്ങളിൽനിന്നു കുടിയേറുകയും ക്രിസ്തീയകുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തപ്പോൾ വലിയ പള്ളിയുടെ ആവശ്യം നേരിട്ടു. 1977-ൽ പൊളിച്ചുകളഞ്ഞ പള്ളിയുടെ ആവിർഭാവം ഇങ്ങനെയായിരുന്നു. ഇന്നു കാണുന്ന സിമിത്തേരിയുടെ സ്ഥാനത്തു ഒരു ചെറിയ പള്ളിയായിരുന്നു അതിനു മുൻപു് എന്നു പറയപ്പെടുന്നു. ഏതായാലും പൊളിച്ചുകളഞ്ഞ ചരിത്ര പ്രസിദ്ധമായ പള്ളി 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിർമ്മിച്ചതാകാനേ അതിന്റെ ശില്പകലാരൂപമനുസരിച്ചു നിർണ്ണയിക്കാനാവൂ.

കന്യകാമാതാവിന്റെ നാമത്തിലുള്ള ഈ ദേവാലയത്തിലെ പ്രധാന തിരുനാൾ ആഗസ്റ്റു് 15-ാം തീയതിയാണു്. അമ്മയുടെ സ്വർഗ്ഗാരോപണം-വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിനുമുമ്പു് ഏതു തിരുനാളായിരുന്നു പ്രധാന തിരുനാൾ എന്നു തിട്ടമില്ല. ഏതായാലും വേറെ നാമത്തിലുള്ള മാതാവിന്റെ തിരുനാളായിരിക്കാനാണു് സാധ്യത. വളരെയേറെ ആളുകൾ പല ദിക്കുകളിൽനിന്നു തിങ്ങിക്കൂടുന്നു. തിരുനാൾ ദിവസങ്ങളിൽ പള്ളിപ്പരിസരം മുഴുവൻ ഒരു കച്ചവട കേന്ദ്രമായി രൂപം പ്രാപിക്കും. ഏതു സാധനവും പള്ളിപ്പറത്തെ പെരുന്നാളിനു പോയാൽ വാങ്ങിക്കാമെന്നു ഇന്നും നാട്ടുകാർ പറയും. ഇങ്ങനെ തിരുനാൾ ദിവസങ്ങളിൽ ചന്തയായിത്തീരുന്നതു കൊണ്ടാണോ - അതോ മുൻകാലങ്ങളിൽ പള്ളിക്കുചുറ്റും ചന്തയായിരുന്നതിനാലാണോ – 'പള്ളിച്ചന്ത' എന്ന പേരു ഈ സ്ഥലത്തിനു കിട്ടിയതു് എന്നു തീർച്ചയില്ല. ഇന്നും തിരുനാളിന്റെ ഒരു പ്രധാന ആകർഷണവസ്തു കച്ചവടവും കച്ചവടക്കാരും തന്നെ. മറ്റു സ്ഥലങ്ങളിലേക്കാൾ തിരുനാൾസ്ഥലത്തു് പല സാമാന

ങ്ങൾക്കും വില കൂടുതലാണെങ്കിലും പള്ളിപ്പരിസരത്തു നിന്നും സാധനങ്ങൾ വാങ്ങിക്കുന്നവരാണു് ഇന്നും അധികവും. മരത്തിൽ പണിതീർത്ത നിരവധി ഉപകരണങ്ങൾ (furnitures) ഇന്നും വളരെ അധികമായി എത്തുന്ന ഒരു സ്ഥലമാണു് പള്ളിപ്പുറം. രണ്ടു മൂന്നു ആഴ്ചകളോളം ഇവ അവിടവിടെ വില്പനയുണ്ടാകും

ഇന്നു് പള്ളിപ്പുറത്തു കാണുന്ന പുതിയ ദേവാലയം 1980-ൽ പുതുക്കി പണിതീർത്തതാണു്. അതിനു മുൻപുള്ള ദേവാലയം 1977-ൽത്തന്നെ പൊളിച്ചു മാറ്റിയിരുന്നു. പുതിയ ദേവാലയം പണിയുന്നതിനായി അപേക്ഷിച്ചപ്പോൾ ദിവംഗതനായ പാറേക്കാട്ടിൽ കുട്ടിനാരാ തിരുമേനി അതിനു് ആദ്യം അനുവദിച്ചില്ല എന്നാണു് ആധികാരകമായി അറിയുന്നതു്. പള്ളിയുടെ പ്രാചീനത്വവും ശില്പകലാചാതുരിയും പ്രത്യേകിച്ചു വാഴ്ത്തപ്പെട്ട ചാവറയച്ചനും മറ്റും താമസിച്ചു് പഠിച്ചു സെമിനാരിയും പൊളിച്ചു കളയുന്നതു് വളരെയേറെ മൗഢ്യമായിരിക്കും എന്നു് ചരിത്രകുതുകിയും പുരാവസ്തുസംരക്ഷകനുമായ കുട്ടിനാരാ തിരുമേനിക്കു തോന്നി. പഴയ പള്ളിയുടെ മുൻവശത്തുള്ള മോണ്ടേളം പൊളിച്ചുമാറ്റി അവിടെ പുതിയ പള്ളി പണിയുവാനാണു് ആദ്യം നിർദ്ദേശിച്ചതു്. പക്ഷേ ജീർണ്ണിച്ച പഴയ പള്ളി നിലനിർത്തണമെങ്കിൽ അതിയായ പണച്ചിലവാണെന്നും മുൻവശത്തു പള്ളിക്കു സ്ഥലം മതിയാകുകയില്ലെന്നും പാരീഷ് കൗൺസിൽ പിതാവിനെ ധരിപ്പിച്ചുകൊണ്ടിരുന്നു. പാലയ്ക്കൽ മല്പാനച്ചന്റെ സെമിനാരിയും മുറിയും പൊളിച്ചുകളയരുതേ എന്നും അതിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തുകൊള്ളാമെന്നും സി. എം. ഐ. സഭയുടെ സുപ്പീരിയർ ജനറാളച്ചനും പള്ളിപ്പുറം വികാരിയെ അറി

യിച്ചിരുന്നതാണു്. എന്നാൽ അതിനൊന്നും അന്നത്തെ ഭാരവാഹികൾ മനസ്സുകാണിച്ചില്ല. അവസാനം കട്ടിനാ ളിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ചു് – കൊത്തുപണി കൊണ്ടു സമ്പന്നമായ അംത്താരയും പള്ളിയുടെ മുഖ വാരവും പഴയപടി നിലനിത്താമെന്ന വ്യവസ്ഥയിൽ പഴയപള്ളി പൊളിച്ചു് – ഇന്നു കാണുന്ന പുതിയ പള്ളി പണിതീർക്കുകയാണുണ്ടായതു്. സെമിനാരിയും മല്പാൻ മു റിയും സമൂലം പൊളിച്ചുകളഞ്ഞു. അതിരുന്ന സ്ഥലംത ന്നെ ഇന്നു പലക്കും നിശ്ചയമില്ലാതായിത്തീർന്നിരിക്കുന്നു.

പള്ളിപ്പുറം പള്ളിയോടനുബന്ധിച്ചുള്ള വിശാലമാ യ പള്ളിമേട 1900–നു ശേഷം നിർമ്മിച്ചതായിട്ടാണു് മനസ്സിലാകുന്നതു്. അതിനുമുൻപു് സങ്കീർത്തിയുടെ മുകൾ ത്തട്ടിലായിരുന്നു വൈദികരുടെ താമസം. വാഴ്ത്തപ്പെട്ട ചാവറയച്ചൻ പതിനാലോ പതിനാറോ കൊല്ലം താമ സിച്ചിരുന്ന മുറിയും അദ്ദേഹം പഠിച്ച സെമിനാരിയും പൊളിച്ചുകളഞ്ഞതിനുശേഷം പാരലൽ കോളേജു് നിർമ്മി ച്ചും മറ്റും ചാവറയച്ചന്റെ സ്മരണ നിലനിത്താനാ ണു് പുതിയ തലമുറ ഉത്സാഹം കാട്ടുന്നതു്. ഏതായാലും വിശുദ്ധമായ ആ പഴയ വൈദിക പരിശീലനകേന്ദ്ര ത്തിന്റെ സ്ഥാനത്തു് ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപ നം അദ്ദേഹത്തിന്റെ നാമം നിലനിത്തുവാൻ ഉണ്ടായി ത്തീരട്ടെ. പുണ്യചരിതനായ പാലയ്ക്കൽ മല്പാന്റേയും വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റേയും എല്ലാ സ്വർഗ്ഗീ യാനുഗ്രഹങ്ങളും ഈ പുതിയ സംരംഭത്തിനു് ഉണ്ടാകു മെന്നു നമുക്കു പ്രത്യാശിക്കാം. വാഴ്ത്തപ്പെട്ട ചാവറ യച്ചന്റെ തിരുനാളും ഈ ദേവാലയത്തിനു് അവകാശ പ്പെട്ടതുപോലെ ഏറ്റം മോടിയായി നടത്തുവാൻ സ്ഥല വാസികളും സന്തോഷത്തോടെ മുന്നോട്ടുവരുമെന്നും നമു ക്കു പ്രത്യാശിക്കാം.

# III പാലയ്ക്കൽ (പാലിക്കുവോർ) കുടുംബം

പുണ്യചരിതനായ പാലയ്ക്കൽ തോമ്മാമല്പാനച്ചനു ജന്മമരുളാൻ ഭാഗ്യം ലഭിച്ച പാലയ്ക്കൽ കുടുംബത്തിന്റെ ആവിർഭാവത്തെക്കുറിച്ച് ഇവിടെ അല്പം വിശദമായി പ്രതിപാദിക്കുന്നതു യുക്തമായിരിക്കുമല്ലോ. കേരളക്കരയിലെ കോക്കമംഗലം ഗ്രാമത്തിൽ 'ക്രിസ്തുദർശനം' നല്കാനെത്തിയ വി. തോമാശ്ലീഹാ തന്റെ പുതിയ മതത്തിലേയ്ക്ക് ആകഷ്ടിക്കപ്പെട്ട ആഢ്യരായ പല സവർണ്ണകുടുംബങ്ങളേയും മാനസാന്തരപ്പെടുത്തിയതായി നാം മുൻപു കണ്ടല്ലോ. വി. ശ്ലീഹാ 5 കിലോമീറ്റർ ചുറ്റളവുള്ള കോക്കമംഗലം ഗ്രാമത്തിൽ ഒതുങ്ങിനില്ക്കാതെ, കാൽനടയായോ വള്ളത്തിലോ അതിന്റെ സമീപപ്രദേശങ്ങളും തീർച്ചയായും സന്ദർശിച്ചുകാണണം. ഇങ്ങനെ നോക്കുമ്പോൾ, അന്നു കച്ചവടംകൊണ്ടും മറ്റും പ്രസിദ്ധമായിരുന്ന ഐരാണിക്കുളം ഗ്രാമത്തിലേയ്ക്കു ശ്ലീഹാ തന്റെ വിശ്വാസവെളിച്ചവുമായി കടന്നുവന്നിരിക്കണം. ഈ ഐരാണിക്കുളം (പള്ളിപ്പുറം) ഗ്രാമത്തിൽ ആദ്യമായി ക്രിസ്തുമാർഗ്ഗത്തിലേയ്ക്കു ആകഷ്ടിക്കപ്പെട്ട ആദ്യ കുടുംബമായിരുന്നു പാലയ്ക്കൽ കുടുംബം. പാലയ്ക്കൽ കുടുംബത്തിനു് ഇപ്രകാരമൊരു പേരു് കാലാന്തരത്തിൽ ജനങ്ങൾ കൊടുത്തതാണന്നു പറയപ്പെടുന്നു. അതു് എന്തായിരുന്നെന്നു് ഇന്നു് ആർക്കും ഒരു ഗ്രാഹ്യവും ഇല്ല.

പാലയ്ക്കൽ കുടുംബത്തിന്റെ ആവിർഭാവത്തെക്കുറിച്ചു് മൂന്നു വിധത്തിലുള്ള സാദ്ധ്യതകളാണു് ഈ എഴുത്തുകാരന്റെ പഠനത്തിൽനിന്നും മനസ്സിലാകുന്നതു്.

1. തോമ്മാശ്ശീഹാ പള്ളിപ്പുറത്തു വരികയും അവിടെ പ്രശസ്തമായ നിലയിൽ ജീവിച്ചിരുന്ന സവർണ്ണ കുടുംബത്തെ ക്രിസ്തുസത്യത്തിലേയ്ക്ക് ആനയിക്കുകയും ചെയ്തതു്.

2. കോക്കമംഗലം ഗ്രാമത്തിൽ ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്തവരെ മറ്റുള്ള സുവർണ്ണ ഹിന്ദുക്കൾ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തപ്പോൾ പ്രാണരക്ഷാർത്ഥം സകുടുംബം പള്ളിപ്പുറത്തേയ്ക്കു കുടിയേറിപ്പാർത്തു്.

3. മാട്ടേൽ തുരുത്തിൽ അടിഞ്ഞ കുരിശിനെക്കുറിച്ചു കേട്ടറിഞ്ഞു് അതു സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ കുടുംബസമേതം പള്ളിപ്പുറത്തേയ്ക്കു മാറിത്താമസിച്ചതു്.

ഈ മൂന്നു സാദ്ധ്യതകളിൽ ഏറ്റവും അവസാനത്തെ നിലപാടാണു ഈ ലേഖകനു സ്വീകാര്യമായി തോന്നുക.

## പാലിക്കുവോർ

കോക്കമംഗലത്തു് ശ്ശീഹാ സ്ഥാപിച്ചിരുന്ന കുരിശിനെ എതിരാളികൾ പിഴുതെടുത്തു് കായലിലെറിഞ്ഞെന്നും അതു വേലിയേറ്റത്തിലും ഇറക്കത്തിലുംപെട്ടു് മാട്ടേൽ തുരുത്തിൽ വന്ന കാര്യവും ഇതിനുമുമ്പു് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇപ്രകാരം കണ്ടെടുത്ത പൂജ്യകുരിശിനെ പാലിക്കുവാൻ സ്വയം പ്രതിജ്ഞയെടുത്തു് തൽക്ഷണത്തിൽത്തന്നെ ഒരു പ്രത്യേക മുറിയിൽ ദീർഘനാൾ പൂജ്യമായി പാലിച്ചു (സംരക്ഷിച്ചു) വന്നതിനാൽ നാട്ടുകാർ കൊടുത്ത പേരായിരുന്നു പാലിക്കുവോർ എന്നതു്. കാലാന്തരത്തിൽ ഉച്ചാരണസൗകര്യാർത്ഥം ഇതു ലോപിച്ചു – പാലിക്കുവോർ, പാലിക്കോർ, പാലയ്യൽ എന്നാ

യിത്തീന്നതാണെന്നും ധാരാളംപേർ ഇന്നും വിശ്വസിക്കുന്നുണ്ട്.

'പാലിക്കുവോർ' എന്ന ബഹുമാനസംജ്ഞ പള്ളിപ്പുറത്തുവച്ചു കിട്ടിയതല്ലെന്നും അതു കോക്കമംഗലത്തു ശ്രീഹാ നാട്ടിയ കുരിശിനെ പാലിച്ചുകൊണ്ടുവന്നതിനാൽ ആ നാട്ടുകാർ കൊടുത്ത ഓമനപ്പേരാണെന്നും പറയുന്നവരുണ്ട്. ഈ പാലിക്കുവോരെ ഭയപ്പെടുത്തി കുരിശ് കയ്യടക്കുകയും അതു തല്ലിത്തകർത്ത് കായലിൽ നിശയുടെ നിശ്ശബ്ദതയിൽ എറിയുകയും ചെയ്തതു് ദുഃഖാത്തനായി നോക്കിനില്ക്കാനേ അന്നത്തെ പാലിക്കുവോർ കാരണവക്കു് സാധിച്ചുള്ളു. കുരിശിനെക്കുറിച്ചു് ആകുലതയോടെ എന്നും അന്വേഷിച്ചിരുന്ന പാലിക്കുവോർ ചേട്ടൻ അതു് മാട്ടേൽ തുരുത്തിൽ കണ്ടെത്തിയ കാര്യമറിഞ്ഞു. അതിരറ്റ ആഹ്ലാദത്തോടെ അതിനെ വണങ്ങുവാനായി പള്ളിപ്പുറത്തേയ്ക്കു് ഓടിയെത്തുകയായിരുന്നു. അതു കണ്ടെത്തിയപ്പോഴും അതിന്റെ സംരക്ഷണച്ചുമതല സ്വയം ഏറ്റെടുക്കുകയും കോക്കമംഗലത്തു പോയി കുടുംബാംഗങ്ങളെയെല്ലാം കൂട്ടിക്കൊണ്ടുവന്നു് പള്ളിപ്പുറത്തു് സ്ഥിരതാമസമാക്കുകയുമാണു ചെയ്തതു്. ഇക്കാര്യത്തെക്കുറിച്ചു് ശ്രീ. വറുഗീസു് കാഞ്ഞിരത്തിങ്കലെഴുതിയ 'പാലസ്സൽ തോമ്മാ മല്പാൻ' എന്ന പുസ്തകത്തിൽ പറയുന്നതു് ഇവിടെ രേഖപ്പെടുത്തട്ടെ.

'അങ്ങനെയിരിക്കെ ഈ വിവരം എങ്ങനെയൊ കേട്ടറിഞ്ഞു് കോക്കോമംഗലത്തുകാരനായ ഒരു ക്രിസ്ത്യാനി പള്ളിപ്പുറത്തു വന്നു. മാട്ടേൽ തുരുത്തിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നതു് മാർ തോമാശ്ലീഹാ കോക്കമംഗലത്തു പ്രതിഷ്ഠിച്ചിരുന്ന കുരിശുതന്നെയാണെന്നു് അദ്ദേഹം തിരിച്ചറിഞ്ഞു. മതവിരോധികൾ പിഴുതു് കായലിലെറിഞ്ഞു

കളഞ്ഞ സ്ളീവാ നീരൊഴിക്കിൽപ്പെട്ട് മാട്ടേൽ തുരുത്തിൽ അടിഞ്ഞുകയറിയതായിരിക്കാമെന്നും അനുമാനിച്ചു.

തങ്ങളുടെ മതചിഹ്നവും വിശ്വാസത്തിന്റെ ദൃശ്യപ്രതീകവും തങ്ങളുടെ പൂജ്യപിതാവിന്റെ വിശുദ്ധ കരങ്ങൾകൊണ്ട് പ്രതിഷ്ഠാപിതവുമായ ഈ സംപൂജ്യവസ്തു തന്റെ ചുമതലയിലും മേൽനോട്ടത്തിലുംഅർഹിക്കുന്ന ആചാരോപചാരവിധികളോടെ യഥായോഗ്യം പാലിച്ചുകൊള്ളാമെന്ന് ആ ഭക്തക്രൈസ്തവൻ സ്വമനസ്സാ ഉടമ്പടി ചെയ്തു. അതനുസരിച്ച് അദ്ദേഹം സകുടുംബം പള്ളിപ്പുറത്തേയ്ക്കു താമസവും മാറ്റി. നാടിനും നാട്ടാർക്കും ശ്രേയസ്സു വരുത്തുന്ന കുരിശിനെ യഥോചിതം പാലിക്കുവാൻ സന്നദ്ധനായി മുന്നോട്ടുവന്ന സഹൃദയനെ നാട്ടുകാർ ആദരപൂർവ്വം 'പാലിക്കുവോർ' എന്നു വിളിക്കാനും തുടങ്ങി. പാലിക്കുവോരെ പി�ൻതുടർന്ന് കോക്കമംഗലം ക്രൈസ്തവ സമൂഹത്തിലെ മറ്റു ചില ഇല്ലക്കാരും പള്ളിപ്പുറത്തേയ്ക്ക് കുടിയേറി. ഇവരിൽ കായൽത്തീരത്തോടടുത്തു കുടിപാർത്തവരാകാം കല്ലറയ്ക്കൽ കടവിൽ എന്ന പേരിൽ അറിയപ്പെടുന്ന പുരാതന ക്രൈസ്തവ കുടുംബക്കാർ.

''ഏതാനും നാളത്തേയ്ക്ക് പാലിക്കുവോരുടെ ഭവനത്തിൽത്തന്നെ സംപൂജ്യമായി വണങ്ങപ്പെട്ടുപോന്ന സ്ളീവാ ഒരു പൊതുവേദിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതാണ് അതിന്റെ പവിത്രതയ്ക്കും ആരാധനാസൗകര്യത്തിനും, അനുഗ്രഹമായിരിക്കുകയെന്നു പൊതുവെ അഭിപ്രായമുണ്ടായി. അതിൻപ്രകാരം പാലിക്കുവോർ മുൻകൈയെടുത്ത്, ഇതര ക്രൈസ്തവ കുടുംബങ്ങളുടെ സഹകരണത്തോടും ഹൈന്ദവ പ്രഭുക്കളുടെ പ്രോത്സാഹനത്തോടുംകൂടി, പൊതുവായ ഒരു ആരാധനാലയം നിർമ്മിച്ച്, സ്ളീവാ ആഘോഷപൂർവ്വം അങ്ങോട്ട മാറ്റി പ്രതിഷ്ഠിച്ചു.

പിൽക്കാലത്തു പള്ളിപ്പുറം പള്ളി പണികഴിക്കപ്പെട്ടന്നതു വരെ ഈ അത്ഭുത സ്ളീവ ആദ്യത്തെ താത്ക്കാലിക ദേവാലയത്തിൽത്തന്നെ സൂക്ഷിക്കപ്പെട്ടിരുന്നു എന്നാണു് അഭിപ്രായം.''

സ്ളീവാ ദേവാലയത്തിലേയ്ക്കു മാറ്റി സംപൂജ്യമായി പ്രതിഷ്ഠിക്കപ്പെട്ടതോടെ, പാലിക്കവോർ ഏറ്റെടുത്തിരുന്ന സംരക്ഷണദൗത്യം വിജയസമാപ്തിയിലെത്തിയെങ്കിലും ആ കുടുംബക്കാരോടുള്ള ആദരസൂചകമായി നാട്ടുകാർ ആ പേരിൽത്തന്നെ അവരെ വിളിച്ചുപോന്നു. പാലിക്കവോർ എന്ന സംജ്ഞ ഗ്രാമീണമായ നിത്യോപയോഗശൈലിയിൽ കാലക്രമത്തിൽ ലോപിച്ചു് പാലിക്കോർ – പാലിക്കൻ – പാലയ്ക്കൽ എന്നിങ്ങനെ രൂപാന്തരം പ്രാപിച്ചു്. പാലയ്ക്കൽ എന്ന മൂലകുടുംബനാമം ഉരുത്തിരിഞ്ഞുവെന്നാണു് ഒരു പുരാവൃത്തം. (Page 12-13)

ഇപ്രകാരം പള്ളിപ്പുറത്തു് കുടിയേറി, സംപൂജ്യമായ കുരിശിനെ സംരക്ഷിച്ചുവന്ന ഈ ആദ്യ ക്രിസ്തീയ കുടുംബം കാലക്രമത്തിൽ വികാസം പ്രാപിക്കുകയും നിരവധി പ്രശസ്ത കുടുംബ തായ്വഴികൾക്കു രൂപം കൊടുക്കുകയുമുണ്ടായി. പള്ളിപ്പുറത്തുതന്നെയുള്ള മംഗലത്തു്, പനയ്ക്കൽ, ശ്രാമ്പിക്കൽ, കൂട്ടുങ്കൽ, തുമ്പയിൽ എന്നീ കുടുംബക്കാർ ഇപ്രകാരം മാറിത്താമസിച്ചു് സ്ഥലനാമം സ്വീകരിച്ചവരാണു്. പൂർവ്വകുടുംബം – ഇവർ കായൽത്തീരത്തു വഴിയുടെ വടക്കു മാറി താമസമാക്കിയിരുന്നു. 18-ാം നൂറ്റാണ്ടുവരെ ഈ കുടുംബചരിത്രം കൃത്യമായി പറഞ്ഞുകൊണ്ടുപോകുക അസാദ്ധ്യവും അരോചകവുമായിരിക്കുമല്ലോ. അതിനാൽ 18-ാം നൂറ്റാണ്ടുമുതൽ നമുക്കു ഈ മൂലകുടുംബത്തിന്റെ ചരിത്രത്തിലേയ്ക്കു വരാം. വി. കുരിശിനെ സൂക്ഷിക്കുന്ന, പൂജിക്കുന്ന ദിവ്യമായ പ്രവൃത്തി

ചെയ്തിരുന്നതിന്റെ പേരിലോ അതിന്റെ ഒരു പ്രത്യേക അനുഗ്രഹമായിട്ടോ ഈ കുടുംബത്തിൽ എന്നും ധാരാളം വൈദികരുണ്ടാകുവാൻ ദൈവം തിരുമനസ്സായി.

18-ാം നൂറ്റാണ്ടിലെ പൂർവ്വകുടുംബത്തിലെ കാരണവരായിരുന്നതു് വർക്കി എന്ന മഹാനായിരുന്നു. കാലാന്തരത്തിൽ കുടുംബത്തിനു ശാശ്വതമായ പെരുമ നല്കിയ, കേരള കത്തോലിക്കാസഭയുടെ അഭിമാനപാത്രമായ, പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ പിതാവാകുവാനുള്ള ഭാഗ്യം ഈ വർക്കിക്കാണു് ലഭിച്ചതു്. ഈ വക്കിയുടെ ഭാര്യ ചമ്പക്കുളത്തുള്ള പുത്തൻപുരയ്ക്കൽ എന്ന പ്രശസ്ത തറവാട്ടിലെ മറിയം എന്ന സ്ത്രീ ആയിരുന്നു. പാലയൂർനിന്നു കുറവിലങ്ങാട്ടു കുടിയേറുകയും പിന്നീടു് അവിടെനിന്നും കുട്ടനാട്ടിലേയ്ക്കു മാറുകയും ചെയ്ത പ്രശസ്ത കുടുംബങ്ങളായ കാളാശ്ശേരി, മുക്കാട്ടു്, മീനപ്പള്ളി, മാമ്പ്ര, വള്ളവന്തറ, ചാവറ മുതലായ കുടുംബങ്ങളുടെ തായ്വഴിയിൽ പെട്ടതായിരുന്നു. ഇപ്രകാരം രണ്ടു പൂർവ്വിക കുടുംബങ്ങളുടെ സമാഗമമായിരുന്നു ഈ വിവാഹം.

തോമ്മാശ്ലീഹായുടെ പ്രത്യേകാനുഗ്രഹത്താൽ പാലയ്ക്കൽ കുടുംബത്തിൽനിന്നും ഒരിക്കലും വൈദികർ ഉണ്ടാകാത്ത സ്ഥിതി വന്നിരുന്നില്ല. വക്കിയുടെ അനുജൻ മാത്തുവും അമ്മാവൻ ഗീവർഗീസും വൈദികരായിരുന്നു. തോമ്മാശ്ലീഹായുടെ കാലംമുതൽ 136 വൈദികർ കഥാനായകനു മുമ്പു് ഈ കുടുംബപരമ്പരയിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അങ്ങനെ വൈദികരുടേയും വൈദികചൈതന്യത്തിന്റേയും ഈറ്റില്ലമായ പാലയ്ക്കലെ വക്കി കാരണവരും വൈദികഭക്തിയിലും ദൈവസേവനത്തിലും ഉത്കൃഷ്ടനായിരുന്നു. എപ്പോഴായാലും കൈക്കാരന്റെ ജോലി തന്റെ തോളിൽ ഏല്പിക്കുക അന്ന

ത്തെ വികാരിമാരുടെ ഒരു സന്തോഷമായിരുന്നു. വക്കീ ച്ചേട്ടൻ കൈക്കാരനായാൽ കാര്യങ്ങളും ഭംഗിയായി നട ക്കും എന്നായിരുന്നു അവരുടെ അഭിപ്രായം. ഒന്നുകിൽ പള്ളിയിൽ, അല്ലെങ്കിൽ പള്ളിപ്പറമ്പിൽ വക്കീച്ചേട്ടനെ കാണാം. രാത്രി 10 മണിക്കു വീട്ടിൽ പോകുന്നതുവരെ ഇതു തുടരും.

ദൈവത്തോടുള്ള അടുപ്പംകൊണ്ടോ എന്തോ വലിയ ധർമ്മിഷ്ഠനമായിരുന്നു വക്കീച്ചേട്ടൻ. വീട്ടിലെ ഭക്ഷണ ത്തിനു വച്ചിരിക്കുന്ന പൈസയും അരിയും സാധുക്കൾക്കു കൊടുക്കുവാനും ഭാര്യയെക്കൊണ്ടു കൊടുപ്പിക്കുവാനും വക്കീച്ചേട്ടനു യാതൊരു മടിയുമില്ലായിരുന്നു. ഇങ്ങനെ യുള്ള ഈ മാതൃകാദമ്പതികൾക്കു രണ്ടു് ആൺകുഞ്ഞുങ്ങ ളേയും രണ്ടു പെൺകുഞ്ഞുങ്ങളേയും ദൈവം കൊടുത്തു. മൂത്തവൻ ജോസഫും രണ്ടാമൻ തോമ്മായും. 1780-ലാ ണു തോമ്മാക്കുട്ടിയുടെ ജനനം. പണസംബന്ധമായ കുറെ ബുദ്ധിമുട്ടു് ഉണ്ടായിരുന്നെങ്കിലും സന്തോഷത്തോടെ കഴി ഞ്ഞുവന്ന ആ കുടുംബത്തിൽ ദൈവപരിപാലനയുടെ വലിയ ഒരു അശനിപാതം ഒരിക്കൽ സംഭവിച്ചു. നാട്ടിൽ എങ്ങും പടർന്നുപിടിച്ച മസൂരിരോഗം തോമ്മാക്കുട്ടിയുടെ പിതാവിനേയും ഗ്രസിച്ചിരുന്നു. നാട്ടുനടപ്പനുസരിച്ചുള്ള ചികിത്സ ചെയ്തെങ്കിലും രോഗത്തിൽനിന്നും മുക്തിനേടു വാൻ സാധിച്ചില്ല. കഥാനായകനു പത്തു വയസ്സായി രിക്കയിൽ 1790-ൽ പിതാവു ദിവംഗതനായി. ചിറ കറ്റ പക്ഷിയെപ്പോലെ, പറക്കമുറ്റാത്ത നാലു പിഞ്ചു കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുപോകുവാൻ വിധവയായ മറിയാമ്മ വളരെയേറെ ക്ലേശിച്ചു. നാട്ടിൽ മുഴുവൻ ഈ മാരകമായ രോഗം വരുത്തിവച്ച വിനമൂലം പട്ടിണിയും പരിവട്ടവുമായിരുന്നു. എങ്കിലും പണസംബന്ധമായും മറ്റുമുള്ള ബുദ്ധിമുട്ടു് നാട്ടുകാരെ അറിയിക്കാതിരിക്കാൻ

ആ മഹിളാമണി നന്നേ പാടുപെട്ടു. ഈ പ്രതിസന്ധി യിൽ സഹായിക്കുവാൻ മറിയാമ്മയുടെ ആങ്ങളമാരും കൈനകരിയിൽ കാളാശ്ശേരിയിൽ കെട്ടിച്ചയച്ച അനുജ ത്തിയും മുമ്പോട്ടുവന്നു. ആങ്ങളമാർ അൺകുട്ടികളെ ചമ്പ ക്കുളത്തേയ്ക്കു കൊണ്ടുപോകുവാൻ നിർബ്ബന്ധം കാണിച്ചു. അനുസരിച്ചുമാത്രം പഠിച്ചിട്ടുള്ള ആ സാധ്വി, കുഞ്ഞുങ്ങ ളെ ആങ്ങളമാരുടെകൂടെ അയച്ചു. അവിടെ അവർ എഴ ത്താശാന്മാരുടെ പക്കൽനിന്നും തമിഴും മലയാളവും തെ ക്കൻ മലയാളവുമെല്ലാം പഠിച്ചു. തോമ്മാക്കുഞ്ഞായിരു ന്നു പഠനത്തിൽ ഒന്നാമൻ. അങ്ങനെ മൂന്നുകൊല്ലത്തോളം ചമ്പക്കുളത്തു താമസിച്ചു. ഒരിക്കൽ ദുക്റാനത്തിരുനാ ളിനു് ഒരു വള്ളംകളി നടത്തി. ജോസഫും തോമ്മായും 'പള്ളിപ്പുറം' എന്ന കൊച്ചുവഞ്ചിയും അമ്മാവന്റെ സമ പ്രായക്കാരായ മറ്റു രണ്ടു് ആൺമക്കൾ 'കുട്ടനാട്' എന്ന ചെറുവഞ്ചിയും മത്സരിച്ചു തുഴഞ്ഞു. പക്ഷെ, തോമ്മാക്കു ട്ടിയുടേയും മറ്റും 'പള്ളിപ്പുറ'മാണു വിജയിച്ചതു്. കര യിൽ കൂടിനിന്ന നാട്ടുകാർ തോമ്മാക്കുഞ്ഞിനേയും ഔസേ പ്പിനേയും അനുമോദനങ്ങൾകൊണ്ടു പൊതിഞ്ഞു. മറ്റു കുട്ടികൾക്കു് ഇതു വളരെ വേദനയുണ്ടാക്കി. സംസാരമ ദ്ധ്യേ അവർ തമാശയായി, നിങ്ങടെ വീരനുണ്ണി വന്നവരല്ലേ എന്ന രീതിയിൽ സംസാരിച്ചു. ഇതു തോമ്മാക്കുട്ടിക്കും ഔസേപ്പിനും ഇഷ്ടമായില്ല. അമ്മാവൻ വളരെയേറെ നിർബന്ധിച്ചെങ്കിലും പിറേറദിവസം അവർ നാട്ടിലേ യ്ക്കു് – അമ്മയുടെ അടുത്തേയ്ക്കു് – മടങ്ങിപ്പോന്നു.

വീട്ടിൽ മടങ്ങിയെത്തിയ കുട്ടികളെ അമ്മ പലതും പറഞ്ഞു് ആശ്വസിപ്പിച്ചു. അക്കൂട്ടത്തിൽ ഒരു ചെറിയ ഉപദേശവും. ''ആരുടേയും ഹൃദയത്തിനു നൊമ്പരം തട്ടു ന്നതു സംസാരിക്കരുതു്. എല്ലാവരോടും സ്നേഹമായും മ ധുരമായും പെരുമാറണം. നമ്മുടെ ദുഃഖങ്ങളെ ഈശോ

കാണുന്നുണ്ട്. ഈശോ അറിയാതെ ദുഃഖമൊന്നും വരികയില്ല. നമുക്ക് ഈശോയിലും ദൈവത്തിലും ആശ്രയിക്കാം'' ഇപ്രകാരമുള്ള അമ്മയുടെ ഉപദേശങ്ങൾ കുട്ടികളുടെ ഹൃദയത്തിൽ വലുതായ ധൈര്യവും ആശ്വാസവും പകർന്നു. മൂത്തയാൾ ഔസേപ്പ്, കുടുംബകാര്യാദികളിലും കൃഷികാര്യാദികളിലും ശ്രദ്ധിക്കുവാൻ തുടങ്ങി. ഇളയവനായ തോമ്മാക്കുട്ടി, പുസ്തകങ്ങൾ വായിക്കുന്നതിനും തന്റെ അറിവു വർദ്ധിപ്പിക്കുന്നതിനും ഔൽസുക്യം കാണിച്ചു.

## IV വടക്കുനിന്നും വന്ന സെമിനാരി

1790-ാം കാലത്തായിരുന്ന ടിപ്പുസുൽത്താന്റെ പടയോട്ടം - കേരളത്തിലെ പല പള്ളികളേയും സ്ഥാപനങ്ങളേയും ടിപ്പുവിന്റെ പടയാളികൾ നിലംപരിശാക്കി. വടക്കൻ കൂത്തിയതോട്ടിൽ കേരള ക്രൈസ്തവരുടെ അഭിമാനപാത്രമായ തച്ചിൽ മാത്തൂത്തരകന്റെ അനുജൻ അബ്രാഹം മല്പാൻ ഒരു മല്പാൻ ഭവനം (സെമിനാരി) പ്രശസ്തമായ രീതിയിൽ നടത്തി വന്നിരുന്നു. കേരളത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമെ ഇപ്രകാരമുള്ള മല്പാൻ ഭവനങ്ങൾ ഉണ്ടായിരുന്നുള്ളു. എന്നാൽ അബ്രാഹം മല്പാന്റെ സെമിനാരി അന്നത്തെ ഏറ്റം പ്രസിദ്ധമായ സെമിനാരിയായിരുന്നു. ഇദ്ദേഹത്തിനുമാത്രമെ പോർട്ടുഗീസ് ഗവണ്മെൻറിൽനിന്നും മലങ്കര മല്പാൻ എന്ന സ്ഥാനമാനവും സ്ഥാനമോതിരവും ശമ്പളവും കിട്ടിയിരുന്നുള്ളൂ.

ടിപ്പുവിന്റെ വരവിനെക്കുറിച്ചും വരുത്തിവയ്ക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ചും മുൻകൂട്ടിയറിഞ്ഞ അബ്രാഹം

മല്പാൻ തന്റെ ശിഷ്യഗണങ്ങളേയുംകൂട്ടി രഹസ്യത്തിൽ തെക്കുഭാഗത്തു് അന്നു പ്രസിദ്ധമായ പള്ളിപ്പുറം പള്ളിയിലേയ്ക്കു പോന്നു. മെത്രാനച്ചന്റെ അറിവോടും അനുവാദത്തോടുംകൂടി പള്ളിപ്പുറം പള്ളിയുടെ വടക്കെ വശത്തെ മുറിത്തട്ടിൽ തന്റെ സെമിനാരി ആരംഭിച്ചു. പള്ളിപ്പുറത്തെ പ്രശസ്തമായ സെമിനാരിയുടെ തുടക്കമായിരുന്നു ഇതു്.

സെമിനാരി തുടങ്ങി അധികംനാൾ കഴിയുംമുമ്പെ സുമുഖനും സുന്ദരനുമായ ഒരു 14 കാരൻ ബാലൻ അബ്രാഹം മല്പാന്റെ ശ്രദ്ധയിൽപ്പെട്ടു. കർബ്ബാനയ്ക്കു സഹായിക്കും, ചൂണയായിട്ടു സംസാരിക്കും, കൂട്ടുകാരുടെയിടയിൽ പ്രമാണിത്വം നടിക്കും. പള്ളിയുടെ അടുത്ത വീടായ പാലയ്ക്കലെ ബാലനാണു തോമ്മാകുട്ടിയെന്നു് അബ്രാഹം മല്പാനു മനസ്സിലായി. ഒരു നല്ല വൈദികന്റെ എല്ലാ ലക്ഷണവും ബാലനിൽ അബ്രാഹം മല്പാൻ ദർശിച്ചു. ഒരു ദിവസം മറിയാമ്മ പള്ളിയിൽ വന്നപ്പോൾ മല്പാൻ ആളയച്ചു ആ സ്ത്രീരത്നത്തെ വിളിപ്പിച്ചു. തോമ്മാക്കുട്ടിയെ വൈദിക പഠനത്തിനായി തന്റെ സെമിനാരിയിൽ ചേർക്കണമെന്നു് ആ മഹതിയോടാവശ്യപ്പെട്ടു. തന്റെ ഒരു മകൻ വൈദികനായിക്കാണുവാൻ ആ നല്ല അമ്മയ്ക്കു് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഇളയ മകനെ പിരിയാൻ മനസ്സിൽ ഒരു വൈമുഖ്യം സ്വാഭാവികമായുണ്ടായിരുന്നു. തന്റെ ആങ്ങളമാരോടു് ആലോചിച്ചശേഷം അറിയിക്കാമെന്നു് മറുപടിയും കൊടുത്തു് അബ്രാഹം മല്പാനോടു് യാത്രപറഞ്ഞു. താമസിയാതെതന്നെ ചമ്പക്കുളത്തു പോയി ആങ്ങളമാരോടു് ഇക്കാര്യം ആലോചിക്കുകയും അനുകൂലമായ അനുവാദം വാങ്ങിക്കുകയും ചെയ്തു. തോമ്മാക്കുട്ടിയാകട്ടെ, മലയ്പാൻ ഭവനം അവിടെ വന്നതു മുതൽ മനസ്സിൽ ഈ കാര്യം ആഗ്രഹിച്ചുകൊണ്ടിരിക്കുകയായി

രുന്നു. അങ്ങനെ എല്ലാവരുടേയും അനുവാദത്തോടും അനുഗ്രഹത്തോടുംകൂടി തോമ്മാക്കുട്ടി 1794 - ൽ വൈദിക പഠനത്തിനായി അബ്രാഹം മല്പാന്റെകൂടെ ചേന്നു. ചേരുന്നതിനു മുൻപുതന്നെ ഒരു വ്യവസ്ഥ സ്നേഹമയിയായ ആ മാതാവു് മല്പാനച്ചനോടു് ആവശ്യപ്പെട്ടിരുന്നു. വീടു് അടുത്തായതിനാൽ എല്ലാ നേരവും രാത്രിയിലൊഴികെ, വീട്ടിൽ വന്നു ഭക്ഷണം കഴിക്കുവാൻ അനുവദിക്കണം. മകനു ഭക്ഷണം വിളമ്പിക്കൊടുത്തു് അങ്ങനെയെങ്കിലും ആ മാതൃഹൃദയം കുളിർക്കുവാൻ ആ മഹതി ആഗ്രഹിച്ചു.

പഠനകാര്യങ്ങളിൽ ഒന്നാമനായിരുന്നു തോമസു്. ഒരുകാര്യം ഒരിക്കൽ പറഞ്ഞുകൊടുത്താൽ രണ്ടാമതൊരിക്കൽ പറയേണ്ട ആവശ്യമില്ലായിരുന്നു. തമിഴിലുള്ള തിയോളജി ഗ്രന്ഥങ്ങളും വേദഗ്രന്ഥവ്യാഖ്യാനങ്ങളും അതിവേഗം പഠിച്ചുതീർത്തു. സുറിയാനിയിൽ സംസാരിക്കാനും സങ്കീർത്തനങ്ങൾക്കു വ്യാഖ്യാനം കൊടുക്കുവാനും തോമസിനു് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. ബൈബിളിലെ വിഷയങ്ങളെക്കുറിച്ചു് പള്ളിയിൽ ആദ്യമായി ശ്രമാശ്രുന്മാരെക്കൊണ്ടു പ്രസംഗിക്കുവാനും അങ്ങനെ പ്രസംഗപരിശീലനം നേടുവാനും തോമസിനു് അബ്രാഹം മല്പാൻ അവസരം ഉണ്ടാക്കിക്കൊടുത്തു. കൂടുതൽ പുസ്തകങ്ങളും മൂലഗ്രന്ഥങ്ങളും ലത്തീൻ ഭാഷയിലാകയാൽ അതു പഠിക്കുന്നതിനായി വരാപ്പുഴ സെമിനാരിയിൽ തോമസിനെ അയച്ചു. വായിച്ചു മനസ്സിലാക്കാൻമാത്രം അറിവു് ലത്തീൻഭാഷയിൽ നേടിയിട്ടു് അഞ്ചാറുമാസം കൊണ്ടു് പള്ളിപ്പുറത്തു തിരിയെ വന്നു. തോമസിനെ റോമിൽ വിട്ടു് ഉപരിപഠനം നടത്തിക്കണമെന്നു് മല്പാനു് ആഗ്രഹമുണ്ടായിരുന്നു എങ്കിലും അക്കാലത്തെ രാഷ്ട്രീയവും സാമുദായികവുമായ തടസ്സങ്ങളാൽ അതിനു വഴി

യുണ്ടായില്ല. തന്നെയുമല്ല, പുറത്തു വിടുവാൻ സ്നേഹമയിയായ അമ്മ വിസമ്മതിക്കുകയും ചെയ്തു. തോമ്മാക്കുട്ടിയുടെ പുത്തൻകുർബാന കൂടുവാൻ അതിയായി ആഗ്രഹിച്ച ആ സ്ത്രീരത്നം അതിനിടവരാതെ 1805-ൽ ചരമം പ്രാപിച്ചു. തോമസിന്റെ മനസ്സിനെ അലട്ടിയ വലിയൊരു ആഘാതമായിരുന്നു ഇതു്. ഈ അവസരത്തിൽ കൈനകരിയിലെ കാളാശ്ശേരിയിൽ കല്യാണംചെയ്തു് അയച്ചിരുന്ന തന്റെ ഇളയമ്മ പള്ളിപ്പുറത്തു് ഓടിയെത്തുകയും തോമസു് ശമ്മാശ്ശനേയും മറ്റു കുട്ടികളേയും ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു.

## V പാലയ്ക്കൽ തോമസ് അച്ചൻ

പഠനങ്ങളെല്ലാം പണ്ടേതന്നെ പൂർത്തിയായെങ്കിലും സെമ്മിനാരി പരിശീലനത്തിന്റെ കാലഘട്ടം പൂർത്തിയാകാൻ കാത്തിരിക്കുകയായിരുന്ന അബ്രാഹം മല്പാൻ 1807-ൽ ആയിരുന്ന ആ സുന്ദരസുദിനം സമാഗതമായതു്. ബന്ധുമിത്രാദികളുടേയും ഇടവകജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ പുത്തൻകുർബാന തന്റെ ഇടവകപ്പള്ളിയിൽ വച്ചുതന്നെ ആഘോഷമായി നടത്തി. തന്നെ വളർത്തി വലുതാക്കിയ, ശെമ്മാശ്ശനായിരിക്കെപ്പോലും തന്നെ തീററിപ്പോററിയ തന്റെ സ്നേഹമയിയായ അമ്മയുടെ അസാന്നിദ്ധ്യം പലപ്പോഴും കൊല്ലച്ചന്റെ കണ്ണുകളെ ഈറനണിയിച്ചു. പള്ളിപ്പുറത്തെ പ്രധാന അംഗത്താരയിലെ അമ്മയെ, തന്റെ അമ്മയായി തോമസച്ചൻ സ്വീകരിച്ചു.

പാലയ്ക്കൽ കൊച്ചച്ചന്റെ സാമർത്ഥ്യത്തെക്കുറിച്ച് മെത്രാനച്ചനും അരമനവാസികളും നേരത്തെ കേട്ടിരുന്നു. അതുകൊണ്ട് അദ്ദേഹത്തിനു് ഉടനെ ഇടവകഭരണം കൊടുത്തില്ല. ഉപരിപഠനത്തിനു റോമിലയയ്ക്കാൻപോലും വരാപ്പുഴ മെത്രാനു മനസ്സിൽ പ്ലാനുണ്ടായിരുന്നു. സഹപ്രവർത്തകർ സമ്മതിക്കാഞ്ഞതുകൊണ്ടോ എന്തോ ഈ സമയത്തും ഉപരിപഠനത്തിനു പോകുവാൻ സാധിതമായില്ല. അബ്രാഹം മല്പാനച്ചനെ സെമ്മിനാരി ഭരണത്തിലും പഠിപ്പിക്കലിലും സഹായിച്ചുകൊണ്ട് നവവൈദികൻ പള്ളിപ്പുറത്തുതന്നെ പാർത്തു. ഇക്കാലത്തു കൂടുതൽ പുസ്തകങ്ങൾ-തിയോളജി, ലിറർജി, വേദപുസ്തകം മുതലായവയിൽ ജസ്യൂട്ട് വൈദികരാൽ തമിഴിൽ വിരചിതമായ പല പുസ്തകങ്ങളും ശേഖരിച്ചു വായിക്കുകയും – തന്റെ വിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്തു. പോർട്ടുഗീസ് ഭാഷയും എഴുതാനും വായിക്കാനും പഠിച്ചു.

## VI പാലയ്ക്കലച്ചൻ-
## മെത്രാനച്ചന്റെ സെക്രട്ടറി

അന്നു വരാപ്പുഴ മെത്രാനായിരുന്ന റൈമുണ്ടുസ് തിരുമേനി തന്റെ സെക്രട്ടറിയാക്കുന്നതിനു് യോഗ്യനായ ഒരു വൈദികനെ അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു. അന്വേഷണത്തിൽ പാലയ്ക്കൽ തോമസച്ചനെക്കാൾ ഈ സ്ഥാനത്തിനു പറ്റിയ വ്യക്തി വേറെയില്ലെന്നു ബോദ്ധ്യമായി. അബ്രാഹം മല്പാനെ അറിയിച്ചു് പാലയ്ക്കലച്ചനെ വരുത്തി കാര്യം അറിയിച്ചു. സഭയുടെ കേന്ദ്രഭരണത്തിൽ സഹകരിച്ചുകൊണ്ട് തന്റെ സഭയ്ക്കും സമുദാ

യത്തിനും പലതും ചെയ്യുവാൻ സാധിക്കുന്ന അസൂയാർഹമായ ഈ സ്ഥാനം സ്വീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പള്ളിപ്പുറത്തുവന്നു വീട്ടുകാരോടും മല്പാനോടും സെമ്മിനാരിക്കാരോടും യാത്ര പറഞ്ഞു. അവരെല്ലാവരും ഈ നിയമനത്തിൽ സന്തോഷിക്കുകയും കൊച്ചച്ചനെ അനുമോദിക്കുകയും ചെയ്തു. പ്രത്യേകിച്ചും അബ്രാഹം മല്പാൻ കൊച്ചച്ചനു് എല്ലാ നല്ല ഭാവിയും ഭാവുകങ്ങളും നേർന്നു. അദ്ദേഹത്തിന്റെ ആനന്ദത്തിനു് അതിരില്ലായിരുന്നു. തന്റെ അരുമശിഷ്യൻ പട്ടമേറ്റു് ഉടനെതന്നെ ഇത്രയും ഉന്നതമായ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടതിൽ ദൈവത്തിനു നന്ദി പറയുകയും നല്ല സമ്മാനങ്ങൾ നല്കി യാത്രയാക്കുകയും ചെയ്തു. ഈ നിയമനത്തിന്റെ പിന്നിൽ അബ്രാഹം മല്പാനച്ചന്റെ കൈയുണ്ടായിരുന്നെന്നു് പാലയ്ക്കലച്ചനു് അറിയാമായിരുന്നു.

ജോലിയേറ്റു് അധികംനാൾ കഴിയുന്നതിനു മുമ്പുതന്നെ ചില അത്യാവശ്യമായ സമുദായ പരിഷ്കാരങ്ങൾ സുറിയാനിസഭയിലും സമൂഹാചാരത്തിലും നടപ്പാക്കണമെന്നുതന്നെ പാലയ്ക്കലച്ചൻ തീരുമാനിച്ചു. മെത്രാനച്ചന്റെ 'ഓക്കെ' വാങ്ങുവാൻ സെക്രട്ടറിയച്ചനു് ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. പ്രധാന പരിഷ്കാരങ്ങൾ താഴെ പറയുന്നവയായിരുന്നു.

## 1. വൈദികവസ്ത്രം

അന്നുവരെ സുറിയാനി വൈദികർ ഒറ്റ ലോവ ധരിച്ചിരുന്നില്ല. ഇന്നു യാക്കോബായ അച്ചന്മാർ ധരിക്കുന്ന വസ്ത്രത്തോടു് ഏതാണ്ടു സാമ്യമുള്ള ഒരു ഏങ്കുക്ക് എന്ന വസ്ത്രമാണു് ധരിച്ചിരുന്നതു്. ഇതിനെക്കുറിച്ചു് ചാവറയച്ചന്റെ നാളാഗമത്തിൽ പറയുന്നതു് വായിക്കുക. ''സുറി

യാനിക്കാർ അവരുടെ പൂർവ്വന്മാരെപ്പോലെ വെളുത്ത തുണികൊണ്ട് അധികം വീതിയായിട്ടുള്ള കാൽകുപ്പായവും മുട്ടുകഴികെ ഏകദേശം എട്ടു വിരൽ നീളവും കൈകൾ കാൽകുപ്പായത്തിന്റെ വീതിപോലെ അതികം വീതിയും മണികെട്ടവരെ നീളവും ഉള്ളതും കഴുത്താരം എട്ടു വിരൽ വീതിയാൽ പുറകോട്ട മടക്കിയിടുകയും ഇങ്ങനെയുള്ള ഒരു കമ്മീശും ഇട്ട വയറുവരെ നീളുന്ന ഒരു കൊന്തയുമിട്ട് തോളിൽ നല്ലതിൽ ഒരു നാടൻമുണ്ടും ഇങ്ങനെ അത്രെ ശമ്മാശന്മാരും പട്ടക്കാരും ഒക്കെയും എപ്പോഴും എല്ലായിടത്തും നടക്കുന്നതും.''

ഇങ്ങനെയുള്ള വേഷവിധാനം മാറി പാദംവരെയുള്ള ഒറ്റ ളോവ സുറിയാനി വൈദികർക്കും ഉണ്ടായിരിക്കണമെന്ന് പാലസ്തുലച്ചനു തോന്നി. വരാപ്പുഴ ഉണ്ടായിരുന്ന മാത്തുമല്പാൻ മുതലായ ചില പ്രമുഖ സുറിയാനിക്കാരോടു അദ്ദേഹം ആലോചന ചോദിച്ചു. ലത്തീൻകാർക്കു കറുത്ത നിറത്തിലുള്ള ളോവയായിരുന്നു. സുറിയാനിക്കാക്കു ഇതു വെള്ളയായിരിക്കണമെന്നു നിശ്ചയിക്കുകയും മെത്രാനച്ചനെക്കൊണ്ടു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. തിരുക്കർമ്മങ്ങൾക്കും ഔദ്യോഗിക കാര്യങ്ങൾക്കും ളോവ ധരിക്കണമെന്നു നിർബന്ധമായിരുന്നു.

## 2. കെട്ടിയടച്ച സിമിത്തേരി

അടുത്തതായി അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞതു വളരെ പ്രാകൃതമായി തോന്നുന്ന ഒരു കാര്യത്തിലേയ്ക്കാണു്. അതുവരെയും നമ്മുടെ ആളുകളെ അടക്കിയിരുന്നതു പള്ളിമുറ്റത്തും അതിനു ചുറ്റിലുമായിരുന്നു. ഇതിനു പ്രത്യേക സ്ഥലമോ കല്ലറകളോ ഒന്നുമില്ലായിരുന്നു. മൃഗങ്ങളുടെ ഉപദ്രവത്തിനും മറ്റു് അനാചാരനടപടികൾക്കും പൂജ്യതക്കുറവിനും അനാരോഗ്യത്തിനും ഇതു കാരണമാകു

മായിരുന്നു. ഇതു സമൂലം നിർത്തലാക്കുകയും ശവസംസ്കാരത്തിനു പ്രത്യേകം ഒരു സ്ഥലം വേണമെന്നും ഇതു മതിൽ കെട്ടി അടവായി സൂക്ഷിക്കണമെന്നും അടക്കുന്നവരുടെ ഒരു ലിസ്റ്റു തീയതി വച്ചു് എഴുതുന്ന ഒരു രജിസ്റ്റർ പള്ളിയിൽ സൂക്ഷിക്കണമെന്നും നിർബന്ധമായി.

### 3. കുമ്പസാരക്കൂടു്

അന്നുവരെ കുമ്പസാരത്തിനു കുമ്പസാരക്കൂടു് ഇല്ലായിരുന്നു. ഇതു സ്ത്രീകൾക്കു് വലിയ ബുദ്ധിമുട്ടു് ഉണ്ടാക്കുമായിരുന്നു. കുമ്പസാരത്തിന്റെ പൂജ്യതയും അതിന്റെ രഹസ്യസ്വഭാവത്തിനും വളരെ ഉപകരിക്കുന്ന കുമ്പസാരക്കൂടു് എല്ലാ പള്ളികളിലുമുണ്ടാകണമെന്നും സ്ത്രീകളെയെങ്കിലും കുമ്പസാരക്കൂട്ടിലല്ലാതെ കുമ്പസാരിപ്പിക്കരുതെന്നും നിഷ്കർഷയായി.

### 4. ദർശന സമൂഹം

മാതാവിന്റെ ദർശനസമൂഹം എല്ലാ പള്ളികളിലും സ്ഥാപിക്കണമെന്നും ഇതിൽ പാട്ടുള്ളവരെല്ലാം ചേരണമെന്നും നിഷ്കർഷിച്ചു. ഇതിന്റെ നിയമാവലിയും പ്രവർത്തനശൈലിയും അദ്ദേഹംതന്നെ എഴുതിയുണ്ടാക്കി പള്ളികളിലേയ്ക്കു് അയച്ചുകൊടുത്തു. എല്ലാ പള്ളികളിലും ദർശനത്തിരുനാൾതന്നെ കൊണ്ടാടണമെന്നും നിർബന്ധിതമായി.

ഇപ്രകാരം വിപ്ലവകരമെന്നുതന്നെപറയട്ടെ, പല പുരോഗമന പരിഷ്കാരങ്ങളും ഇദ്ദേഹം സെക്രട്ടറിയായിരുന്ന കാലത്തു് റൈമുണ്ടുസ് മെത്രാനെക്കൊണ്ടു ചെയ്യിച്ചു ഈ പരിഷ്കാരങ്ങളുടെ ഫലം കൊല്ലങ്ങളായി അനുഭവിക്കുന്ന നമുക്കു് ഇതില്ലാതിരുന്നപ്പോഴത്തെ പ്രയാ

സങ്ങളെക്കുറിച്ച് ഊഹിക്കുവാൻപോലും സാദ്ധ്യമല്ല. സിമിത്തേരിയുടെ കാര്യമൊക്കെ എത്രയോ പരിഷ്കൃത മായ പരിഷ്കാരങ്ങളായിരുന്നു. പള്ളിമുറ്റം മനോഹര മായി സൂക്ഷിക്കുന്നതിനും സംസ്കാരസ്ഥലങ്ങൾ പൂജ്യമാ യി, കെട്ടുറപ്പായി സൂക്ഷിക്കുന്നതിനും ഇതുമൂലം സാധിച്ചു.

## VII പാലയ്ക്കലച്ചൻ സെമ്മിനാരി മലയ്പാൻ

മെത്രാനച്ചന്റെ സെക്രട്ടറിയായി പ്രശസ്തമായ സേ വനം അനുഷ്ഠിക്കുമ്പോഴാണ് അബ്രഹാം മല്പാനു് പലതര ത്തിലുള്ള അസുഖങ്ങൾ ആരംഭിക്കുന്നതു്. അദ്ദേഹത്തിനു വിദഗ്ധമായ ചികിത്സ ആവശ്യമായിരുന്നു. ഇതിനു ത ന്റെ സ്വന്തം നാട്ടിലേയ്ക്കു പോകുവാൻ അദ്ദേഹം അതി യായി ആഗ്രഹിച്ചു. പക്ഷേ തനിക്കൊരു പിൻഗാമിയെ കണ്ടുപിടിക്കണമല്ലോ. അബ്രഹാം മല്പാനച്ചന്റെ നോട്ട ത്തിൽ പാലയ്ക്കലച്ചനെപ്പോലെ യോഗ്യനായ ഒരാൾ വേ റെയില്ലായിരുന്നു. രഹസ്യത്തിൽ അദ്ദേഹം ശിഷ്യനു് ഇക്കാര്യത്തെക്കുറിച്ചു് എഴുതി. തന്റെ ഗുരുത്തമന്റെ ന്യായമായ ആവശ്യം നിറവേറ്റപ്പെടേണ്ടതാണെന്നു തന്നെ പാലയ്ക്കലച്ചനു തോന്നി. ഇതു് ഒരു ആഗ്രഹമല്ല, ഒരു ആവശ്യംതന്നെയെന്നു് അദ്ദേഹം കരുതി.

1812-ൽ സെക്രട്ടറിസ്ഥാനം രാജിവയ്ക്കുകയും മെത്രാ നച്ചന്റെ അനുവാദത്തോടുകൂടി പള്ളിപ്പുറം സെമിനാരി യുടെ മല്പാനായിട്ടു തിരിച്ചുവരുകയും ചെയ്തു. അബ്ര ഹാം മല്പാനു് സന്തോഷമായി. തന്റെ പ്രിയപ്പെട്ട സെ മ്മിനാരിയെ ബലിഷ്ഠമായ കൈകളിൽത്തന്നെയാണു്

ഏല്പിക്കുന്നതെന്നും ഇതു് ഉത്തരോത്തരം അഭിവൃദ്ധിപ്പെടുമെന്നും അദ്ദേഹത്തിനു് ഉറപ്പുണ്ടായിന്നു. അബ്രഹാം മല്പാൻ പള്ളിപ്പുറത്തോടും നാട്ടുകാരോടും വിടപറഞ്ഞു. പാലയ്ക്കൽ മല്പാനെ ആഘോഷമായി മല്പാനായി വാഴിച്ചു. ശിഷ്യസഞ്ചയം മുഴവൻ പാലയ്ക്കലച്ചന്റെ നേതൃത്വത്തിൽ കൂത്തിയതോടുവരെ അദ്ദേഹത്തെ വഞ്ചിയിൽ അനുയാത്രചെയ്തു. വിലയേറിയ സമ്മാനങ്ങളും അദ്ദേഹത്തിനു കൊടുത്തു. മല്പാനച്ചനെ സമയം കിട്ടുമ്പോഴെല്ലാം പാലയ്ക്കലച്ചൻ പോയി സന്ദർശിക്കുമായിരുന്നു; പ്രത്യേകിച്ചും സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാളുകൾക്കു്. അന്നു സെമ്മിനാരിയുടെ പ്രതിനിധികളായി കുറെപ്പേരെക്കൂടി കൊണ്ടുപോകുമായിരുന്നു. എല്ലാവരുടേയും കയ്യിൽ എന്തെങ്കിലും സമ്മാനവും കാണും. ഇങ്ങനെയുള്ള ഒരവസരത്തെക്കുറിച്ചു് വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ നാളാഗമത്തിൽ അനുസ്മരിക്കുന്നതു വായിക്കുക. ''ഇങ്ങനെ ശമ്മാശ്ശന്മാരുംകൂടി പഠിപ്പിച്ചുവരുമ്പോഴും ഈ ദൈ. (മല്പാനച്ചൻ) കൃത്യതോട്ടി അവുറാഹം മല്പാനച്ചൻ വയസ്സായി കല്പറമ്പിൽ പാത്തു് പഠിപ്പിച്ചുവരികയും എടക്കളത്തച്ചൻ എന്നയിപ്പഴത്തെ മല്പാനച്ചൻ കൂടെ പാത്തു് അദ്ദേഹം ശെമ്മാശ്ശന്മാക്കു് രണ്ടാം പേരായി ചൊല്ലിക്കൊടുത്തു പടിപ്പിച്ചുവരുന്നു. എന്നാൽ കന്നിമാസം ഒന്നാം ഞായറാഴ്ച സെമ്മിനാരിപ്പെരുന്നാളായി കല്പറമ്പിൽ ഘോഷിച്ചുവന്നിരുന്നു. ആയതുകൊണ്ടു് മുൻ ആ ദേഹത്തിൽനിന്നു ഏറിയ ഉപകാരം കൈക്കൊണ്ടിരിക്കയാലും ആ ദേഹത്തിനെ ചെന്നുകണ്ടു് ഒരു വാഴ വാങ്ങിക്കണമെന്നും നിരൂപിച്ചു് തുടക്കക്കാരായ പള്ളിപ്രത്തു് എടവകക്കാരൻ വരാപ്പുഴ മല്പാനായിരുന്ന മരിച്ച മങ്ങലത്ത ചാണ്ടി കത്തനാരച്ചനേയും വൈയ്ക്കത്ത പഴേകടവിൽ യൗസേപ്പു് കത്തനാരച്ചനേയും എന്നെയും കൂടെ

കൊണ്ടുപോകണമെന്നു നിശ്ചയിച്ചു. ഇതിനാൽ ഇവർ രണ്ടുപേരും അവരുടെ വീടുകളിൽനിന്നു് ഓരോ കുത്തുകച്ചയും എനിക്കുവേണ്ടി ഈ ദൈ. തന്നെ ഒരു വല്യതായത കൊളച്ചയിൽ കാച്ചു പുതപ്പും വാങ്ങിച്ചു. ഞങ്ങളുമൂവരും കൂടി കൊച്ചിയിൽ ഇടുത്തു് ഈദൈ കയ്യാൽ ചില വില പിടിച്ച പലാരങ്ങളും തിൻ തരങ്ങളും ചട്ടംകെട്ടിക്കൊണ്ടു കൽപ്പറമ്പിൽചെന്നു. രക്ഷവനായിരിക്കുന്ന മല്ലാനച്ചനെ കണ്ടു. എന്നാൽ ഞങ്ങളും ഈദൈ ഭയപ്പെടുന്നതിനെക്കായിൽ ബഹുമാനത്തോടും ആശ്രണയോടുംകൂടെ ഈദേഹം വഴക്കംചെയ്തു. ആശാരമായി ദൂരെ മാറിനിന്നപ്പോൾ ഞങ്ങളും മൂവരും ഈ കാഴ്ചകളും കൊണ്ടുചെന്നു് ആ ദേഹത്തിന്റെ മുറിയിൽവച്ചു കദേരയുടെ മുൻപിൽ മുട്ടുകുത്തി കൈമുത്തുകയും ചെയ്തു. ആ ദേഹം ഞങ്ങളുടെ തലയിൽ കൈവച്ചു് സന്തോഷിക്കുകയും ചെയ്തു. ഇതു കഴിഞ്ഞപ്പോൾ പെരുന്നാളിനായി ശിഷ്യരായവര പലരും കൂടിയിട്ടുണ്ടു്.'' (P. 68,69)

പാലസ്സുലച്ചന്റെ ഗുരുഭക്തിയെ കാണിക്കാനാണു് മുകളിൽകൊടുത്ത ചാവറയച്ചന്റെ സാക്ഷ്യം ദീഘ്മായി കുറിച്ചതു്. അന്നത്തെ സെമ്മിനാരിജീവിതം, തത്വത്തിൽ ഒരു ഗുരുകുലവാസമായിരുന്നു. വളരെ ചെറുപ്പത്തിലെ ഗുരുവിന്റെ അല്ലെങ്കിൽ മല്പാന്റെകൂടെകൂട്ടുക, പട്ടമേൽക്കുന്നതുവരെ അവിടെ കഴിയുക. ഗുരുവിനെ സേവിച്ചു് ശുശ്രൂഷിച്ചു് ഗുരുമുഖത്തുനിന്നും നൽകുന വിദ്യയഭ്യസിച്ചു് ഗുരു നിശ്ചയിക്കുന കാലത്തു് പട്ടമേറ്റു പോരുക. ഇതായിരുന്നു അന്നത്തെ സെമ്മിനാരിജീവിതം.

തോമ്മാമല്പാന്റെ ശിഷ്യന്മാർ താഴെപ്പറയുന്നവരായിരുന്നു. കൊയിമുക്കു് പള്ളി ഇടവകക്കാരൻ ഊരാഞ്ഞെപാണ്ടപ്പിള്ള, കുറവിലങ്ങാട്ടു പള്ളി ഇടവകക്കാരൻ നാല്പ

തു വയസ്സായ പീലിപ്പോസ്, പള്ളിപ്പുറം ഇടവകക്കാരൻ മംഗലത്തു ചാണ്ടി, വൈസ്സത്തു പഴേകടവിൽ യൗസേപ്പ്, കടുത്തുരുത്തി ഇടവകക്കാരൻ മുട്ടത്തിൽ കുര്യൻ, എരണസ്സൽ കുരുവിള, മുട്ടുചിറ ഇടവകക്കാരൻ പറമ്പി പൗലോസ് പിന്നീട് ചേന്നങ്കരി ഇടവക ചാവറ കുര്യാക്കോസ് ഇവരെല്ലാവരും പിന്നീട് പ്രഗത്ഭരും പ്രശസ്തരുമായ വൈദീക നേതാക്കന്മാരായിരുന്നു. പാലസ്സൽ മല്പാൻ പള്ളിപ്പുറത്തു മല്പാനായി ചാജ്ജെടുത്തതോടെ വടയാറ്റ് അന്നുവരേയും ഉണ്ടായിരുന്ന സെമിനാരി നിറുത്തലാക്കുകയും അവിടെയുള്ള ശമ്മാശ്ശന്മാർകൂടി പള്ളിപ്പുറത്തു സെമിനാരിയിൽ വന്നുചേരുകയും ചെയ്തു. അന്നത്തെ കാഴ്ചപ്പാടിൽ ഒരു മഹാ സെമിനാരിതന്നെയായിരുന്ന പള്ളിപ്പുറത്തെ പാലസ്സലച്ചന്റെ സെമിനാരി.

നാല്പതു വയസ്സുകാരൻ കുറവിലങ്ങാട്ട പീലിപ്പോസെന്ന ശമ്മാശ്ശൻ പ്രായം കൂടിയതിനാലും അല്പം മന്ദബുദ്ധിയായതിനാലും പഠനത്തിൽ വളരെ പിന്നോക്കമായിരുന്നു. എന്നാൽ തോമ്മാ മല്പാൻ ഇയാളെ തനിച്ചിരുത്തി പഠിപ്പിക്കുകയും സഹപാഠികളിൽ ബുദ്ധിമാനായ ചാവറ കുര്യാക്കോസിനെക്കൊണ്ടു പ്രത്യേകം ക്ലാസ്സുകളെടുപ്പിക്കുകയും ചെയ്തെങ്കിലും അവസാനം വൈദിക സ്ഥാനത്തേയ്ക്കുയർത്താതെ സെമിനാരിയിൽനിന്നും പറഞ്ഞുവിടേണ്ടിവന്നു.

വളരെ കശ്നമായ നിയമങ്ങളും ചട്ടങ്ങളുമാണ് പാലസ്സലച്ചൻ തന്റെ സെമിനാരിയിൽ ഏർപ്പെടുത്തിയിരുന്നതു്. പള്ളിയുടെ വടക്കുവശത്തുള്ള വരാന്തയുടെ മുകൾത്തട്ടായിരുന്നു സെമിനാരി. ഇതിന്റെ കീഴക്കേ അറ്റത്തുള്ള മുറിയിൽ മല്പാനച്ചന്റെ കിടക്കമുറിയും പടിഞ്ഞാറെ അറ്റം ശമ്മാശ്ശന്മാരുടെ കിടപ്പുമുറിയുമായിരുന്നു. നടക്കു

ള്ള സ്ഥലത്തു് ഒരു മേശയിട്ടു് രണ്ടുവശവും ബഞ്ചിട്ടു് ശമ്മാശ്ശന്മാർ ഇരിക്കും. മേശയുടെ കിഴക്കുവശം ഒരു കസേരയിട്ടു് പടിഞ്ഞാറോട്ടു നോക്കിയിരുന്നാണു് മല്പാനച്ചൻ ക്ലാസ്സെടുത്തിരുന്നതു്. 5 മണിക്കു് നടക്കാൻ പോകയോ, കളിവ്യായാമങ്ങളിൽ ശമ്മാശ്ശന്മാക്കു് വ്യാപൃതരാകുകയോ ചെയ്യാം. 6 മണിക്കു് കുളികഴിഞ്ഞു് എല്ലാവരും പള്ളിയിൽ കൂടണം. ധ്യാനം, കൊന്തനമസ്കാരം, ലുത്തിനിയ ഇവയ്ക്കുശേഷം വീണ്ടും മുൻപറഞ്ഞ സാളയിൽ പോയിരിക്കും.

സെമിനാരി ദിനചര്യയെക്കുറിച്ചു് ചാവറയച്ചൻ എഴുതിയിരിക്കുന്നതു കാണുക. ''ഇങ്ങനെ ആവശ്യമുള്ള നേരം, അതായതു് കഞ്ഞി, ചോറു് പ്രകൃതിക്കുള്ള ആവശ്യം, 5 മണിക്കു പുറത്തിറങ്ങി നടക്കുക എന്നുള്ള നേരമല്ലാതെ എപ്പോഴും അവിടെത്തന്നെ ഇരുന്നു പഠിക്കുകയും ഉച്ചയ്ക്കു തീൻ കഴിഞ്ഞാൽ കുറെനേരം ഉറങ്ങുവാൻ ഈ ദേഹം മുറിയിൽ പോകും അപ്പോഴും എല്ലാവരും സൂറിയാനി മലയാണ്മ എഴുതണം. വീണ്ടും 6 മണിക്കു പള്ളിയിൽപ്പോയി ലുത്തിനിയാ, ധ്യാനവായന കൊന്തനമസ്കാരം ഇതിനും ഞങ്ങളുടെകൂടെ വന്നുകൂടി വീണ്ടും അവിടെ വന്നിരിക്കുകയും അത്താഴം കഴിഞ്ഞു് വീണ്ടും കുറെനേരം ജ്ഞാനവായന, ക്രമശ മുതലായ ജ്ഞാനവർത്തമാനം കഴിഞ്ഞു് മണികൊട്ടി ഉറങ്ങുവാൻ പോകാൻ അനുവദിക്കുകയും ചെയ്യും. ഇങ്ങനെ കിടക്കുന്ന നേരം വരേയും ളോഹ ഉടുത്തുകൊണ്ടു് അവിടെത്തന്നെ ഇരിക്കുകയും മണിയില്ലായ്കയാൽ ചിലപ്പോഴും 11 മണിരാവായിപ്പോകയും ചെയ്യും. എന്നാൽ ഞങ്ങളും ഉറങ്ങുവാൻ പോയാലും ഇദ്ദേഹം വീണ്ടും അവിടെ ഇരുന്നുവായിക്കുകയും.''

ഏറിയ നേരം ഇങ്ങനെ നടന്നു വന്നതിൽ രണ്ടു ശമ്മാശ്ശന്മാരും ഒരു വാലിഭക്കാരനും മരിച്ചതിനാൽ പലരും കുറവം പറഞ്ഞു..... ''ആയതിനാൽ കുറെനാളം കഴിഞ്ഞപ്പോളം താഴെ വരാന്തയിൽ നടന്നു വായിപ്പാൻ അനുവദിച്ചു. ഇതായ്ക്ക് 8 മണിവരെ പാഠം കേൾപ്പിച്ചു കഴിയുന്നതുവരെ വീണ്ടും 12 മണിവരേയും 3 മണി കഴിഞ്ഞ് 5 മണിവരേയും അവിടെ നടന്നു വായിപ്പാനും പള്ളിയിലും പരസ്യപ്പെട്ട കൂട്ടത്തിലും, ഞായറാഴ്ച പെരുന്നാളം ദിവസങ്ങളിലും ളോഹ ഉടുത്താൽ മതിയെന്നും അനുവദിക്കേണ്ടിവന്നു.'' വളരെ കഷ്ടമായ ഒരു നടപടി ക്രമവും ജീവിതരീതിയും ആയിരുന്നു അന്നു സെമ്മിനാരിക്കാക്ക് എന്നു് മുകളിൽ എഴുതിയിരിക്കുന്നതിൽനിന്നും വ്യക്തമാണല്ലോ.

വിശുദ്ധിയിൽ മാത്രമല്ല വിജ്ഞാനത്തിലും തന്റെ ശിഷ്യന്മാർ മുൻപന്തിയിലായിരിക്കണമെന്നു പാലയ്ക്കൽ മല്പാനച്ചൻ തീരുമാനിച്ചിരുന്നു. അന്നു മലയാളഭാഷയിലും കൂടുതലായി തമിഴിലും ഉള്ള പുസ്തകങ്ങളം തേടിപ്പിടിച്ചു് നല്ല ഒരു Library സെമിനാരിയോടനുബന്ധിച്ചു് സ്ഥാപിച്ചു. ഇക്കാര്യത്തെക്കുറിച്ചും നമുക്കു് വാഴ്ത്തപ്പെട്ട ചാവറയച്ചനെത്തന്നെ ശ്രവിക്കാം. '' ഇങ്ങനെ പടിപ്പിച്ചു വരുമ്പോളം സുറിയാനി പേച്ചിൽ ശാസ്ത്ര പുസ്തകങ്ങളും തെയ്യലോജിയ മൊരാളം ഇങ്ങനെയുള്ള പുസ്തകങ്ങളം ഇല്ലായ്കയാൽ ഈ ദേഹത്തിന്റെ അന്വേഷണത്താൽ പാണ്ടിരാജ്യങ്ങളിൽ പൊലീസ്സുക്കാരു (Jesuits) ചില പുസ്തകങ്ങളം തമും പേച്ചിൽ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള കേൾവിയാൽ ആയത അന്വേഷിച്ചു ചില പുസ്തകങ്ങളം വരുത്തി അപ്രകാരംതന്നെ യിവിടങ്ങളിലും ചില മിസ്യൊനറിമാരാൽ ചില മലയാള പുസ്തകങ്ങളം ഉണ്ടാക്കിയിരുന്നതും അന്വേഷിച്ചു വരുത്തി. ഞങ്ങളംക്കു വായി

പ്പാനും ഈ ദൈത്തിനു അതെന്തൊ അക്കാലങ്ങളിൽ പ
ട്ടക്കാക്കും മല്പാന്മാരായാൽ ശ്രദ്ധമാക പുസ്തകം വായി
ക്കുകയും പടിപ്പിക്കുകയും ചൊല്ലിക്കൊടുക്കുകയും ചെയ്യും.
ആയതും പുത്തൻ അനുഷ്ഠാപ്പാട എന്നതല്ലാതെ ഒരു ജ്ഞാ
നപുസ്തക വായനയില്ലാഞ്ഞു. ചട്ടമായിട്ടു കുർബാന കാ
നോനായിൽ കഴിച്ച ശംശാരികളെപ്പോൽ ലോകവാഴ്ച
യുടെ അന്വേഷണംതന്നെയായിരുന്നു. ഈദൈ : ഇതി
നായി തമ്മം പടിച്ച ആ പുസ്തകങ്ങളും വായിച്ചു വന്നു.
ഇതിനായി എപ്പോഴും വായനയിൽനിന്നും വേർപെടാ
തെ ഒരു പുസ്തകം കൈയിൽ ഉണ്ടായിരിക്കും. അതു
കൊണ്ടു മേലെഴുതിയ മല്പാന്മാരെ തമ്മിലും മല്പാൻ
പാണ്ടി മല്പാൻ എന്നു പരിഹസിക്കും. അതായതു സുറി
യാനി പേച്ചിനുള്ള പഠനമില്ലായ്കയാൽ അതു ഈ
വണ്ണമുള്ളതു വായിക്കുന്നുവെന്നും പറഞ്ഞുവരും. മലയാ
ണ്മ പുണ്യജീവിതം വല്യഒത്തിന്റെ അത്ഥം ഞാറ്റു
മല്പാൻ, കരിയാറ്റി പൗലീസ് മൂപ്പച്ചൻ ഈ മൂന്നു ക്ലാദാ
ശ പുസ്തകം ഇങ്ങനെയുള്ള മലയാണ്മയും ശീലവിശേഷ
പുസ്തകങ്ങളും തമ്മിൽ ജ്ഞാനമുത്തു ജ്ഞാനസംജീവി-
ഫുഴാഴ്ചപുതുമ - നക്ഷത്രമാല പുരാണിമം - പച്ചിമം എന്നു
പറയുന്ന വേദപുസ്തകങ്ങളും ഇങ്ങനെയുള്ളതൊക്കെയും അ
ക്കാലത്തിൽ ഒരു പേച്ചിലും അടുപ്പിച്ച എന്നുള്ളതു ഇന്ത്യാ
യിൽ കേട്ടുകേൾവിയുള്ളതല്ലാതെയില്ലായ്കയാൽ ഇങ്ങ
നെയുള്ള പുസ്തകങ്ങളും അധിക അന്വേഷണത്താലും വേല
യാലും വരുത്തി. ഇനാസിയോസിന്റെ 8 ദിവസത്തെ
ധ്യാനം ഈ ഞ്ജാനമുത്ത, ഞ്ജാനഉണത്തൽ എന്നതു
രണ്ടിൽ ഒന്നിൽ ഈ ദേഹവും ഒന്നു വരാപ്പുഴ കൊച്ചുപോ
ത്തൻ മുത്തപ്പൻ എന്ന ഒരു തപസ്സി ആയി പാത്തിരുന്ന
എന്നയാളും മലയാഴ്ചയിൽ തിരിച്ചു എഴുതിയുണ്ടാക്കി-
യിത വരാപ്പുഴ സെക്രത്താരിയായിട്ടു പാത്തിരുന്നപ്പോഴും

മുതൽ വായന എഴുത്തു ഇതു രണ്ടു കൊണ്ടു കഴിയുന്നതല്ലാതെ പഴതെ നേരംകളയാതെ കഴിച്ചു വന്നതിനാൽ പാഠിപ്പിപ്പാൻ തുടങ്ങിയപ്പോഴം ഇങ്ങനെയുള്ള പുസ്തകങ്ങഠം തന്നിക്കുതന്നെയുണ്ടായി. ഇതു കൂടാതെ പള്ളിപ്രത്തെ പതിയാമൂലയിൽ തരീത എന്ന ബുദ്ധിയുള്ള പൈതലിനെ നിറുത്തി എഴുതുവാൻ പടിപ്പിച്ചു അവനെക്കൊണ്ടും പല പുസ്തകങ്ങഠം എഴുതിച്ചുണ്ടാക്കി''. (നാളാഗമം P. 72-73).

''ഇതിനാലേയും ഒറൈത്ത നിവ്യസുഖം ഇങ്ങനെയുള്ളതു് എത്രയും ചുരുക്കം തന്നെയായതിനാൽ വരാപ്പുഴ സിമ്മനാരിയിൽ ഒരു ഒറൈത്ത 5 സെപ്രായും ഉള്ളതുണ്ടായിരുന്നു. ആയതു കടുത്തുരുത്തി കടവിലച്ചന്റെ പക്കൽ നിവ്യ രാജാക്കളുടെ പുസ്തകം ഇങ്ങനെയുള്ളതുണ്ടായിരുന്നു. ഇങ്ങനെ പരയും സേവിച്ചു വരുത്തിഞങ്ങളിൽ ചിലർ എഴുതി പടിപ്പിക്കാൻ പ്രമാണിച്ചുതിനാൽ വൈയ്ക്കത്തുകാരൻ മേലേഴുതിയ പഴയ കടവൻ..... ഇങ്ങനെ പലതും അപ്രകാരം അവരുടെ വശംപോലെ എഴുതിയുണ്ടാക്കുകയും പഠിപ്പിക്കുകയും ചെയ്തു.'' (P. 74)

തന്റെ ശിഷ്യക്കു അറിവിന്റെ കൈത്തിരി നീട്ടിക്കൊടുക്കുവാൻ യാത്രാസൗകര്യമൊന്നുമില്ലാതിരുന്ന – പ്രസ്സും ബുക്കുസ്റ്റാളുകളും മറ്റു സെചിനാരികളുമില്ലാതിരുന്ന– അക്കാലത്തു് പാലയ്ക്കൽ മല്പാൻ എത്രമാത്രം ബുദ്ധിമുട്ടി എന്നു് മുകളിൽ എഴുതിയിരിക്കുന്നതിൽനിന്നും നമുക്കു് ഊഹിച്ചു മനസ്സിലാക്കാവുന്നതാണല്ലോ. പാലയ്ക്കലച്ചന്റെ ശിഷ്യന്മാരെല്ലാംതന്നെ പിൽക്കാലത്തു നല്ല പ്രാസംഗികരും അറിവുള്ളവരും ആയതിന്റെ രഹസ്യം ഇതല്ലാതെ മറെറാന്നല്ല. വളരെനാളു പഠിച്ചിട്ടും ആവശ്യത്തിനു ബുദ്ധിയും പഠിപ്പും ഇല്ലാതിരുന്ന കുറവിലങ്ങാട്ടുകാരൻ പീലിപ്പോസിനെ പുണ്യശക്തിയും സഹനശ

ക്കതിയും ഒന്നും പരിഗണിക്കാതെ വീട്ടിലേയ്ക്കു പറഞ്ഞു വിടുകതന്നെ ചെയ്തു. കൂടുതലായി പഠിക്കാൻ സാമർത്ഥ്യ മുള്ളവരെന്നു കണ്ടവരെ ലത്തീൻ പഠിക്കാനും മല്പാനച്ചൻ അയച്ചു. ''അറിവിലും പുണ്യത്തിലും അടുത്ത പഠിനം ഉണ്ടാകണമെങ്കിൽ ലത്തീൻ പഠിക്കണം. ആയതു കൊണ്ട് ചിലരെയെങ്കിലും പഠിപ്പിച്ചാൽ അവർ വഴിയായി ശേഷംപേക്ഷം ഉപകാരം ഉണ്ടാകും എന്നു നിരൂപിച്ച് ഞങ്ങൾ അറിയാതെ മേലെഴുതിയ മിലെസ്യാ മെത്രാനച്ചനെ ബോധിപ്പിച്ച് അദ്ദേഹം സമ്മതിക്കുകയും നിക്കോവൂസ് മൂപ്പച്ചൻ ഈടെ മേൽ അധികം സ്നേഹമായിരിക്കയിൽ വേണ്ടിയ സഹായങ്ങൾ ചെയ്യാമെന്നു പറഞ്ഞുറച്ചു. ഒരു ദിവസം മേലെഴുതിയ ഞങ്ങൾ മൂന്നുപേരെയുംകൂടി വരാപ്പുഴ കൊണ്ടുവന്നു . . . പിറെ ദിവസം ഞങ്ങൾ സെമിനാരിയിൽ ചെന്നാറെ ഞങ്ങളെ സെമിനാരിയിൽ കയറ്റുന്നതിനും ഇരുത്തുന്നതിനും സമ്മതമില്ലാഞ്ഞു. ഇതിനാൽ ആ നിരൂപണ മുഴുവനാകാതെ യിതിനായി ഇദ്ദേഹം കുറെ ബുദ്ധിമുട്ടും ചിലവും ഞങ്ങളെപ്രതിയും ഈ ലാക്കിനെക്കുറിച്ചും അനുവേദിച്ചെങ്കിലും നിറവേറാതെയും- (പേജ് 74)

ഏതെങ്കിലും ഒരു കാര്യം നിശ്ചയിച്ചാൽ അതിൽ നിന്നും പിൻതിരിയുന്ന സ്വഭാവക്കാരനല്ലായിരുന്ന പാലയ്ക്കൽ മല്പാൻ. അദ്ദേഹം കുര്യാക്കോസ് ശമ്മാശ്ശനെ (ചാവറയച്ചൻ) ലത്തീൻ പഠിപ്പിക്കുകതന്നെ ചെയ്തു. ''അന്നു തങ്കിപ്പള്ളിയിൽ വികാരിയായിരുന്ന വടക്കൻ പള്ളിപ്രത്തുകാരൻ മെയിൻ പാത്രിയച്ചൻ, ഒരാൾ ഒരുപ്രകാരം ലത്തീൻ പേച്ചു തിരിയുന്നയാൾ എന്നു കേട്ട് അദ്ദേഹത്തിന്റെ പക്കൽ ഈ ദേഹംതന്നെ ചിലവും തന്നയച്ചു കുറെനാൾ ആറെട്ടു മാസം പാഠ്പിച്ചു. അപ്പോൾ ഒരു ദീനം വന്നതിനാൽ പോരികയും ചെയ്തു. (പേജ് 75)

76388



ഇങ്ങനെ ശിഷ്യന്മാരുടെ ജ്ഞാനാഭിവൃദ്ധിയും പുണ്യാഭിവൃദ്ധിയും ജീവിതവ്രതമായി എടുത്തുകൊണ്ട്, പഠിപ്പിക്കൽ തന്റെ ഒരു തപസ്യയായി സ്വീകരിച്ചുകൊണ്ട്, മുന്നോട്ടു പോയിരുന്ന മല്പാനച്ചൻ ഏതാണ്ട്, ദിവസത്തിന്റെ 24 മണിക്കൂറും ശമ്മാശ്ശന്മാരുടെ കൂടെത്തന്നെയായിരുന്നു. ഭക്ഷണം കഴിക്കുവാൻപോലും അടുത്തുള്ള സ്വന്തം വീട്ടിൽ പോയിരുന്നില്ല. പെങ്ങൾ പാചകംചെയ്ത് മുറിയിൽ കൊണ്ടുവന്നു കൊടുക്കുകയായിരുന്നു പതിവ്.

12 നിയമങ്ങൾ അടങ്ങിയ ഒരു നിയമാവലി പഠനസ്ഥലത്തു പ്രസ്താവിച്ചു സൂക്ഷിച്ചിരുന്നു. ഈ നിയമം കൃത്യമായി അനുസരിക്കുന്നതു റെക്കോറായ പാലയ്ക്കലച്ചൻ തന്നെയായിരിക്കും. ശിഷ്യന്മാർക്കു നിയമങ്ങൾ കൊടുത്തിട്ട് മാറിനില്ക്കുന്ന ഇക്കാലത്തെ ഗുരുഭ്രൂതന്മാർ ഇതൊരു മാതൃകയാക്കിയെങ്കിൽ എത്ര നന്നായിരുന്നു. പാലയ്ക്കൽ മല്പാന്റെ മനഃശാസ്ത്രത്തിൽ സ്വയം നിയമങ്ങൾ അഭ്യസിച്ചു കാണിച്ചുകൊടുക്കുക എന്നതായിരുന്നു ആയിരം ഉപദേശത്തെക്കാൾ നല്ലതു. ശിഷ്യന്മാർക്കുവേണ്ടി ഉഴിഞ്ഞുവച്ച ആ ജീവിതം അങ്ങനെ നൈവേദ്യമായി എരിഞ്ഞുകൊണ്ടിരുന്നു. ഒരാൾ വൈദികനായിത്തീരുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം സംതൃപ്തികൊണ്ടു തുടികൊട്ടുമായിരുന്നു.

DHARMARAM COLLEGE LIBRARY
BANGALORE - 29

# VIII രണ്ട് നക്ഷത്രങ്ങൾ കണ്ടുമുട്ടുന്നു

സെമിനാരി ജീവിതത്തെക്കുറിച്ചു വിവരിച്ച കഴിഞ്ഞ അദ്ധ്യായത്തിൽ ചാവറ കുര്യാക്കോസ് ശമ്മാശ്ശനെക്കുറിച്ച് പലയിടത്തും പറഞ്ഞിട്ടുണ്ടെങ്കിലും കേരളസഭയുടെ ഭാവിവാഗ്ദാനമായ – ഭാരതമണ്ണിന്റെ ആദ്യത്തെ പുണ്യപുഷ്പമായ – ഈ രത്നത്തെ കണ്ടെടുത്തത് എങ്ങിനെയെന്നു് അല്പം ഇവിടെ വിവരിക്കുന്നതു നന്നായിരിക്കും. സ്ഥാനാർത്ഥിയുടെ ബാഹ്യഗുണങ്ങളും ആന്തരികഗുണങ്ങളും മനസ്സിലാക്കി, അവരുടെ വീടും മാതാപിതാക്കളും എന്തൊക്കെയാണെന്നു് ഗ്രഹിച്ച്, യേശുക്രിസ്തുവിനെപ്പോലെ, തന്നെ പിൻചെല്ലുവാൻ വിളിക്കുന്ന ആ ദൈവവിളി എവിടെ? പത്രത്തിൽ പരസ്യം കൊടുത്തു സുന്ദരവാഗ്ദാനങ്ങളും നൽകി ഒരുമിച്ചുകൂട്ടുന്ന ഇന്നത്തെ ദൈവവിളി ടെക്നിക്കുകളെവിടെ? ''ദൈവവിളി വ്യക്തിപരമായ ഒരു വിളിയായിരിക്കണം'' എന്ന തത്വം പാലയ്ക്കൽ മല്പാനച്ചൻ ഇവിടെ ചാവറയച്ചന്റെ കാര്യത്തിൽ എങ്ങനെ യാഥാർത്ഥ്യമാക്കുന്നു എന്നു നോക്കുക.

പാലയ്ക്കൽ മല്പാൻ ഒരു ദിവസം തന്റെ ഇളയമ്മയെ സന്ദർശിക്കുവാൻ കൈനകരിയിലെ കാളാശ്ശേരിയിൽ വരികയുണ്ടായി. മല്പാനച്ചൻ തന്റെ ഇളയമ്മയോടും കുട്ടികളോടും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇതാ അസാധാരണ മുഖശ്രീയും ഉയർന്ന നെറ്റിത്തടവും ഉള്ള ഒരു പത്തുവയസ്സുകാരൻ പയ്യൻ അവിടെ മുറ്റത്തുവന്നു തന്റെ കൂട്ടുകാരനെ തിരക്കുന്നു. ബാലൻ പൊയ്

ക്കഴിഞ്ഞപ്പോഴും തന്റെ ഇളയമ്മയോട് ഈ അസാധാരണ ബാലനെക്കുറിച്ചു മല്ലാനച്ചൻ അന്വേഷിച്ചു. അവൻ അവരുടെ ബന്ധത്തിൽപ്പെട്ട പടിഞ്ഞാറേ ചാവറ കുര്യാക്കോസ് ചേട്ടന്റെ മകൻ കൊച്ചു കുര്യാക്കോസ് ആണെന്നും പഠനമെല്ലാം കഴിഞ്ഞു വീട്ടിൽ നില്ക്കുകയാണെന്നും ഇളയമ്മ മല്പാനച്ചനെ ഗ്രഹിപ്പിച്ചു.

പയ്യന്റെ മാതാപിതാക്കളെ നേരിട്ട് കാണുവാനായി മല്ലാനച്ചൻ പുറപ്പെട്ടു. നല്ല സുഖമില്ലാത്ത മൂത്ത മകൻ ജോസഫിനെക്കാളും എല്ലാംകൊണ്ടും കഴിവും സാമർത്ഥ്യവും ആരോഗ്യവുമുള്ള ഇളയമകൻ കൊച്ചു കുര്യാക്കോസിലായിരുന്നു മാതാപിതാക്കളുടെ പ്രതീക്ഷ മുഴുവൻ. കേരളം മുഴുവൻ ബഹുമാനിക്കുന്ന മഹാനായ പാലയ്ക്കൽ മല്ലാനച്ചൻ തങ്ങളുടെ ഭവനത്തിൽ വന്നതിൽ അതിയായ സന്തോഷമുണ്ടെങ്കിലും കൊച്ചുകുര്യാക്കോസിനെ വൈദിക പഠനത്തിനായി കൂടെ അയയ്ക്കുന്ന കാര്യം വളരെ പ്രായസമുള്ളതാണെന്ന് മാതാപിതാക്കൾ സവിനയം മല്ലാനച്ചനെ അറിയിച്ചു. വൈദികവൃത്തി ഏറ്റവും അഭികാമ്യമാണെങ്കിലും ആദ്ധ്യാത്മികതയിലും പഠനത്തിലും ആരോഗ്യത്തിലും മുന്നിട്ടുനിന്ന തന്റെ കനിഷ്ഠപുത്രൻ കൊച്ചു കുര്യാക്കോയെ പിരിയാൻ മാതാവായ മറിയാമ്മ വൈമുഖ്യം കാട്ടി. അവരുടെ പ്രതിഷേധം വിങ്ങിപ്പൊട്ടലുകളായി പുറത്തുവന്നു. ഏതായാലും മഹാനും ദിവ്യനുമായ പാലയ്ക്കൽ മല്ലാനച്ചനെ നിഷേധിച്ച് പിണക്കി അയയ്ക്കുന്നതിൽ വീട്ടുകാർക്കും പ്രയാസം തോന്നി. മല്പാനച്ചന മാതാപിതാക്കളുടെ തടസ്സവാദങ്ങളിൽ വലിയ കഴമ്പുള്ളതായി തോന്നിയില്ല. പാടത്തെ വരമ്പിൽ കൂട്ടുകാരൊത്തു കളിവിനോദങ്ങളിൽ മുഴുകിയിരുന്ന കൊച്ചുകുര്യാക്കോയെ ആളയച്ചു വിളിപ്പിച്ചു.

മല്പാനച്ചൻതന്നെ തന്റെ ഉള്ളിലിരുപ്പ് കുര്യാക്കോയെ അറിയിച്ചു. കാളാശ്ശേരിയിൽവച്ച് കുട്ടിയെ കണ്ടതു മുതൽ വലിയ കായ്ങ്ങൾക്കായി ദൈവം നീക്കിവച്ച ഒരു പുണ്യബാലനാണ് കുര്യാക്കോയെന്ന തന്റെ ഉള്ളിലെ തോന്നൽ മല്പാനച്ചൻ അവന്റെ മുമ്പാകെ വെളിപ്പെടുത്താതിരുന്നില്ല. ഏതായാലും തന്റെ ഉള്ളിന്റെ ഉള്ളിൽ ഉറങ്ങിക്കിടന്ന ഒരഭിലാഷം – ഒരു വൈദികനാകണമെന്ന ആഗ്രഹം – സാധിച്ചു കൊടുക്കുവാൻ ദൈവം അയച്ച ഒരു ദൈവദൂതനായി മല്പാനച്ചനെ കുര്യാക്കോ കണ്ടു. ദിവ്യബലിയിൽ സഹായിച്ചുപ്പോഴും സുറിയാനിവാക്കുകളും തെറ്റുകൂടാതെ ഉച്ചരിക്കുവാൻ പഠിച്ചപ്പോഴും തന്റെ ഉള്ളിൽ നിറഞ്ഞുനിന്ന അഭിലാഷം പൂർത്തിയാകാൻ തുടങ്ങിയതിൽ കുര്യാക്കോ സന്തുഷ്ടനായി. അധികമൊന്നും ആലോചിക്കാതെ പയ്യൻ ചാടിക്കയറി മറുപടികൊടുത്തു 'ഞാനും മല്പാനച്ചന്റെ കൂടെ പോരും' എന്ന്. മാതാപിതാക്കളുടെ എതിർപ്പിന്റെ സ്വരം വീണ്ടും മുഴങ്ങി. കൊച്ചുകുര്യാക്കോയുടെ ദൃഢനിശ്ചയത്തിന്റെ സ്വരവും ശക്തിയുള്ളതുതന്നെയായിരുന്നു. അടുത്തുള്ള വീടുകളിൽ നിന്നും കിഴക്കെ ചാവറയിൽനിന്നും ആളുകൾ അവിടെ കേട്ടറിഞ്ഞുവന്നു തുടങ്ങി. പലരും പലവിധത്തിൽ കൊച്ചുകുര്യാക്കോയെ പിന്തിരിപ്പിക്കാൻ പരിശ്രമിച്ചു. കാര്യം ഭംഗിയായി കലാശിക്കയില്ലെന്നു മനസ്സിലായപ്പോൾ കാരണവന്മാരിൽ എല്ലാംകൊണ്ടും ബഹുമാന്യനും നാട്ടുപ്രമാണിയും അമ്മാച്ചനുമായിരുന്ന തോപ്പിൽ ഗീവർഗീസച്ചന്റെ അപ്പനേറയും കുര്യാക്കോയുടെ ഇളയപ്പനേറയും വിധിതീർപ്പിനു ഈ പ്രശ്നം സമർപ്പിക്കപ്പെട്ടു. അവരുടെ തീരുമാനം കൊച്ചുകുര്യാക്കോയെ വൈദികപഠനത്തിനു അവന്റെ ആഗ്രഹമനുസരിച്ചു വിടണം; എന്നുതന്നെയായിരുന്നു. ചാവറയച്ചൻ തന്റെ നാളാഗമത്തിൽ പറയുന്നതു കാണുക. ''ടി ആണ്ടിൽത്തന്നെ എന്റെ 11–ാം വയ

സ്സിൽ പഠിക്കണമെന്നുള്ള മനസ്സ് ഉണ്ടായിരുന്നതിനാലും കാരണവന്മാരായ അപ്പനും അമ്മയ്ക്കും മനസ്സില്ലാഞ്ഞു. എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവർഗീസച്ചന്റെ അപ്പന്റേയും എന്റെ ഇളയപ്പന്റേയും മനസ്സാൽ കാരണവന്മാരും സമ്മതിച്ചു.

## IX പാലയ്ക്കൽ മല്പാൻ - സമുദായാചാര്യൻ

19–ാം നൂറ്റാണ്ടു കണ്ട സുറിയാനി സമൂഹത്തിന്റെ ഏറ്റവും വലിയ നേതാവായിരുന്നു പാലയ്ക്കൽ തോമ്മാമല്പാനച്ചൻ. അദ്ദേഹം ചരുങ്ങിയകാലം വരാപ്പുഴ മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്നപ്പോഴും ചെയ്ത വൻകാര്യങ്ങളെക്കുറിച്ച് അക്കമിട്ട് മുന്നൊരദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അല്മായനേതാക്കന്മാർ കുറവായിരുന്ന അക്കാലത്തു് വിജ്ഞാനികളും വിവേകികളുമായ വൈദികനേതാക്കന്മാരെങ്കിലും ഉണ്ടാകണമെന്നു് പാലയ്ക്കലച്ചൻ നേരത്തേ മനസ്സിലാക്കിയിരുന്നു. തന്റെ വൈദികവിദ്യാഭ്യാസകാലത്തു് അറിവു് സമ്പാദിക്കുന്നതിനു് അദ്ദേഹം കഠിനാദ്ധ്വാനംചെയ്തു. വൈദികവിദ്യാഭ്യാസത്തിനുപറ്റിയ പുസ്തകങ്ങളും തേടിപ്പിടിക്കുന്നതിനു് അന്നു തുടങ്ങിയ പരിശ്രമം; തന്റെ അവസാനത്തെ ശ്വാസംവരെ തുടർന്നിരുന്നു. കയ്യിൽ ഒരു പുസ്തകമില്ലാതെ അദ്ദേഹത്തെ ആരും കണ്ടിരുന്നില്ല. തമിഴിൽനിന്നും മലയാളത്തിലേയ്ക്കു നിരവധി പുസ്തകങ്ങളും അദ്ദേഹം വിവർത്തനം ചെയ്തു. വിവർത്തനം ചെയ്യാൻ കൂലികൊടുത്തുപോലും വിദഗ്ധരെ നിയമിച്ചു. തമിഴ് ഭാഷയിലുള്ള അഗാധമായ അറിവും ജ്ഞാനവും ഹേതുവായി അദ്ദേഹത്തെ പാണ്ടിമല്പാനെന്നു വിളിച്ചു് അന്നത്തെ മറ്റു മല്പാന്മാർ കളിയാക്കുമായിരുന്നു.

## ഗുരുത്തമൻ

സെമിനാരി റെക്ടറായപ്പോഴും അദ്ദേഹം തന്റെ പരിശീലനത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട വൈദികവിദ്യാർത്ഥികളുടെ എല്ലാമെല്ലാമായിരുന്നു. ആടുകൾക്കുവേണ്ടി ജീവൻ ഹോമിക്കുന്ന നല്ലയിടയനെപ്പോലെ പഠനത്തിലും അദ്ധ്യാപനത്തിലും - പ്രാർത്ഥനയിലും തപസ്സിലും അദ്ദേഹം കൊടുത്ത നല്ല മാതൃകമാത്രം മതിയായിരുന്നു ഏതൊരു വൈദികവിദ്യാർത്ഥിയേയും പുണ്യമാർഗ്ഗത്തിലേയ്ക്കും വിജ്ഞാനസമ്പാദനത്തിലേയ്ക്കും തിരിക്കാൻ.

## ഹൃദയങ്ങളെ സ്പർശിക്കുന്ന വാഗ്മി

പാലയ്ക്കലച്ചൻ ഒന്നാംതരമൊരു പ്രാസംഗികനായിരുന്നു. സെമിനാരിയുണ്ടായിട്ടും ഞായറാഴ്ച പല പള്ളികളിലും തിരുനാൾക്കു പോയി പ്രസംഗിക്കുമായിരുന്നു. മലയാളത്തിലും, തമിഴിലും, തെക്കൻ മലയാളത്തിലുമെല്ലാം അണപൊട്ടിയൊഴുകുന്ന കാട്ടാറുപോലെ ആശയങ്ങൾ ഒന്നൊന്നായി അടുക്കിച്ചേർത്ത് അദ്ദേഹം സംസാരിക്കുമായിരുന്നു. നീതിക്കും മിശിഹായുടെ മാർഗ്ഗത്തിനും ചേരാത്ത നീക്കങ്ങളുടെ നേരെ അദ്ദേഹം എന്നും വിരൽചൂണ്ടുകയും എതിർക്കേണ്ടതാണെങ്കിൽ മുഖം നോക്കാതെ എതിർക്കുകയും ചെയ്യുമായിരുന്നു.

## നീതിക്കുവേണ്ടി മുഖം നോക്കാത്തവൻ

അക്കാലങ്ങളിൽ ലത്തീൻ റീത്തിലെ ന്യൂനപക്ഷക്കാരും അധ:കൃതരും അവശരുമായ അഞ്ഞൂറിക്കാർ എന്ന സമുദായത്തിൽ വൈദികർ ആരുംതന്നെ ഇല്ലായിരുന്നു. 'മർസ്ലീനോസ് സ്ലബലീനി' എന്ന മെത്രാനു് ഇതു ശ്രീഹായ്ക്കടുത്ത നടപടിയല്ല എന്നു തോന്നി. പക്ഷേ എഴുന്നു

റിക്കാർ എന്ന ഭൂരിപക്ഷ പ്രബല സമുദായത്തിനു് ഇതൊരിക്കലും ഇഷ്ടമായില്ല. സ്ഥബിലീനി മെത്രാൻ തന്റെ ആലോചനക്കാരനായ പാലയ്ക്കൽ മല്പാനോടു് ആലോചന ചോദിച്ചു. ലത്തീൻ റീത്തിലെ അഞ്ഞൂറിറിക്കാരിൽനിന്നും വൈദികർ വേണമെന്നും യോഗ്യരായവർക്കു പട്ടം കൊടുക്കണമെന്നും സമുദായത്തിന്റെ ഉച്ചനീചത്വത്തിന്റെ പേരിൽ അയോഗ്യത കല്പിക്കരുതെന്നും ശക്തിയായി പാലയ്ക്കൽ മല്പാൻ വാദിച്ചു. മെത്രാനച്ചൻ അഞ്ഞൂറിറിക്കാർക്കു പട്ടം കൊടുത്തു. മല്പാനച്ചനാണു് ഇതിന്റെ പിന്നിലെന്നു മനസ്സിലാക്കിയ എഴന്നൂറിറിക്കാർ അവരുടെ പള്ളികളിൽ കയറുന്നതിൽനിന്നും പ്രസംഗിക്കുന്നതിൽനിന്നും മെത്രാനച്ചന്റെ ആലോചനക്കാരനെ വിലക്കി. വലിയ വിപ്ലവത്തിന്റെ വെടിമരുന്നിനുതന്നെ അവർ തീ കൊളുത്തി. സ്ഥബിലീനി മെത്രാനുപോലും വരാപ്പുഴയിൽ നിർഭയനായി ജീവിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കി. വരാപ്പുഴ നിന്നും മാറിത്താമസിക്കുന്നതാണു ഭേഗിയെന്നു പലരും തിരുമേനിയെ ധരിപ്പിച്ചു. അഞ്ഞൂറിറിക്കാരുടെ പ്രധാന പള്ളിയായ അത്തുങ്കൽ പോയി താമസിക്കുന്നതിനു് മെത്രാനച്ചനെ പലരും നിർബന്ധിച്ചു. അങ്ങനെയാണു് വരാപ്പുഴ മെത്രാൻ സ്ഥബിലീനി അതുത്തുങ്കൽ കുറെനാൾ താമസിക്കുവാൻ ഇടയായതു്. ഇവിടെവച്ചാണു് ചാവറ വാഴ്ത്തപ്പെട്ട കുര്യാക്കോസച്ചൻ പട്ടം സ്വീകരിക്കുന്നതും സ്ഥബിലീനി മെത്രാൻ കമ്മലീത്താസഭ സ്ഥാപിക്കാൻ അനുവാദം കൊടുക്കുന്നതും.

## നലംതികഞ്ഞ ആലോചനക്കാരൻ

മെത്രാനച്ചന്റെ സെക്രട്ടറി സ്ഥാനം ഉപേക്ഷിച്ചു മല്പാനായി പള്ളിപ്പുറത്തിനു പോന്നെങ്കിലും ഈ അമാ

നഷ്ടപ്രതിഭയെ പ്രശോഭിപ്പിക്കാൻതന്നെ സ്റ്റബിലീനി മെത്രാൻ നിശ്ചയിച്ചു. തന്റെ ആലോചനക്കാരനായി രിക്കാൻ മല്പാനച്ചനോട് ആവശ്യപ്പെടുകയും അതിൻ പ്രകാരം സമ്മതിക്കയും ചെയ്തു. കുറെനാൾ സെക്രട്ടറി യായിരുന്നപ്പോൾ പള്ളികളെക്കുറിച്ചും അവയുടെ സ്വത്തു ക്കളെ സംബന്ധിച്ചും അവയുടെ കേസുകാര്യാദികളെക്കു റിച്ചും ചില പ്രധാനപ്പെട്ട പള്ളികളിലെ ഗ്രൂപ്പുവഴക്കു കളെക്കുറിച്ചുമെല്ലാം നന്നായി മനസ്സിലാക്കുകയും പഠിക്കു കയും ചെയ്തിരുന്നു. ഇതുകൊണ്ടാണ് ഏതൊരു കുഴഞ്ഞ പ്രശ്നം വരുമ്പോഴും അരമനയിൽനിന്നും പാലയ്ക്കല ച്ചനെ വിളിപ്പിച്ചിരുന്നത്.

പാലയ്ക്കലച്ചൻ സെക്രട്ടറിയായി തന്റെ കൂടെ വേണമെന്ന് സ്തബിലീനി മെത്രാൻ പല പ്രാവശ്യം ആവശ്യപ്പെട്ടു. പക്ഷേ തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ (ശമ്മാശ്ശന്മാരെ) വിട്ടുപിരിയാൻ അദ്ദേഹത്തിനു ഇഷ്ടമി ല്ലായിരുന്നു. അവസാനം നിർബന്ധം കൂടിയപ്പോൾ ത നിക്കു പകരം സമർത്ഥനായ ഒരാളെ തരാമെന്നു പറഞ്ഞു് പോരുക്കര തോമ്മാച്ചന്റെ പേരു് നിർദ്ദേശിച്ചു അദ്ദേ ഹം തങ്കശ്ശേരിയിലെ വികാരിജോലി മതിയാക്കി വരാ പ്പുഴയ്ക്കു വന്നു. ജോലി ഏറെറടുക്കുന്നതിനു മുൻപുത ന്നെ പാലയ്ക്കൻ മല്പാനെ കണ്ടു് ആശീർവാദം വാങ്ങിക്കുകയും തന്റെ പ്രവർത്തനങ്ങൾക്കു് മാഗ്ദനിർദ്ദേ ശവും ഉപദേശവും യാചിക്കുകയും ചെയ്തു. അരമനയിൽ സെക്രട്ടറിയായശേഷവും കൂടെക്കൂടെ പള്ളിപ്പുറത്തു വന്നു. ആലോചന ചോദിച്ചിരുന്നു. ഈ അച്ചനാണ് കർമ്മ ലീത്താ സഭയുടെ (C M I) ആരംഭത്തിനുവേണ്ടി പിന്നീടു് പ്ലാനിട്ടതു്.

## പാലയ്ക്കൽ മല്പാൻ ഒരു ക്രാന്തദർശി

വരാപ്പുഴ അരമനയെ അക്കാലത്തു് ഒരു കുഴഞ്ഞ കേസ് വല്ലാത്ത തലവേദനയുണ്ടാക്കിയിരുന്നു. മണപ്പുറം തോപ്പു് എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിശാലവും ഫലഭൂയിഷ്ഠവുമായ ഒരു തെങ്ങിൻതോപ്പു് അക്കാലത്തു് അരമനയ്ക്കുണ്ടായിരുന്നു. വികാരി ജനറാൾ പ്രോസ്പർ പാതിരിതന്നെ നേരിട്ടായിരുന്നു കെസ്കെട്ടു് കൈകാര്യം ചെയ്തിരുന്നതു്. കേസ് അരമനയ്ക്കെതിരായി വിധിക്കുകയും, സ്ഥലം കോടതിയിൽനിന്നും ലേലത്തിനു വയ്ക്കുകയും ചെയ്തു. കോട്ടയത്തുകാരൻ കുര്യൻ എന്ന യാക്കോബായ മെത്രാനാണു് ചങ്കായ ഈ സ്ഥലം ലേലത്തിൽ പിടിച്ചതു്. അതു നടത്തി എടുക്കുന്നതിനു കോടതി വേണ്ട സഹായവും ചെയ്തുകൊടുത്തു. വരാപ്പുഴയ്ക്കു സ്ഥലവും മാനവും അഭിമാനവും എല്ലാം നഷ്ടപ്പെട്ട ഒരു പ്രശ്നമായിരുന്നു ഇതു്.

അപ്പോഴാണു് പാലയ്ക്കലച്ചന്റെ അടുക്കൽ ഇക്കാര്യത്തെക്കുറിച്ചു് ആലോചിക്കുവാനും സ്ഥലം വീണ്ടെടുക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു് പുനർവിചിന്തനം നടത്തുന്നതിനും ആളെ അയയ്ക്കുന്നതു്. പാലയ്ക്കലച്ചൻ അരമനയിലെത്തി. ബുദ്ധിമോശം സംഭവിച്ചതു സംഭവിച്ചതുതന്നെ. ഇനിയുള്ള മാർഗ്ഗത്തെക്കുറിച്ചായി ചിന്ത. കോട്ടയത്തു താമസിച്ചിരുന്ന ആംഗ്ലിക്കൻ ബിഷപ്പുവഴി ആവശ്യപ്പെട്ടാൽ യാക്കോബായ മെത്രാൻ സ്ഥലം തിരികെ വിലയ്ക്കുകിലും തരുമെന്നു് പാലയ്ക്കലച്ചൻ നിർദ്ദേശിച്ചു. ആംഗ്ലിക്കൻ ബിഷപ്പിനോടു് ആരു പറയും? അതിനും മല്പാനു തന്റെ സൂത്രശാലയിൽ ടെക്നിക്കുകൾ ഉണ്ടായിരുന്നു. കുടമാളൂർ പള്ളി സന്ദർശിക്കാനെന്ന ഭാവത്തിൽ മെത്രാനച്ചൻ കുടമാളൂർ എത്തുക. അവിടെ താമസിച്ചു

കൊണ്ട് കോട്ടയത്തു ചെന്ന് രഹസ്യമായി ആംഗ്ലിക്കൻ ബിഷപ്പിനെ കാണുക.

മെത്രാനച്ചൻ കുടമാളൂർക്കു് എഴുന്നള്ളുന്നതിനു മുമ്പായിത്തന്നെ മല്പാനച്ചൻ കോട്ടയത്തെത്തി. ബിഷപ്പിനേയും മദാമ്മയേയും കണ്ടു തങ്ങളുടെ മെത്രാനച്ചന്റെ സന്ദർശനത്തെക്കുറിച്ചു് അറിയിച്ചു. അങ്ങനെ എല്ലാ സാഹചര്യങ്ങളും ഇണക്കിയശേഷം കഥാനായകൻ ഒന്നും അറിയാത്തമട്ടിൽ തിരിച്ചുപോന്നു. ബിഷപ്പിനെ പ്രതീക്ഷിച്ചിരിക്കുന്ന വിധത്തിലായിരുന്നു ആംഗ്ലിക്കൻ ബിഷപ്പിന്റേയും പാർട്ടിയുടേയും പ്രവർത്തനം. വരാപ്പുഴ ബിഷപ്പിനെ അവർ ബഹുമാനപൂർവ്വം സ്വീകരിച്ചു. പാലയ്ക്കൽ മല്പാൻ എല്ലാം പറഞ്ഞുവച്ചിരുന്നതുകൊണ്ടു് മെത്രാനച്ചനു വസ്തുകാര്യത്തെക്കുറിച്ചു പറയേണ്ട ആവശ്യംതന്നെ ഉണ്ടായില്ല. മെലേഷ്യസ് മെത്രാൻ കുടമാളൂരിൽനിന്നും തിരിച്ചുപോരുന്നതിനു മുമ്പുതന്നെ മണപ്പുറം തെങ്ങിൻതോപ്പു് വരാപ്പുഴയ്ക്കു് ലേലത്തുക പറഞ്ഞിക്കൊണ്ടു് തിരിച്ചെഴുതിക്കൊടുക്കാമെന്നു് സമ്മതിക്കുന്ന യാക്കോബായ മെത്രാന്റെ കത്തു് കുടമാളൂർ എത്തിയിരുന്നു. പാലയ്ക്കലച്ചന്റെ ബുദ്ധിശക്തിയേയും നയചാതുരിയേയും എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു.

# X വിശുദ്ധനെ വാർത്തെടുത്ത കൈകൾ

കൈനകരിയിലെ കരിയിൽനിന്നും കുളിപ്പിച്ചെടുത്ത അനർഘമുത്തായിരുന്നു ചാവറയച്ചൻ. ഒരുവിധത്തിൽ പറഞ്ഞാൽ ചാവറയച്ചന്റെ മാതാപിതാക്കളോടുയുദ്ധം ചെയ്തു സമ്പാദിച്ചതായിരുന്നു ചാവറയെന്ന നിധി. പത്തുവയസ്സുകാരൻ ബാലനായി തന്റെകൂടെ പള്ളിപ്പുറത്തേയ്ക്കു പോരുമ്പോഴും താൻ കാണിച്ചതരുന്ന നാട്ടിലേയ്ക്ക് എല്ലാം ഉപേക്ഷിച്ചുപോരുവാൻ ദൈവം പറഞ്ഞിട്ട് അതനുസരിച്ച് പുറപ്പെട്ടന്ന അബ്രാഹത്തെപ്പോലെയായിരുന്നു ചാവറ കുര്യാക്കോസ്. പക്ഷെ ഈ മുത്തിനെ വിലകൂടിയ മുത്താക്കാൻ പാലയ്ക്കലച്ചൻ തന്റെ ജീവിതകാലം മുഴുവൻതന്നെ വിനിയോഗിച്ചിരുന്നു എന്നുപറയാം.

പാലയ്ക്കൽ മല്പാനായിരുന്ന കൊച്ചു കുര്യാക്കോയ്ക്ക് അപ്പനും അമ്മയും ജ്യേഷ്ഠനുമെല്ലാം. പ്രാത്ഥിക്കുന്ന രീതി മുതൽ ഉന്നതമായ ദൈവവിജ്ഞാനീയംവരെ മല്പാനിൽ നിന്നും കുര്യാക്കോസിനു കിട്ടിയതായിരുന്നു. തന്റെ നാളാഗമത്തിൽ അല്പം ദീർഘമായിത്തന്നെ തന്റെ ഗുരുഭ്രതനെക്കുറിച്ച് വാഴ്ത്തപ്പെട്ട ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. മല്പാനച്ചനെക്കുറിച്ച് പറയുന്നിടത്തെല്ലാം 'ഇ:ദെ' എന്ന പൂജ്യനാമം ഉപയോഗിക്കുന്നതല്ലാതെ മല്പാനച്ചനെന്നോ ഗുരുഭ്രതനെന്നോ ഒരിടത്തും ഉപയോഗിച്ചു കാണുന്നില്ല. കുര്യാക്കോസച്ചന്റെ ഉള്ളിലുണ്ടായിരുന്ന ഗുരുഭക്തിയുടേയും കടപ്പാടിന്റേയും ഉദാത്തഭാവമായിരുന്നു ഇതെന്നു നമുക്ക് അനുമാനിക്കാം. കൊച്ചു

ശിഷ്യനു പ്രത്യേക നിർദ്ദേശങ്ങളും കൊടുക്കുവാനും പണ്ഡിതനായ വൈദികനായിത്തീരുന്നതിനു് എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തുകൊടുക്കുവാനും മല്പാനച്ചൻ തയ്യാറാകുന്നു. പുസ്തകങ്ങളുടെ ശേഖരമുള്ള നല്ല ലൈബ്രറിയും അതുപയോഗിക്കേണ്ട വിധവും ശിഷ്യനു പറഞ്ഞുകൊടുക്കുന്നു. മല്പാനച്ചൻ എവിടെയെങ്കിലും യാത്രയ്ക്കു പോകുകയോ അരമനയിൽ ആലോചന കൊടുക്കുവാൻ പോകുകയോ ചെയ്യുമ്പോഴും പകരം ക്ലാസ്സെടുക്കുന്നതു് ചാവറ അച്ചനായിരുന്നു. അബ്രാഹം മല്പാൻ തോമ്മാച്ചനെ തന്റെ പിൻഗാമിയായി മനസ്സിൽ കണ്ടതുപോലെ പാലയ്ക്കൽ മല്പാനച്ചനും തന്റെ വിശ്വസ്ത പിൻഗാമിയായി മനസ്സിൽ കണ്ടിരുന്നതു് ചാവറ കുര്യാക്കോസച്ചനെയായിരുന്നു.

തന്റെ അരുമശിഷ്യൻ യാതൊന്നിലും പിന്നോക്കമാകരുതെന്നു് പാലയ്ക്കൽ മല്പാനു് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണു് ലത്തീൻ പഠിക്കാൻ വരാപ്പുഴ സെമിനാരിയിലയച്ചതു്. മിലേസ്യമെത്രാനോടും മറ്റും അനുവാദം വാങ്ങിയിട്ടു് അയച്ചതായിരുന്നെങ്കിലും അന്നത്തെ റീത്തുചരടുവലിയിൽ ഇതു സംഭവിച്ചില്ല. ശിഷ്യക്കു് മനപ്രയാസം വരാതിരിക്കാൻ രണ്ടാഴ്ചയോളം അവിടെ പ്രത്യേകം ഒരു മുറിയിൽ താമസിപ്പിച്ചിരുന്നു. ആദ്യത്തെ ദിവസം ക്ലാസിൽ കയററിയില്ലെങ്കിലും പിന്നീടെല്ലാം നേരെയാകുമെന്നാണു് അവക്കു കൊടുത്തിരുന്ന പ്രതീക്ഷ. എന്നാൽ പാലയ്ക്കൽ മല്പാൻ തന്റെ അരുമശിഷ്യനു് ലത്തീൻ പഠനം നല്കുകതന്നെ ചെയ്തു. കുറെ പഠനം സിദ്ധിച്ചപ്പോഴും ബുദ്ധിമാനായ ചാവറ സ്വയമായി ലത്തീൻ പഠനം പൂർത്തിയാക്കി. അങ്ങനെ ചാവറ പട്ടമേൽക്കുന്നതിനുമുൻപുതന്നെ ഒരു ബഹുഭാഷാപണ്ഡിതനായിത്തീർന്നു.

പാലയ്ക്കലച്ചനേറയും ചാവറ ശമ്മാശ്ശനേറയും സഹ
ജീവിതത്തെക്കുറിച്ച് വിലയിരുത്തുന്ന ഒരാംക്കട് നിഷ്പ്
പ്രയാസം മനസ്സിലാക്കാൻ സാധിക്കും - ചാവറ വിശ്വ
ദ്ധിയിലേയ്ക്ക് അതിവേഗം പറന്നുയർന്നത് തനേറ ഗുരു
വിനേറ നല്ല മാതൃകമൂലമാണെന്നു്. വി. കുർബാനയോ
ടുള്ള ഭക്തി, മാതാവിനോടുള്ള ഭക്തി, ഭക്താനുഷ്ഠാനങ്ങളും
മറ്റും കൃത്യമായി നിർവഹിക്കുന്നതിനുള്ള താല്പര്യം ഇവ
യെല്ലാം പാലയ്ക്കലച്ചനിൽനിന്നും കിട്ടിയ പിതൃസ്വത്താ
യിരുന്നു. അതുപോലെ പള്ളിപ്രസംഗങ്ങളും പറയുക, അ
ല്മായക്കട് നേതൃത്വം കൊടുക്കുക ഇവയെല്ലാം ഗുരുവിൽ
നിന്നും സൂക്ഷ്മദൃക്കായ ശിഷ്യൻ കണ്ടെത്തിയ നല്ല ശീല
ങ്ങളായിരുന്നു.

കുർബാന പട്ടത്തിനൊരുക്കി വരാപ്പുഴയ്ക്ക് അയച്ച
പ്പോഴും, അവിടെ എതിർപ്പുകളുടെ നീർച്ചുഴിയിൽ മെ
ത്രാൻ മുങ്ങിത്താഴ്ന്ന ഒരു സ്ഥിതിവിശേഷമായിരുന്നു.
പട്ടാർത്ഥികളെ അവിടെ നിർത്തിയിട്ട് വിദേശത്തേയ്ക്കു പോ
കാനൊരുങ്ങുന്ന മെത്രാനച്ചനെ ധൈര്യപ്പെടുത്തുകയും പൊ
തുജനങ്ങളുടെയും മറ്റും പിൻബലം പ്രഖ്യാപിക്കുന്ന രണ്ടു
മൂന്നു മെമ്മോറാണ്ടങ്ങളും നല്കി മെത്രാനച്ചനു് ആത്മവി
ശ്വാസം പകരുകയും ചെയ്തു. വരാപ്പുഴയിൽനിന്നും സു
രക്ഷിതമായി മെത്രാനച്ചനെ അർത്തുങ്കൽ പള്ളിയിൽ
കൊണ്ടുവന്നു താമസിപ്പിക്കുകയും ഏതാണ്ടൊക്കെയൊന്നു
മനസ്സു ശാന്തമായപ്പോഴും പട്ടം ഏല്ക്കാനുള്ള ചാവറയച്ചനേ
യും മറ്റും അർത്തുങ്കൽ എത്തിക്കുകയും ചെയ്തു. തങ്ങളുടെ
പുരോഹിതപട്ടത്തിനുവേണ്ടി – മല്പാനച്ചൻ സഹിക്കുന്ന
ക്ലേശങ്ങളും ക്ഷീണദശിയായ ചാവറയിൽ വലുതായ ചല
നം സൃഷ്ടിച്ചു. പ്രിയ ശിഷ്യൻ പട്ടമേൽക്കുമ്പോഴും പുത്തൻ
കുർബ്ബാന ചൊല്ലുമ്പോഴുമെല്ലാം സന്തോഷാശ്രുക്കളും പൊ

ഴിക്കുന്ന ഗുരുവിന്റെ നേരെ കൂപ്പുകൈകളോടെയല്ലാതെ ചാവറയ്ക്കും മറ്റും സമീപിക്കാൻ കഴിഞ്ഞില്ല.

പുത്തൻ കുർബാനയ്ക്കു സ്വന്തനാട്ടിൽ പോയ ശിഷ്യന്റെ താമസിയാതെയുള്ള തിരിച്ചുവരവു് പ്രതീക്ഷിച്ചിരുന്ന പാലയ്ക്കൽ മല്പാനു് ചെറിയ ഒരു നിരാശവരുത്തിക്കൊണ്ടു് ഒരു മാസത്തോളം ജ്ഞാനധ്യാനവും മറ്റുമായി പുളിങ്കുന്നിൽ ചുറ്റിത്തിരിഞ്ഞപ്പോഴെല്ലാം ഈ ചെയ്യുന്നതെല്ലാം മല്പാനച്ചന്റെ അനുവാദത്തോടെയല്ലല്ലോ – എന്ന മനക്കടി - ചാവറ കുര്യാക്കോസച്ചനു് ഉണ്ടായതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. സാമാന്യഗതിയിൽ പട്ടമേറ്റു കഴിയുമ്പോഴും മല്പാനും സെമിനാരിയുമായുള്ള ബന്ധമെല്ലാം തീരുമായിരുന്നു. ഇവിടെ കുര്യാക്കോസ് ഏലിയാസച്ചന്റെ കാര്യത്തിൽ ഏതോ ഒരു കാര്യത്തിനു് അനുവാദം കൊടുത്തു് അയച്ചതുപോലെയും അതു കഴിഞ്ഞിട്ടു് മടങ്ങിവരാൻ താമസിക്കുന്നതുപോലെയുമുള്ള ഒരു മാനസികാവസ്ഥയാണു് ഗുരുവും ശിഷ്യനും കാണിക്കുന്നതു്. ചാവറയച്ചൻതന്നെ തന്റെ നാളാഗമത്തിൽ ഒരു മാസം കഴിഞ്ഞു് - പള്ളിപ്പുറത്തു മടങ്ങി എത്തിയപ്പോഴും, 'ഇതുയും താമസിച്ചതു ഭംഗിയായില്ല എന്ന മുഖ:ഭാവം – അ. ദേ. ഉണ്ടായി' എന്നു എഴുതിയിരിക്കുന്നു. ഇങ്ങനെ എല്ലാംകൊണ്ടും നോക്കുമ്പോഴും, ശിഷ്യനു് ഗുരുവിനോടുള്ള പിതൃസഹജമായ ഭക്തിയും ബഹുമാനവും - ഗുരുവിനു് ശിഷ്യനോടുള്ള പുത്രസഹജമായ വാത്സല്യവും സ്നേഹവും എല്ലാം ഒത്തിണങ്ങിയ ഒരു മൈത്രീബന്ധമായിരുന്നു ഇവരുടേതു്.

ചാവറയച്ചൻ തന്റെ ഗുരുവിനെക്കുറിച്ചു് നന്ദിയോടും കടപ്പാടോടുംകൂടെ ഓർക്കുന്നതു് ഇവിടെ രേഖപ്പെടുത്തട്ടെ. ''പൈതൽപ്രായംമുതൽ ആത്മത്തിനുടുത്തതും ശരീ

രത്തിനടത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം ത
ന്നെ അന്വേഷിച്ചു നടത്തി. പഠിപ്പിച്ചു വളർത്തി. (ചാ
വറയച്ചന്റെ വൈദികവിദ്യാഭ്യാസത്തിന്റെ ചിലവു മു
ഴുവൻ വഹിച്ചതു പാലയ്ക്കൽ മല്പാനച്ചനായിരുന്നു.) ആ
ദേഹത്തിന്റെ മരണംവരേയും മാംസത്തിനടത്ത സമ്മ
ന്തക്കാരിലും അരുപിക്കടുത്ത മക്കളായ ശിഷ്യരിലും അ
തികമായിട്ടുള്ള താൽപര്യവും എന്റെമേൽ വച്ചു. ആ ദേ
ഹത്തിന്റെ സമ്പത്തിനവകാശി എന്ന പോലെ താൻ
താൽപര്യംവച്ചു സ്നേഹിച്ച എന്ന സമ്പത്തായ ഈ കൊ
വേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തി''. (P. 59)

ഗുരുവിന്റെ തൃപ്പാദങ്ങളെ പിൻതുടർന്ന്, ഗുരുമുഖ
ത്തുനിന്നും പഠിച്ച്, ഗുരുവിനെ അനുകരിച്ചു ജീവിച്ച്
വിശുദ്ധിയിലേയ്ക്കുയർന്ന ചാവറ കുര്യാക്കോസച്ചനെയാ
ണു നാം കാണുക. അതെ, വിശുദ്ധനെ വാർത്തെടുത്ത മ
നോഹരവും സംപൂജ്യവുമായ കൈകളും.

## XI സ്ഥാപകരിൽ പ്രമുഖൻ

പാലയ്ക്കൽ മല്പാനച്ചന്റെ ബഹുമുഖമായ പ്രവ
ർത്തനങ്ങൾക്ക് മകുടമണിയിക്കുന്നതു - സി. എം. ഐ സ
ഭയുടെ സ്ഥാപനത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ഉ
ൽക്കാഴ്ചയും മുൻനോട്ടവും പ്രാരംഭപ്രവർത്തനവുമായിരുന്നു.
ഇന്നു സഭയിൽപോലും പലരും, സഭാസ്ഥാപനത്തി
ന്റെ ഈറ്റുനോവിൽ ജീവിതം സമർപ്പിച്ച പാലയ്ക്കൽ
മല്പാനച്ചനുള്ള പങ്കിനെക്കുറിച്ച് വേണ്ടത്ര അറിവില്ലാ
ത്തവരോ ഒട്ടും അറിവില്ലാത്തവരോ ആണ്.

ആക്കാണ് സഭാസ്ഥാപകരിൽ ആദ്യമായി ഒരു സന്യാസസഭയെക്കുറിച്ച് ദർശനം കിട്ടിയതു്. ആരെയാണ പരിശുദ്ധാത്മാവു് അതിനായുള്ള charism - കൊടുത്തു ഉത്തേജിപ്പിച്ചതു് – തീച്ചയായും പാലയ്ലിൽ മലപാനച്ചനെത്തന്നെയാണന്നു സഭയുടെ ആരംഭചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു്.

## സഭാസ്ഥാപന ദർശനം

യൂറോപ്പിലും മറ്റും സന്യാസസഭകളായിരുന്ന വലിയ വലിയ സെമിനാരികളും നടത്തിക്കൊണ്ടു പോന്നിരുന്നതു്. ഉദാ: ഡൊമിനിക്കൻ സഭ. പാലയ്ലച്ചന്റെ വീക്ഷണത്തിൽ അന്നു കേരളസഭയ്ക്കു വേണ്ടതു് വിജ്ഞാനികളായ വൈദികരെയായിരുന്നു. ഇവരെ വാത്തെടുക്കാൻ നല്ല നിലയിലുള്ള സെമിനാരി വേണം. അതുപോലെതന്നെ, ദൈവജനത്തെ മദ്ധ്യജീവിതത്തിൽനിന്നും തട്ടിയുണർത്തുന്നതിനും അവർക്കു ദൈവവിജ്ഞാനീയവും ബൈബിളും ഭാഷ്യവും നൽകുന്നതിനും ഒന്നാംതരം സഭാപ്രാസംഗകരെയും അന്നു് കേരളസഭയ്ക്കു് ആവശ്യമായിരുന്നു. ഇതുരണ്ടിനും ഒരു സന്യാസസഭ കേരളമണ്ണിൽ കേരള മക്കളുടേതായിട്ട് രൂപംകൊള്ളേണ്ടതു് കാലത്തിന്റെ ഏറ്റവും വലിയ ആവശ്യമാണന്നു് മല്പാനച്ചനു ബോദ്ധ്യമുണ്ടായിരുന്നു. യൂറോപ്പിലെ വി. ഡൊമിനിക്കോസിന്റെ സഭയുടെ ഒരു കേരള പതിപ്പായിരുന്നു കഥാനായകന്റെ മനസ്സിലുണ്ടായിരുന്ന സന്യാസദർശനം.

## സഭാസ്ഥാപന സിദ്ധി

തന്റെ അരുമ ശിഷ്യരോടുകൂടി പ്രാർത്ഥനയിലും കുറെയൊക്കെ തപസ്സിലും പഠനത്തിലും കാലംകഴിച്ചിരുന്ന ഈ സിദ്ധനിൽ തന്റെ അരുമയായ ദർശനം സാധി

തമാകാനുള്ള ദൈവാനുഗ്രഹസിദ്ധി ദൈവാരൂപിതന്നെ ചിന്തിയിരുന്നു. മല്പാനച്ചൻ ശിഷ്യരോട് തന്റെ ഈ ആഗ്രഹം പറയുകയും നിരവധി പ്രാവശ്യം അവരെക്കൊണ്ട പ്രാർത്ഥിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തെളിവാണ വത്സല ശിഷ്യനായ കുര്യാക്കോസ് കൊച്ചുച്ചന്റെ പ്രഥമ ബലിയിലെ പ്രാർത്ഥന. നവപൂജയിൽ പ്രാർത്ഥിക്കുന്നതെല്ലാം ദൈവം സാധിച്ചുകൊടുക്കുമെന്ന വിശ്വാസമാണ് ഈ കായ്യം (സന്യാസസഭ സ്ഥാപനമെന്ന കായ്യം) സാധിച്ചുകൊടുക്കണമേ എന്ന പ്രാർത്ഥന. അതു തന്നെ സ്പർശിക്കുന്നതിനേക്കാളും തന്റെ ഗുരുവിന്റെ ഏറ്റവും വലിയ ആഗ്രഹമാണ് എന്ന രീതിയിലാണ് ചാവറയച്ചൻ പ്രഥമ ബലിയിൽ പ്രാർത്ഥിക്കുന്നത്. ''ഈ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം'' (p. 65).

ഇങ്ങനെ പാലയ്യൂർ മല്പാനച്ചനു സന്യാസസഭയെക്കുറിച്ച് നിയതമായ ഒരു ദർശനവും അതു നടപ്പിലാക്കാനുള്ള സിദ്ധിയും കിട്ടുന്നു. ഈ ദർശനവും സിദ്ധിയും വച്ചുകൊണ്ട് ഉത്തമ മിത്രമായ പോരുക്കര തോമ്മാച്ചന്റെ അഭിപ്രായമറിയുവാൻ പാലയ്യൂരച്ചൻ പരിശ്രമിക്കുകയാണ്.

**താപസ ഭവനം** (ദർശനവീട്)

ലോകത്തിൽ ജീവിച്ചാൽ – ലോകരോടൊത്തു ജീവിച്ചാൽ - പുണ്യപ്പെടുക അസാദ്ധ്യമെന്നും, കേരളസഭയിൽ വിശുദ്ധരുണ്ടാകണമെങ്കിൽ നിരന്തരം പ്രാർത്ഥനയിൽ ചിലവിടുന്ന താപസഭവനങ്ങളും വേണമെന്നുമുള്ള ആശയം പോരുക്കരയ്യൂണ്ടായിരുന്നതായി കാണുന്നു. ആയിടയ്ക്ക കർമ്മലമാതാവിന്റെ അല്മായർക്കുള്ള കോഗ്രഗീസ്യ എന്ന കർമ്മലമാതാവിന്റെ ദർശനസമൂഹം സു

റിയാനി പള്ളികളിൽക്കൂടി പ്രചരിക്കുവാൻ പാലസ്തൂൽ അച്ചൻ പരിശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ സമൂഹത്തിന്റെ ഒരു ഉന്നതമായ സമിതി അല്ലെങ്കിൽ ദർശനസമൂഹമായിരുന്നു പട്ടക്കാക്കുവേണ്ടിയുള്ള ദർശനസമൂഹം. ഇതിനൊരു ദർശനഭവനം വേണം. അല്ലെങ്കിൽ താപസഭവനം വേണം. ഇങ്ങനെ പാലയ്ക്കലച്ചനും പോരുക്കരയച്ചനും ദീർഘനാൾ ഇതിനെക്കുറിച്ചു ചർച്ച ചെയ്തു. പോരുക്കര, അർത്തുങ്കൽനിന്നും നിരവധി പ്രാവശ്യം ഇതിനായി പള്ളിപ്പുറത്തു് വന്നിട്ടുണ്ടു്. ശക്തമായ ആലോചനയും പ്ലാനിംഗും അഴിച്ചുപണിയലും എല്ലാം നടന്നിട്ടുണ്ടു്. ഇതു പട്ടമേൽക്കാനൊരുങ്ങുന്ന ചാവറ ശെമ്മാശ്ശൻ കണ്ടും കേട്ടും വരികയായിരുന്നു. അതുകൊണ്ടാണു് അദ്ദേഹം തന്റെ പൂത്തൻകുർബാനയിൽ ഈ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതു്.

ദർശനവീടു് അല്ലെങ്കിൽ താപസഭവനം തുടങ്ങണം എന്ന ആശയവുമായിട്ടാണു് സുബിലീനി മെത്രാനച്ചനെ അനുവാദത്തിനായിട്ടു് സമീപിക്കുന്നതു്. ഒരു ദിവസം തോമ്മാച്ചന്മാരു രണ്ടുപേരുംകൂടി ആലോചിച്ചു് നമ്മടെ മുൻപറഞ്ഞ കായ്യം പെ. ബ. മെത്രാനച്ചനോടു് ബോധിപ്പിച്ചുകൊണ്ടു് പോകണമെന്നും പറഞ്ഞു് ഒരു ദിവസം ഉല്ലാസസമയത്തു പറഞ്ഞു. ''ഞങ്ങടെ രണ്ടുപേരും വാച്ചടത്തും ഒതുങ്ങിപാക്കണമെന്നു നിരൂപിച്ചിട്ടുണ്ടെന്നും ആയതിനാൽ ഞങ്ങടെക്കു് അനുവാദം തരണമെന്നും, ഇവിടെ നില്പാൻ വേറിട്ടൊരാടം ഞങ്ങടെതന്നെ ഉണ്ടാക്കിതരാമെന്നും പറഞ്ഞു. അപ്പോടം ബ. മെത്രാനച്ചൻ കല്പിച്ചു. അല്പം വല്ലതും തിരിയുന്ന നിങ്ങടെ ഒന്നരണ്ടു പേരുള്ളതു മിണ്ടാടക്കമായി വാച്ചടത്തും ഒതുങ്ങിപാത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും അങ്ങനെ നിങ്ങടെക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ

എന്നാൽ എല്ലാവക്കും ഉപകാരമുണ്ടല്ലോ എന്നു കല്പിക്കുകയും. അപ്പോഴും ഇവർ പറഞ്ഞു. അതു കഴിയുന്ന കായ്മോ? ഇവിടെ ആരു സഹായിക്കും? രാജാക്കന്മാചെയ്യുവാനുള്ള കായ്മല്ലയോ, ഇവിടെ മാഗ്ദരാജാവായിരുന്നെങ്കിൽ കഴിഞ്ഞേനെ. അപ്പോഴും പെ. ബ. മെത്രാനച്ചൻ കല്പിച്ചു. മനസ്സായിട്ട ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും. അതെന്തൊ ക്രിസ്ത്യാനികളും വളരെയുണ്ടല്ലോ അവരോടു ധർമ്മം വാങ്ങിച്ചാൽ മതിയല്ലോ എന്നു പറഞ്ഞു അന്നു പിരിഞ്ഞു (നാളാഗമം A. P. 6-7)

മുകളിൽ പറഞ്ഞിരിക്കുന്നതിൽനിന്നും അനുമാനിക്കാവുന്ന ചില കായ്മകൾ വൈദീകരെ പഠിപ്പിക്കണമെന്നും ജനങ്ങൾക്കു പഠാത്ഥ നല്കണമെന്നും അതിനായി ഒരു സഭ സ്ഥാപിക്കണമെന്നുമുള്ള പാലയ്ക്കലച്ചന്റെ ദർശനം ആഗ്രഹം – പോരുക്കരെ താപസഭവനമാക്കി മാറ്റുന്നു. അതു ദൈവത്തിന്റെ സഭയുടെ പ്രതിനിധി – മെത്രാനച്ചൻ വാച്ചടത്തും ഒതുങ്ങിപാക്കാതെ ലോകരെ പഠിപ്പിക്കാൻ കൊവേന്ത വയ്ക്കുക എന്ന ആശയമാക്കി വീണ്ടും തിരുത്തുന്നു. അങ്ങനെ പാലയ്ക്കൽ മല്പാന്റെ പഴേ ആശയത്തിലേയ്ക്കു വീണ്ടും തിരിച്ചുവരുന്നു. പോരുക്കരെയും പാലയ്ക്കലുംകൂടി ഒന്നിച്ചു് ആലോചിച്ചു് 'ക്രസ്ത്യാനികളും സഹായിക്കും' എന്ന മെത്രാനച്ചന്റെ അഭിപ്രായം നിവർത്തിക്കാനായി തീരുമാനിക്കുകയും, ഒരു ധർമ്മക്കടലാസിനായി മെത്രാനച്ചനെ വീണ്ടും സമീപിക്കാനായി തീരുമാനിക്കുകയും ചെയ്യുന്നു.

ധർമ്മക്കടലാസു് കൊടുക്കുന്നതോടുകൂടി 200 രൂപയും കൊടുക്കുന്നുണ്ടു്. അതിലും '' ഈ കടലാസു് ഏല്പിച്ചിരിക്കുന്ന പാലയ്ക്കൽ തോമ്മാ കത്തനാരുടേയും പോരുക്കര തോമ്മാ കത്തനാരുടേയും കയ്യിൽ കൊടുത്ത രൂപാ''

എന്നും അതിനടിയിൽ കുറിക്കുന്നു. അങ്ങിനെ പാലയ്ക്കൽ തോമ്മാ കത്തനാരാണ് സഭയുടെ സ്ഥാപകരിൽ പ്രമുഖനായി ആരംഭംമുതൽ കാണുന്നതു്. മെത്രാനച്ചന്റെ സെക്രട്ടറിയായിട്ടും ആലോചനക്കാരനായിട്ടും സെമിനാരി മല്പാനായിട്ടും വിരാജിക്കുന്ന പാലയ്ക്കൽ മല്പാനല്ലാതെ സഭയുടെ തുടക്കത്തിനായി മുന്നോട്ടുവരാൻ അന്നു സുറിയാനി വൈദീകരിൽ പ്രമുഖരായ വേറെ ആരും ഇല്ലായിരുന്നു. പോരുക്കരയെ സെക്രട്ടറിയാക്കുന്നതുതന്നെ പാലയ്ക്കലച്ചന്റെ നിർദ്ദേശപ്രകാരവും തനിക്കു പകരമായിട്ടുമാണ്. പോരുക്കരയും ചാവറയും മല്പാന്മാർ ആകുന്നതും വളരെ നാളുകൾക്കു ശേഷം പാലയ്ക്കലച്ചൻ മരിച്ചു കഴിഞ്ഞു് ആയിരുന്നു. (1844-ൽ)

പണം പിരിവിനായി ധമ്മക്കടലാസും കൊണ്ടു് ആദ്യം കൂട്ടനാട്പ്രദേശത്തേയ്ക്കായിരുന്നു പോയതു്. നല്ല സുഖമില്ലെങ്കിലും പാലയ്ക്കലച്ചനും കൂടെപ്പോയി. ഇവരുടെ കയ്യിൽ കൊടുത്ത രൂപാ എന്നാണ് പലരും ധമ്മക്കടലാസിനു താഴെ എഴുതിയിരിക്കുന്നതു്.

''എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസ്സുകാരും ഈ അച്ചന്മാർ രണ്ടും തന്നെ. എന്നാൽ ഈ മല്പാനച്ചന്റെ മനസ്സിനു മുഴുവൻ ചേർന്നു നടക്കണമെന്നുള്ള അഭിപ്രായത്തിൽ ചെറുപ്പംമുതൽ തുടങ്ങി നിശ്ചയിച്ചുവനായ ചാവറ കുറിയാക്കോസ് എന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധിചൊല്ലിൽ അത്തുകൽ വച്ചു് കുർബാനപ്പട്ടം ഏറ്റപ്പോഴും മെത്രാനച്ചനോടുകൂടി ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം എന്നുള്ള നിശ്ചയണയാൽത്തന്നെ ഒന്നാമത്തെ പൂജയണച്ചു.'' (നാളാഗമം)

വീണ്ടും താപസഭവനം (കൊവേന്തയുള്ള സ്ഥലം) കരുപ്പിടിപ്പിക്കുന്നതിനുള്ള പരിശ്രമമാണു്. പാലയ്ക്കൽ മല്പാനച്ചന്റെ സുഖംനോക്കി മറ്റുള്ളവർ കാത്തിരിക്കുന്നു. ആദ്യത്തെ യാത്രയിൽ ചാവറ കുര്യാക്കോസച്ചനേയില്ല. പോയവരുടെ ലിസ്റ്റ് ഇതാണു്. ഞങ്ങളുടെ മല്പാനച്ചൻ പോരുക്കരയച്ചൻ – വാലിഭക്കാരൻ കണിയാന്ത്ര യാക്കോ, പള്ളിപ്പുറത്തു കല്ലുങ്കൽ ഇട്ടിയപ്പു്, ഈഴവ പരിഷയിലുള്ള ഇട്ടൻ എന്നയാളും മാത്രം. ഇവർ ആറുവഴി വള്ളത്തിൽ പോയി വെട്ടിക്കാട്ടമുക്കം കടന്നു് മുളക്കുളത്തുചെന്നു് - മനസ്സിനിണങ്ങിയ സ്ഥലം കണ്ടില്ല. കടനാട്ടി പാറയും ബോധിച്ചില്ല. വഴിയിൽ കാണുന്ന കുന്നും മലയുമെല്ലാം നോക്കിക്കൊണ്ടു് ആ യാത്രാസംഘം മടങ്ങിവരുകയാണു്. മണക്ക എന്നു പറയുന്ന വെട്ടിക്കാട്ടമുക്കിനു അടുത്തുള്ള സ്ഥലത്തു വന്നപ്പോഴും ആ കുന്നു കയറിക്കാണാൻ ആഗ്രഹിച്ചു. ''അപ്പോഴും ഞങ്ങളുടെ അച്ചനു ക്ഷീണമാകയാൽ വള്ളത്തിൽത്തന്നെ കിടന്നു''.

ഇങ്ങനെ ക്ഷീണമായിട്ടും പാലയ്ക്കലച്ചനെത്തന്നെയാണു കൊവേന്തയുടെ Site കണ്ടുപിടിക്കാൻ കൊണ്ടുപോകുന്നതു്. മല്പാനച്ചൻ ഇഷ്ടപ്പെട്ടാൽ മറ്റുള്ളവക്കും ഇഷ്ടമായി. ഇല്ലെങ്കിൽ മറ്റുള്ളവക്കും ഇഷ്ടമല്ല എന്ന നിലപാടായിരുന്നു. പെരിയപ്പുറത്തു മാത്തൻ എന്നയാളും അയാളുടെ കുന്നുംപുറം കൊടുക്കാം എന്നുള്ള എഴുത്തും വികാരിയുടെ എഴുത്തും കൊടുത്തയയ്ക്കുന്നതു് ഞങ്ങളുടെ അച്ചന്റെ (പാലയ്ക്കൽ മല്പാൻ) പേക്കാണു് അതിനു മറുപടി കൊടുത്തയയ്ക്കുന്നതും പാലയ്ക്കലച്ചൻതന്നെ.

സുഖക്കേടു ഭേദമായശേഷം ഒരു പുത്തൻ കുർബ്ബാനയ്ക്കു പോയി മടങ്ങുംവഴി പോറോത്തു ഒരു സ്ഥലം കയറി കാണുന്നു. ഇവിടെ മാത്രമേ കുര്യാക്കോസച്ചനുള്ളൂ.

അതും പുത്തൻകുർബ്ബാനയ്ക്കുവേണ്ടി പോയതുകൊണ്ടായിരുന്നു.

വേദഗിരിക്കുന്ന കാണുന്നതിനു് ഞങ്ങളുടെ അച്ചനും പോത്തുക്കരയച്ചനും കൂടെപ്പോയി.

കടമാളൂർ പള്ളിക്കു കിഴക്കുള്ള കുന്നു (പൂല്ലരിക്കുന്നു) കണ്ടു് അതു ഏകദേശം മതിയെന്നു വയ്ക്കുന്നു. ഈ സ്ഥലം വാങ്ങാൻ സായിപ്പിൽനിന്നും അനുവാദം കിട്ടാൻ പോത്തുക്കരയച്ചനെ പാലയ്ക്കലച്ചൻ നിയോഗിക്കുന്നു.

ഗവണ്മെന്റർ സായിപ്പു കൊച്ചിയിൽ വന്നെന്നു കേട്ടു കൊവേന്ത സ്ഥലം വാങ്ങുന്നതിനു് അനുവാദത്തിനായി കമ്മലമാതാവിന്റെ തിരുനാളായിട്ടും പാലയ്ക്കലച്ചൻ തന്നെ യാക്കോയേയും കൂട്ടി എറണാകുളത്തിനു പുറപ്പെടുന്നു.

ആലങ്ങാട്ടു മാണ്ടവത്തുംവാതുക്കൽ ആയിരിക്കുന്ന രാജാവിനെ കണ്ടു് അനുവാദം വാങ്ങിക്കാൻ പാലയ്ക്കലച്ചൻ പോത്തുക്കര അച്ചനോടൊത്തു പോകുന്നു.

അവിടെനിന്നും പോരുമ്പോഴും മാന്നാനത്തിൽക്കൂടി അതിരമ്പുഴയ്ക്കു പോകുവാൻ വന്നപ്പോഴും ദൂരത്തിൽ നമ്മുടെ ബേസ്സ് റൗമ്മയും ഇതിനു വടക്കുപടിഞ്ഞാറു കുരിയാറ്റം എന്ന കുന്നും കണ്ടു യാക്കോ കാട്ടുകുറ്റി കൂടാതെ തെളിഞ്ഞു കിടക്കുന്ന കുരിയാറ്റം കൊള്ളാമെന്നു പറഞ്ഞപ്പോഴും പാലയ്ക്കലച്ചൻ അതിൽ നല്ലതും തുറസ്സും ഇതാകുന്നു (ബേസ്സ്റൗമ്മ) എന്നും വളമുള്ള ഭൂമിയാകകൊണ്ടത്രെ കാട്ടു പിടിച്ചു കിടക്കുന്നതു് എന്നും പറഞ്ഞു.

പാലയ്ക്കലച്ചൻ ചാവറയച്ചനെ സിമ്മാരിയേല്പിച്ചിട്ടു് അതിരമ്പുഴ, കടമാളൂർ മുതലായ സ്ഥലങ്ങളിലുള്ള

സ്ഥലങ്ങളും പ്രത്യേകിച്ച് ബേസ്റ്റമ്മായും എല്ലാം കാണുന്നതിനും അനുവാദ പത്രികകളും ശരിയാക്കുന്നതിനുമായി ഒരു മാസത്തോളം അതിരമ്പുഴ താമസിക്കുന്നു. ''ഇങ്ങനെ നിശ്ചയിച്ചിരിക്കുമ്പോൾ ഞങ്ങളുടെ മല്പാനച്ചൻ പള്ളിപ്പുറത്തുനിന്നും പോന്നിട്ട് ഒരു മാസമാകകൊണ്ടും വസന്തദീനത്താൽ ശമ്മാശ്ശന്മാർക്കും കിടാങ്ങൾക്കും അവിടെ പാപ്പാനുള്ളതിനു ഭയമാകകൊണ്ടും ഏതെല്ലാംപ്രകാരം വേണ്ടുവെന്നു ചോദിപ്പാനായിട്ട് ഞാൻ പള്ളിപ്പുറത്തുനിന്നും അതിരമ്പുഴ വന്നു''. (നാളാഗമം P. 18)

''ഇങ്ങനെയിരിക്കുമ്പോൾ പോർക്കരെക്കച്ചൻ പോന്നിട്ട് ഉത്തരവുകൊടുത്തോ അനുവാദം വാങ്ങിച്ചോ ഏതെല്ലാം പ്രകാരത്തിൽ ആയി എന്ന അവസ്ഥ അറിവാനായിട്ടു നോമ്പു വീടിയ ബുധനാഴ്ചനാൾ എന്നെ അച്ചൻ പറഞ്ഞയച്ചു''. (നാളാഗമം P. 20)

പനമ്പു മറവച്ചു കുരിശുപുരകെട്ടി അതിൽ കുർബ്ബാന ചൊല്ലുവാൻ അനുവാദത്തിനു് മെത്രാനച്ചനു് എഴുതുന്നു. (നാളാഗമം. P. 21)

''പിറേറദിവസം പുലർകാലെ കല്ലിടാറായപ്പോൾ സുഖക്കേടാൽ പെ. ബ. അച്ചനു് ഉട്ടപ്പാനും മറും പാടില്ലായ്കയാൽ പള്ളിപ്രത്തച്ചൻ കല്ലിടട്ടെ എന്നും അച്ചനു പാടില്ലെങ്കിൽ പോർക്കരയച്ചൻ ആകട്ടെ എന്നും'' മെത്രാൻ പറയുന്നു. (P. 24)

''പെ. ബ. അച്ചനും (മെത്രാൻ) പള്ളിപ്രത്തച്ചനും പോർക്കരയച്ചന്റെ നിശ്ചയംതന്നെ എല്ലാത്തിനും നന്നു് എന്നുറച്ചു. (P.25)

''എന്നാൽ ഇതിനുള്ള പ്രധാനികളുടെ വേലക്കാരും പ്രധാനികളും മനസ്സുകാരും എല്ലാം ഈ അച്ചന്മാരു രണ്ടും

തന്നെ. എന്നാൽ മല്പാനച്ചന്റെ മനസ്സിനു മുഴുവനും ചേരുന്ന നടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പം മുതൽ നിശ്ചയിച്ച ഈ എഴുത്തുകാരൻ. (P. 26)

ശമ്മാശ്ശന്മാരുടെ മുകളിലും താഴെയുമായി വേർതിരിക്കപ്പെട്ടതിലുള്ള സങ്കടഹർജി പള്ളിപ്പുറത്തുപെരുന്നാളിനു വന്നപ്പോഴും പാലയ്ക്കലച്ചന്റെ അടുക്കൽ കൂടുക്കച്ചിറ അന്തോണി ശമ്മാശ്ശു കൊടുക്കുന്നു.

''ഞാൻ പോരുവാനായിട്ട് അച്ഛന്റെ അടുക്കൽ ചെന്നപ്പോഴും ഈ സങ്കടം കാണിച്ചു. അവിടെ പാർപ്പാൻ മനസ്സില്ലാത്തവർ ഇവിടെ പാക്കട്ടെ എന്നും സംകടം ഇയാളും തീർത്തുതരും എന്നും പറഞ്ഞു.''

''ശേഷമുള്ള പണികളും തീർത്തു് ആ വടക്കോട്ടുള്ള എല്ലാം തട്ടുംയിട്ട. ഓടുമിടുവാൻ ഇടയായി എംകിൽ കൊള്ളാമായിരുന്നു എന്നും ആയതിനു വക എന്തെന്നും പറഞ്ഞു. വെളക്കിനും വകയില്ലാത്തതിനാൽ വെളിച്ചെണ്ണ മുതലായതു വാങ്ങിക്കൊണ്ടു ഞാൻ പോരുകയും ചെയ്തു. (പേജ് 36)

''1841-ാം കാലം മകരമാസം 16-ാം തീയതി ശനിയാഴ്ചയുടെ പിറവിയിൽ ഞങ്ങളുടെ മല്പാനും കൊവേന്തയുടെ തുടക്കവുമായ പള്ളിപ്പുറത്തെ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ മരിച്ചു (പേജ് 41).

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാളാഗമത്തിൽനിന്നും എടുത്തതാണ് മുകളിൽ കുറിച്ചിരിക്കുന്ന ഉദ്ധരണികളെല്ലാം. സഭയുടെ ആരംഭത്തിനുള്ള തുടക്കവും അതിന്റെ പ്രചോദനവും ആലോചനയും അനുവാദം വാങ്ങിക്കലും പണം പിരിക്കലും സ്ഥലം തെരഞ്ഞെടുക്കലും മുറ്റുള്ള വർക്കു നിർദ്ദേശം കൊടുക്കലും അധികാരികളോടു് അനു

വാദം വാങ്ങിക്കലും തെറ്റുതിരുത്തലും പുതിയ നിർദ്ദേശങ്ങളും കൊടുക്കലും എല്ലാം താൻ മരിക്കുന്നതിയതിവരെ ചെയ്തുകൊണ്ടിരുന്ന പാലയ്ക്കൽ മല്പാനച്ചൻതന്നെയാണ് സഭയുടെ സ്ഥാപകരിൽ പ്രമുഖൻ. ഈ പ്രമുഖസ്ഥാനം വേറെ ആർക്കെങ്കിലും മാറിക്കൊടുക്കുകയോ മാറ്റിപ്പറയുകയോ ചെയ്യുക ചരിത്രത്തോടും സത്യത്തോടും നാം കാണിക്കുന്ന കടുത്ത അനീതിയായിരിക്കും.

ചാവറയച്ചനെ അംഗത്താരയുടെ വണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്ന ഈ അവസരത്തിൽ സ്ഥാപകരിൽ പ്രമുഖൻ ചാവറയച്ചൻതന്നെ എന്ന വിധത്തിൽ സംസാരിക്കുന്നവരുണ്ട്. പോരുക്കരയച്ചനാണെന്നും ചുരുക്കം ചിലർ വാദിക്കുന്നുണ്ട്. പ്രായംകൊണ്ട് പാലയ്ക്കലച്ചൻ മുമ്പനായതുകൊണ്ടല്ലേ, പാലയ്ക്കലച്ചൻ സ്ഥാപകരിൽ ഒന്നാമനാണെന്ന് അന്നത്തെ മറ്റു പിതാക്കന്മാർക്കുള്ള അടിയുറച്ച ബോദ്ധ്യംകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ പേര് ആദ്യം എടുത്തുപറയുക. സഭാസ്ഥാപനത്തെക്കുറിച്ചുള്ള എത്ര നീണ്ട ചർച്ചകളും പള്ളിപ്പുറം സെമിനാരിയുടെ മുകളത്തട്ടിൽവച്ച് – പാലയ്ക്കലച്ചന്റെ മുറിയിൽവച്ച – നടന്നിരിക്കണം. ഇവിടെയാണ് സഭയുടെ തുടക്കം. ഇവിടെയാണ് പാലയ്ക്കൽ മല്പാനച്ചന്റെ ഏറ്റവും വലിയ മഹിമ.

# XII പാലയ്ക്കലച്ചൻ ദൈവോപാസകൻ

സ്വർണ്ണത്തിനു സുഗന്ധമെന്നപോലെ വിജ്ഞാനത്തിനു വിശുദ്ധികൂടി ചേർന്നപ്പോൾ, ദൈവത്തിൽമാത്രം ശരണം വയ്ക്കുന്ന അടിയുറച്ച ഒരു ധ്യാനയോഗി ആയിത്തീർന്ന പാലയ്ക്കൽ മല്പാൻ. ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്ന നല്ലയിടയൻ. വീട്ട് അടുത്തായിരുന്നിട്ടും 24 മണിക്കൂറും തന്റെ ശിഷ്യരുടെകൂടെ കഴിയാനാഗ്രഹിച്ചവൻ! ഉന്നതരീതിയിലുള്ള നോമ്പും പ്രായശ്ചിത്തവും അനുഷ്ഠിക്കുന്ന ധ്യാനയോഗി. ഒരുപക്ഷേ, താപസഭവനത്തിനുള്ള പ്രേരണ ഈ ധ്യാനസായൂജ്യത്തിൽനിന്നും ഉരുത്തിരിഞ്ഞതല്ലേ എന്നു നമ്മെ സംശയിക്കണം. ദൈവത്തെക്കുറിച്ചും ദൈവികകാര്യങ്ങളെക്കുറിച്ചും പുസ്തകത്തിൽനിന്നു വായിച്ചു മനസ്സിലാക്കുക എന്നതിനെക്കാൾ ബൈബിളിൽനിന്നും വായിച്ച യേശുവചനത്തെ തന്റെ ഹൃദയത്തിലും ബുദ്ധിയിലും നിറച്ച് മനനംചെയ്ത്, ദൈവികതലങ്ങളിലേയ്ക്കുയർത്തിവിട്ട് അവിടെനിന്നും ലഭിക്കുന്ന പ്രചോദനവും സിദ്ധിയും തന്റെ അരുമശിഷ്യർക്കു പ്രദാനം ചെയ്യുന്ന ദൈവിക അനുഭവമായിരുന്ന അദ്ദേഹത്തിന്റെ ക്ലാസ്സുകൾ.

## കുരിശെടുത്തു നാഥനെ അനുഗമിച്ചു

ചെറുപ്പകാലംമുതൽതന്നെ തന്റെ കുരിശെടുക്കുവാൻ സ്നേഹനാഥൻ ഈ തപോയോഗിയെ ഒരുക്കിക്കൊണ്ടുവരികയായിരുന്നു. 10 വയസ്സ് ആയിരിക്കയിൽത്തന്നെ തന്റെ പ്രിയ പിതാവ് മരിച്ചു. തന്നേയും തന്റെ സ

ഹോദരങ്ങളേയും വളർത്തി വലുതാക്കിക്കൊണ്ടു വരുവാൻ തന്റെ പ്രിയമാതാവു് സഹിക്കുന്ന ബുദ്ധിമുട്ടുകളെ സമ നിലയോടുകൂടി ദൈവതിരുമനസ്സിനു കീഴ്വഴങ്ങി കടിച്ചു സഹിക്കുകയായിരുന്ന പാലയ്ക്കൽ മല്പാൻ. കുട്ടിക്കാല ത്തിലെതന്നെ പലതും വേണ്ടെന്നുവയ്ക്കുവാനും അമ്മയ്ക്കു മന:പ്രയാസം വരുത്താതിരിക്കാനും പരിശ്രമിച്ചു. ആഭിജാത്യവും അന്തസ്സുമുള്ള തങ്ങളുടെ കുടുംബത്തിലെ പ്രയാസങ്ങളും മറ്റുള്ളവരേയും ബന്ധുജനങ്ങളേയും അറിയിക്കാതെ ഈശോയോടു മാത്രം പറയുന്ന മാതാവും കുട്ടികളും!

താൻ സ്നേഹിച്ചു, തന്നെ സ്നേഹിച്ച പ്രിയപ്പെട്ട മാതാവിനു് ആനന്ദമരുളാൻ തന്റെ വൈദികസ്ഥാനവും നവപൂജയും കാരണമാകും എന്നുള്ള വലിയ പ്രതീക്ഷയോടെ പുരോഹിതാഭിഷേകത്തിനേറെയും നവപൂജാർപ്പണത്തിനേറെയും നാളുകളും മണിക്കൂറുകളും എണ്ണി നീക്കിയിരുന്ന കഥാനായകനു ദൈവം കൊടുത്ത ഏറ്റവും വലിയ കുരിശായിരുന്നു തന്റെ പ്രിയപ്പെട്ട അമ്മയുടെ മരണം; അതും പുത്തൻ കുർബാനയ്ക്കു് വളരെ അടുത്ത നാളുകളിൽ. മാനുഷികവും ലോകസംബന്ധവുമായ കാര്യങ്ങളിൽ അമിതമായി ശരണംവയ്ക്കുകയും ആശ്രയിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുക മിഥ്യയാണെന്നുള്ള നിത്യസത്യം വളരെ ചെറുപ്പത്തിലേതന്നെ കഥാനായകനു ദൈവം മനസ്സിലാക്കിക്കൊടുത്തിരുന്നു.

വളരെ പ്രായമാകുന്നതിനു മുൻപുതന്നെ 50 വയസ്സാകുന്ന നല്ല പ്രായത്തിൽ, പലവിധ രോഗങ്ങൾക്കും കഥാനായകൻ അടിമയാകേണ്ടിവന്നു. ''അങ്ങനെയിരിക്കെ ഞങ്ങളുടെ മല്പാനച്ചനു വാതത്തിന്റെ ദീനം വന്നു വിഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാതെയും അരക്കുട്ടതളർന്നു പോകയാൽ കാലു് അനക്കു

വാൻ വഹിയാതെയും കിടപ്പിലായിപ്പോയി.'' (നാളാഗമം P. 11) എങ്കിലും തനിക്കു ദൈവംതന്ന ഈ ശാരീരിക കുരിശിനെ, വേദനയെ, മൗനമായി സഹിക്കുകയും ചേന്നങ്കുരിയിൽ തന്റെ ബന്ധുജനങ്ങളെ കാണാൻ പോയിരുന്ന തന്റെ അരുമശിഷ്യനായ ചാവറയച്ചനെപ്പോലും അറിയിക്കുകയോ ആശ്വാസം തേടുകയോ ചെയ്യാതെ ദൈവതിരുമനസ്സിനു കീഴ്വഴങ്ങുകയും ചെയ്യുന്നു. 1829–ലെ കാര്യമാണു് ഇവിടെ ചാവറയച്ചൻ പകർത്തുന്നതു്. അപ്പോഴും കഥാനായകനു് 49 വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഏതാണ്ടു് 50 വയസ്സിനു മുമ്പുതന്നെ നിരവധി രോഗങ്ങളാൽ മല്പാനച്ചൻ വേദനയനുഭവിക്കുവാൻ ആരംഭിച്ചിരുന്നു. അർശസ്സും പ്രമേഹവും വിട്ടുമാറാത്ത മറ്റു രോഗമായിരുന്നു.

## നോമ്പും ഉപവാസവും

പാലയ്ക്കൽ മല്പാനച്ചന്റെ ഭക്ഷണരീതിയേയും നോമ്പും ഉപവാസത്തേയുംകുറിച്ചു് അരുമ ശിഷ്യനായ ചാവറയച്ചൻ വിവരിച്ചതന്നെ തന്റെ നാളാഗമത്തിൽ എഴുതിയിട്ടുണ്ടു്. അദ്ദേഹത്തെ നമുക്കു ശ്രവിക്കാം. ''എന്നാൽ ഈ ദേഹം കർബാന ചൊല്ലിയപ്പോഴം തുടങ്ങി (എന്നു തോന്നുന്നു) ഞങ്ങടം പടിപ്പിപ്പാൻ ചെല്ലുമ്പോഴും അങ്ങനെതന്നെ. അതായതു് ദിവസവും ഒരുനേരമായിട്ടു് ഉച്ചയ്ക്കുമാത്രം ചോറുണ്ണും. വൈകിട്ടു കുറെ കഞ്ഞി. കാലത്തു് ഒന്നുമില്ല. ഇങ്ങനെ ഏറിയനാളം. എത്രകാലമെന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടു വന്നു. അപ്പോഴും പുത്തനങ്ങാടിയിൽ ഇട്ടൂപ്പുവൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നുമുതൽ കാലത്തു കഞ്ഞികുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴ സെക്രട്ടറിയായിട്ടു പാത്തിരുന്ന അവിടേയും ഇങ്ങനെതന്നെ ആയിരുന്നു. അ

വിടെവച്ചു തുടങ്ങിയോ ആയതിനുമുൻപും ഇങ്ങനെതന്നയോ എന്നു നിശ്ചയമില്ല. എന്നാൽ ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ഈ ചട്ടമായിരുന്നു എന്നു തന്നെയുമല്ല വീട്ടിൽനിന്നുതന്നെ ചോറുകൊണ്ടുവരുന്നതു്. എന്നാൽ മേലെഴുതിയതിൻവണ്ണം വീട്ടിൽ ഞെരുക്കംതന്നെ. ഈ. ദെ കൂർബാന ചൊല്ലുന്നതിനു കുറെദിവസം മുമ്പു് അമ്മയും മരിച്ചു. ഒരു ജേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്തപെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കെട്ടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങൾ വീട്ടിൽ വന്നു പാർത്തിരുന്നു. അവരുതന്നെ ചോറും കറിയും ചമച്ചു കൊടുക്കുന്നതു്. എന്നാൽ ജ്യേഷ്ഠൻ എന്നുയാളും അതികം പ്രാപ്തിയില്ലാത്തയാൾ ആയിരുന്നു . . . ആയതിനാലുള്ള ഞെരുക്കംകൊണ്ടോ, വേണ്ട എന്നു വച്ചിട്ടോ അതായതു് ഈ ദെ ഒരുനേരമായ ഉച്ചയ്ക്കുള്ള ചോറും ഒരു കറിയും മാത്രമേയുള്ളൂ. ആയതും ഒരു സാധനംതന്നെ. അതായതു് ഞങ്ങൾ പടിപ്പാൻ ചെന്നപ്പോൾ ചോറും പയറു പുഴുങ്ങി നല്ല മുളകുപൊടിച്ചിട്ടു് ഉലത്തിയതും ഒരു കറിയും മോരും. ചിലപ്പോൾ നിജമില്ല. ഈ ചോറും ഈ കറിയും തന്നെ. ഇങ്ങനെ ഏറിയനാൾ കണ്ടു. പിന്നെ ഒന്നുപകൽ. ഇതായതു് ഈ ചോറും അതോടുകൂടിയ ചെറിയ ചെമ്മീൻ മേൽപ്രകാരം ഉലത്തി ആയതും ഇങ്ങനെയും ഏറിയനാൾ അതായതു് മേലെഴുതിയ വൈദ്യന്റെ പ്രമാണംവരെയും, ആയതു കഴിഞ്ഞാറേയും ഈ പെങ്ങളുടെ പെരുമാറ്റവും അവരു കൊടുത്തയയ്ക്കുന്നതുംമാത്രം അനുഭവിച്ചുപോന്നു.''
(നാളാഗമം P. 68)

ഒരു യോഗിയുടെ ക്ഷേണക്രമമാണു് മുകളിൽ ചാവറയച്ചൻ വിവരിച്ചിരിക്കുന്നതു്. സെക്രട്ടറിയായി അരമനയിൽ യൂറോപ്യന്മാരൊത്തു കഴിഞ്ഞനാളിലും ഒരു

നേരം മാത്രം അതും വളരെ ലളിതമായ ഭക്ഷണം കഴിച്ചു ശീലിച്ച പാലസ്തീൽ മല്പാനച്ചനു് ഭക്ഷണംതന്നെ ഒരു പ്രശ്നമായിരുന്നില്ല. തന്റെ അരുമശിഷ്യർ പ്രഭാത ഭക്ഷണം കഴിക്കുമ്പോഴും ക്ലാസ്സെടുക്കേണ്ട പ്രൊഫസർ പട്ടിണിയായിട്ടു് ദൂരെയിരിക്കുന്നതു് എത്രയോനാൾ ചാവറയച്ചൻ കണ്ടിരിക്കുന്നു. ഇതുതന്നെയല്ലേ വിശുദ്ധക്കുത്ത നോമ്പും ഉപവാസവും.

## നാഥനെ വാഴ്ത്തുവിൻ

ഇന്നത്തെ രീതിയിലുള്ള എക്സ്പ്രസ് കാനോനനമസ്കാരമല്ലായിരുന്നു പാലസ്തീലച്ചന്റെ കാലത്തു്. പല പുസ്തകങ്ങളിൽനിന്നും യാമപ്രത്ഥന കണ്ടെത്തി ചൊല്ലുക അതും വളരെ ദീർഘമായതു്. ഇതിനു പ്രത്യേക നിഷ്ഠതന്നെ ആവശ്യമായിരുന്നു. പലരും നീണ്ട കാനോന പ്രാത്ഥന ഉപേക്ഷിച്ചു കളഞ്ഞിരുന്ന ആ കാലത്തു് ദൈവത്തിന്റെ മനുഷ്യനായ പാലസ്തീലച്ചൻ ഇതു മുഴുവൻ ഭക്തിയോടുകൂടി അതാതു സമയത്തു എത്തിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. തന്റെ അരുമശിഷ്യരോടുകൂടിയായിരുന്നു ഈ പ്രാത്ഥന എത്തിക്കുക. എപ്രകാരമാണു ഭക്തിയോടുകൂടി തിരുസ്സഭയുടെ ഈ ഔദ്യോഗിക പ്രാത്ഥന ചൊല്ലേണ്ടതെന്നു് ഗുരുമുഖത്തുനിന്നുതന്നെ അവർ കണ്ടും കേട്ടും മനസ്സിലാക്കിയിരുന്നു. റംശായും ലെലിയായും ശമ്മാശ്ശന്മാരോടുകൂടെ അത്രെ ഈ ദൈ എത്തിക്ക.' (നാളാഗമം P. 66)

ഇങ്ങനെ സ്വർണ്ണത്തിനു സുഗന്ധം കൂടിച്ചേർന്നാലെന്നതുപോലെ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരമായ മല്പാനച്ചനു് വിശുദ്ധികൂടി ചേർന്നു് ജീവിക്കുന്ന ദൈവത്തിന്റെ മനുഷ്യനായി വിശുദ്ധനായി ജീവിച്ച മാതൃക നല്ലിയവനായിരുന്നു പാലസ്തീൽ. തന്നോടടുക്കുന്നവരെ,

ദൈവത്തിലേയ്ക്കുടപ്പിക്കുന്ന ഈ മഹാത്മാവു് ഓട്ടം പൂത്തി യാക്കാനുള്ള ദിവസം - കിരീടം നേടുവാനുള്ള ദിവസം - ആഗ്രഹത്തോടെ പാത്തിരിക്കയായിരുന്നു.

## XIII ഇതളുകൾ കൊഴിയുന്നു

മല്ലാനച്ചന്റെ ആരോഗ്യം ദിവസംതോറും ക്ഷയിച്ചു വന്നിരുന്നു. സുഖക്കേടുകളും ഒന്നിനുപുറകെ ഒന്നായി വ ന്നിട്ടും തന്റെ നോമ്പും ഉപവാസവും ഒട്ടും മയപ്പെടുത്താ തെയും താൻ ഏറെറടുത്ത ജോലികൾക്കൊന്നും യാതൊരു വിഘ്നവും വരുത്താതെയും അദ്ദേഹം മുന്നോട്ടു നീങ്ങി. ചാവറയച്ചൻ സെമിനാരിയിൽ ചേരുന്നതിനു മുമ്പുതന്നെ പാലയ്ക്കൽ മല്ലാൻ വലിയ രോഗിയായിത്തീർന്നിരുന്നു. വലിയ ജ്വരം പിടിപെട്ടതായും ക്ഷേണകാര്യത്തിൽ ഇട്ടൂപ്പു വൈദ്യൻ കശ്നമായി ഇടപെട്ടതായും പ്രഭാതക്ഷേണം കഴിക്കാനായി പ്രേരിപ്പിച്ച കാര്യവും മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.

വാതംവന്നു് അരക്കുട്ട തളർന്നു കിടപ്പിലായതും ആരും സഹായിക്കാനില്ലാതെ ഒരു മാസത്തിൽ കൂടുതൽ കിടന്ന കിടപ്പിൽ കഴിഞ്ഞതും ചേന്നങ്കരിയിലായിരുന്ന ചാവറയച്ചൻപോലും വളരെ താമസിച്ചുമാത്രം അറിഞ്ഞ കാര്യവും വിവരിച്ചിട്ടുണ്ടല്ലോ. വലിയ വാതമായിരുന്ന പ്രധാന സുഖക്കേടു്. അതിന്റെകൂടെ അശ്സും പ്രമേഹവും മറും ഉണ്ടായിരുന്നു. തലപൊക്കാൻ നിവൃത്തിയുണ്ടെങ്കിൽ 'പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകുന്ന' മിശിഹായെപ്പോലെ തന്നെ ഏല്പിച്ച കാര്യങ്ങൾ ഭംഗിയാക്കിത്തീർക്കുവാനാണു് അദ്ദേഹം ബദ്ധപ്പെട്ടിരുന്നതു്.

ഒരുമാതിരി കിടപ്പിലായ അവസരങ്ങളിലാണു മല്പാനച്ചനെ നിർബന്ധിച്ചു് കൊവേന്തയുടെ സ്ഥലങ്ങൾ നോക്കിക്കാണുവാനായിട്ടു് സഹപ്രവർത്തകർ കൊണ്ടുപോയിരുന്നതു്. മല്പാനച്ചനില്ലാതെ അങ്ങനെയൊരു യാത്ര സ്വപ്നം കാണാൻപോലും അവർക്കു സാധിച്ചിരുന്നില്ല. ഒരിക്കൽ വെട്ടിക്കാട്ടുമുക്കിൽക്കൂടി വഞ്ചിയിൽ മടങ്ങിവരവേ സുഖമില്ലാതായതും വള്ളത്തിൽത്തന്നെ കിടന്നതും ഒരു മരത്തിന്റെ തണലിൽ വള്ളം അടുപ്പിച്ചു ബന്ധിച്ചതും മരത്തിൻകൊമ്പിൽ മാരകമായ ഒരു സർപ്പം തൂങ്ങിക്കിടന്നതും ചാവറയച്ചൻതന്നെ വിവരിച്ചിട്ടുണ്ടു്. ആദ്യ സന്ന്യാസഭവനത്തിനു പറ്റിയ സ്ഥലം എങ്ങനെയും കണ്ടുപിടിക്കണമെന്നും ഇതു ദൈവജനത്തോടതന്നെയുള്ള ഒരു ബാദ്ധ്യതയാണെന്നും കഥാനായകനു നല്ല ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടു് സുഖമില്ലെങ്കിലും ഇതെങ്ങനെയെങ്കിലും നിർവ്വഹിക്കണമെന്നതിൽ നിർബന്ധബുദ്ധിയോടെ പാലയ്ക്കൽ മല്പാനച്ചൻ യാത്ര തിരിക്കുകയാണു്. അതിരമ്പുഴ, ഏറ്റുമാനൂർ സ്ഥലങ്ങളിൽ ഒരു മാസത്തോളം ഇതിനായി ചുറ്റിക്കറങ്ങുകയും താമസിക്കുകയും ചെയ്തു. പലപ്പോഴും ഈ യാത്രതന്നെ ഇടയ്ക്കുവച്ചു നിറുത്തി അതിരമ്പുഴ പള്ളിയിൽ വിശ്രമിക്കേണ്ടതായി വന്നിട്ടുണ്ടു്. തനിക്കു പ്രിയപ്പെട്ട ശിഷ്യഗണത്തെ പള്ളിപ്പുറത്തു് ഉപേക്ഷിച്ചിട്ടായിരുന്നു ഈ യാത്ര. അതുതന്നെ അദ്ദേഹത്തിനു മനസ്സിനു വലിയ പ്രയാസമായിരുന്നു. കുനിന്മേൽ കുരു എന്നപോലെ പള്ളിപ്പുറം ദിക്കിൽ മസൂരി പടർന്നുപിടിച്ചിരിക്കുന്നു. എന്തു ചെയ്യണമെന്ന ഇടിവെട്ടുന്ന വാർത്തയുമായാണു് ചാവറ അച്ചൻ ഗുരുവിനെ കാണാൻ വരുന്നതു്. ശിഷ്യന്മാക്കു മസൂരി പിടിപെടട്ടെ എന്നു കരുതി അടങ്ങിയിരുന്നില്ല. സുഖക്കേടിന്റെ ആ നാട്ടിലേയ്ക്കു്, ആ അഗ്നികുണ്ഡത്തി

ലേയ്ക്കുതന്നെ അദ്ദേഹം ഉടൻ പുറപ്പെട്ടു. ആടുകൾക്കുവേണ്ടി ജീവൻ ഹോമിക്കുന്ന നല്ലയിടയൻ!

60 വയസ്സു കഴിഞ്ഞ തന്നെ പലവിധ രോഗങ്ങളും പിടികൂടിയിട്ടുണ്ടെന്നും ഇതിൽനിന്നുള്ള മോചനം അസാദ്ധ്യമാണെന്നും ഈ ധന്യാത്മാവിനു മനസ്സിലായി. മാന്നാനത്തെ പണികൾ ഒരുമാതിരി പൂർത്തിയായിരുന്നു. മാന്നാനത്തുള്ള സെമിനാരിയും അഭിവൃദ്ധിപ്പെട്ടുവന്നു. പള്ളിപ്പുറത്തുനിന്നും വഞ്ചിയിൽപ്പോലും യാത്ര അസാദ്ധ്യമാണെങ്കിലും മാന്നാനത്തുപോയി സെമിനാരി റെക്ടർ എന്ന നിലയിൽ വേണ്ട നിർദ്ദേശങ്ങളും കൊടുത്തുകൊണ്ടിരുന്നു.

## XIV മരണവും അന്ത്യശുശ്രൂഷകളും

പലവിധ രോഗത്താൽ ബാധിതനായിരുന്നെങ്കിലും അതൊന്നും പുറത്തുകാണിക്കാതെ കൊണ്ടുനടന്ന കഥാനായകന്റെ അന്ത്യം വളരെ പെട്ടെന്നായിരുന്നു. ആരോഗ്യത്തെ കാൻസർതിന്നുകൊണ്ടിരുന്ന മാരകരോഗങ്ങളും നിരവധിയുണ്ടായിരുന്നതുകൊണ്ടു് ഇന്ന രോഗത്താലെയാണു് മരണം സംഭവിച്ചതു് എന്നു പറയാൻ സാധിക്കുകയില്ല. അരുമശിഷ്യനായ ചാവറയച്ചനും മറ്റു പരിചയക്കാരും ശിഷ്യന്മാരുമായ അച്ചന്മാരും ഗുരുവിനെ കാണുവാനും കുശലം ചോദിക്കുവാനും ആശീർവാദം വാങ്ങുവാനും പള്ളിപ്രത്തു് ധാരാളമായി വന്നുതുടങ്ങി.

പാലയ്ക്കലച്ചൻതന്നെ തന്റെ മരണപത്രിക രഹസ്യമായി എഴുതി മേശയിൽ സൂക്ഷിച്ചു. അതിൻപ്രകാരം

തന്റെ മരണശേഷം തന്റെ ആത്മാവിനുവേണ്ടി 60 ഒറ ക്കർബാന ചൊല്ലാനുള്ള വസ്സ്യവകകയും പള്ളിപ്പുറം പള്ളി ക്കു് എഴുതിവച്ചു. നാഥനെ ഹൃദയത്തിൽ ധ്യാനിച്ചുകൊ ണ്ടു് ശാരീരിക അസുഖങ്ങളേയും വേദനകളേയും പുറമെ കാണിക്കാതെ അദ്ദേഹം ഒരു നൈവേദ്യമായി നാഥനു വേണ്ടി കത്തിയെരിയുകയായിരുന്നു. അതിന്റെ കരി ന്തിരി കത്തിത്തുടങ്ങി. ഇനി നാഥനിൽ ലയിച്ചാൽ മതി. പൗലോസ്ശ്ലീഹായെപ്പോലെ നല്ല ഓട്ടം ഓടിയ താൻ, സഭയ്ക്കും സമുദായത്തിനുംവേണ്ടി ജീവിതം അപ്പിച്ചു. അതിന്റെ കിരീടവും കൈയിലേന്തി മിശിഹാ തന്നെ കാത്തിരിക്കുകയാണന്നു് പാലയ്ക്കലച്ചൻ മനസ്സിലാക്കി.

മാതാവിന്റെ ദർശനസമൂഹം പല സ്ഥലങ്ങളിലും സ്ഥാപിക്കുകയും അതിന്റെ പ്രചാരകനായും – പ്രമോട്ട റായും ദീഘ്കാലം സേവനം ചെയ്കയും ചെയ്ത ഈ മരി യഭക്തനു് പ്രിയപ്പെട്ട ദിവസമായ ശനിയാഴ്ചതന്നെ സ ത്യത്തിലേയ്ക്കു സ്വീകരിക്കുവാൻ ദൈവജനനി തിരുമന സ്സായി. തന്റെ അരുമശിഷ്യൻ തന്റെ കുരിശുഭാരം താ ങ്ങാനാവാതെ കട്ടിലിനരുകിൽ നിന്നിമേഷനായി നി ന്നു. ചാവറയച്ചനോടു് തന്റെ അന്ത്യകുമ്പസാരം കേൾ ക്കുവാനും വി. കുർബാന നല്കുവാനും ആവശ്യപ്പെട്ടു. പ്രാ ത്ഥനകളൊക്കെല്ലാം വ്യക്തമായി ഉത്തരം ചൊല്ലി. പോ ളുക്കരെ തോമ്മാച്ചനാണു് രോഗീലേപനം നല്കിയതു്.

''ഇങ്ങനെയിരിക്കെ എല്ലാവരും നോക്കിനില്ക്കേ പെട്ടന്നു് കുറെ നിറം പകർന്നു. എത്ര മണിയായി എന്നു് (വല്യച്ചൻ) ചോദിച്ചു. 12 മണിയായിരിക്കുന്നു എന്നു പറഞ്ഞയുടൻ ഞാനനുഭവിക്കുന്ന സങ്കടങ്ങളും പ്രായശ്ചി ത്തമായി സ്വീകരിച്ചുകൊണ്ടു് എന്റെ ദോഷങ്ങളും പോ ക്കിത്തരണമേ എന്നു പറഞ്ഞു.''

''മുട്ടിന്മേൽ ഇരിക്കുംവണ്ണം കട്ടിലിന്മേൽ ഒരുത്തൻ താങ്ങിക്കൊണ്ടിരിക്കുമ്പോഴും (വല്യച്ചൻ) കൈയ്യെടുത്തു് ചേച്ചിയോടുകൂടി കുരിശു വരച്ചു. തുങ്ങപ്പെട്ട കുരിശുരൂപം വാങ്ങിച്ചു് അഞ്ചു തിരുമുറിവുകളേയും മുത്തി. ദേവമാതാവിന്റെ സ്വരൂപവും സാവധാനത്തിൽ ഭക്തിയോടെ മുത്തി. യൗസേപ്പിതാവിന്റെ ചെറിയ പഞ്ചിരൂപം മുത്തിക്കൊണ്ടു് ഉടൻ തല ചായിച്ചു മിണ്ടാടങ്ങി. മരണസമയം എന്നു തോന്നി ഞങ്ങളെല്ലാവരും ദോഷം പോക്കി; റൂശ്മാ കൊടുത്തു. അത്യുഷ്ണംകൊണ്ടു മരിച്ചു.''

1841 ജനുവരിയുടെ 16–ാം ദിവസം പൊട്ടിവീണു. മഞ്ഞുതുള്ളികളും അന്നു ആകാശത്തുനിന്നും പതിവിൽ കൂടുതലായി ഭൂമിയെ നനച്ചു. അര ശതാബ്ദത്തോളം ദൈവത്തിന്റെ സഭയ്ക്കും ദൈവജനത്തിനും സമുദായോന്നമനത്തിനും ധീരമായ സേവനംചെയ്ത പാലയ്ക്കൽ മല്പാനച്ചനെ അദ്ദേഹത്തിന്റെ നിത്യകിരീടപ്രാപ്തിക്കായി വെള്ളച്ചിറകുള്ള മാലഖാമാർ സ്വർണ്ണരഥത്തിലേറ്റി സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോയി.

മരണസമയത്തേയും അന്ത്യദിനത്തിന്റെ ദിവസങ്ങളിലെ മല്പാനച്ചനേയും ചാവറയച്ചൻ ചിത്രീകരിക്കുന്നതു നോക്കുക. ''ശിശുപ്രായം മുതൽ നമ്മുടെ വന്ദ്യപിതാവായ പാലയ്ക്കൽ തോമ്മാച്ചനുണ്ടായിരുന്ന ദൈവഭക്തി, വിശ്വാസം, ശരണം, ദൈവതിരുച്ചിത്തത്തോടുള്ള പൂർണ്ണയോജിപ്പു് എന്നിത്യാദി പുണ്യങ്ങളുടെ പ്രവർത്തികളും ദീനത്തിൽ അധികമായി ഇദ്ദേഹത്തിൽ ശോഭിക്കുകയും ആ പുണ്യങ്ങളുടെ പ്രകരണങ്ങളും ചെയ്യുകയും ചെയ്തിരുന്നു. ദീനത്തിന്റെ കഠിന വേദനകളും മഹാ ക്ഷമയോടെ അനുഭവിച്ചും അന്ത്യക്ലേശകളും ഒക്കെയും ബോധത്തെ

ളിവോടെ കൈക്കൊണ്ടും 1841-ാം കാലം മകരം (ജനു വരി) 16-ാം തീയതി ശനിയാഴ്ച അതായതു് വെള്ളിയാ ഴ്ച പാതിര കഴിഞ്ഞു് മരിച്ചു.'' (നാളാഗമം)

തങ്ങളുടെ പ്രിയ മല്പാനച്ചന്റെ അന്ത്യദിനങ്ങളിൽ തന്നെ തന്റെ പ്രിയപ്പെട്ട ശിഷ്യഗണങ്ങളും സംബന്ധി കളും പരിചയക്കാരുമായി ധാരാളംപേർ രോഗവിവരം അറിയാനും ഗുരുവിൽനിന്നു് ആശീർവാദം സ്വീകരിക്കു വാനുമായി വന്നും പോയുമിരുന്നു. മല്പാനച്ചന്റെ ചരമ വാർത്ത കാട്ടുതീപോലെ പരന്നു. നേരം വെളുക്കുന്നതിനു മുൻപുതന്നെ പള്ളിപ്പുറം പള്ളിയും പരിസരങ്ങളും ജന നിബിഡമായി. ദൂരദേശങ്ങളിൽനിന്നും ഇടവകക്കാർ കുരിശ്ശു്, കൂട മുതലായവകളോടുകൂടി എത്തിത്തുടങ്ങി. ശവസംസ്കാരത്തിനു് നേതൃത്വം കൊടുക്കുകയും അന്ത്യക്രിയാ കർമ്മം പരികർമ്മം ചെയ്യുകയും ചെയ്തതു് പോർക്കരെ തോമ്മാ മല്പാനായിരുന്നു. തന്റെ ആത്മഗുരുവും നായകനും എല്ലാമായിരുന്ന പാലയ്ക്കൽ മല്പാന്റെ ചരമം താങ്ങാനാവാത്ത വ്യഥയും മനപ്രയാസവും വരുത്തിയെങ്കിലും അതെല്ലാം കടിച്ചുപിടിച്ചു സഹിച്ചുകൊണ്ടു് ശവസംസ്കാര ശുശ്രൂഷകൾ ഭംഗിയാക്കുവാൻ അദ്ദേഹം എല്ലായിടത്തും തന്നെ ഓടിനടന്നു. അതുപോലെ കദനഭാരം താങ്ങാവുന്നതിലധികമെങ്കിലും ഗുരുവിന്റെ ഭൂമിമോനച്ചടങ്ങുകൾ ക്ഷേമപ്രദമാക്കാൻ ചാവറയച്ചനും കൂടെയുണ്ടായിരുന്നു.

വരാപ്പുഴയിൽനിന്നും മെത്രാനച്ചനും മൂപ്പച്ചന്മാരുമെല്ലാം വന്നിരുന്നു. അരമനയ്ക്കവേണ്ടി മണപ്പുറം തോപ്പിലെ തെങ്ങിൻതോട്ടംമുതൽ അവിടത്തെ ഓരോ ചെറിയ ഫയലിന്റെ ക്രമീകരണംവരെ കൈവച്ചിട്ടുള്ള ദിവംഗതനായ പാലയ്ക്കൽ മല്പാനോടു് അവർക്കു് അതിരറ്റ ബഹുമാനമായിരുന്നു. സുറിയാനി സഭ അന്നുവരെ

കണ്ടിട്ടില്ലാത്തത്ര ആഹ്ലാദത്തോടും ആഘോഷത്തോടും കൂടിയാണ് സംസ്ഥാനശുശ്രൂഷകനും വരാപ്പുഴ മെത്രാനപ്പന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയത്. പോത്തുക്കരയച്ചൻ ചരമപ്രസംഗം നടത്തി. പരേതൻ സുറിയാനി സഭയ്ക്കു നല്കിയ വിശിഷ്ട സംഭാവനകളേയും പ്രത്യേകിച്ച് ഒരു സന്യാസസമൂഹത്തെ അതിന്റെ ബാലാരിഷ്ടതകളിൽ ധീരമായ നേതൃത്വം കൊടുത്തു സംരക്ഷിച്ചതിനേയും ആ സഭയുടെ സ്ഥാപനത്തിനുള്ള ഉത്തേജനവും പ്രചോദനവും എല്ലാം നല്കിയതിനെക്കുറിച്ചും ചരമപ്രാസംഗികൻ വിവരിച്ചു പറഞ്ഞു. വിലാപയാത്രയിൽ താഴെ പറയുന്ന പ്രധാന പള്ളിക്കാരാണ് ദർശന സമൂഹത്തോടുകൂടി സംബന്ധിച്ചത്.

പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തമ്പള്ളി, ആലപ്പുഴ (മാർസ്ലീവ) ചേന്നങ്കരി, ചമ്പക്കുളം, എടത്വാ പിന്നെ ഇതിന്റെ കീഴിലുള്ള കുരിശുപള്ളികളും തെയ്യാട്ടുശ്ശേരി, ചെമ്പ്, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കടമാളൂർ മുതലായ പള്ളികളും മറ്റു ചെറിയ പള്ളികളും.

പള്ളിപ്പുറം പള്ളിയുടെ മദ്ബഹായുടെ ഇടത്തുവശത്ത് (തെക്കുവശം) പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിൽ ആ പുണ്യപാദന്റെ പുണ്യമേനി ഭൂമിദാനം ചെയ്യപ്പെട്ടു. കേരള സുറിയാനി സഭയിലെ മിക്കവാറും എല്ലാ വൈദികരും ഇതിനു സാക്ഷികളായി.

41 ദിവസം തുടച്ചയായി പരേതനുവേണ്ടി റാസ ചൊല്ലി. തുടർന്ന് ശിഷ്യന്മാരുടെ പള്ളികളിൽ തിങ്കളാഴ്ചതോറും ഓരോ റാസയും ഒരു വർഷത്തേയ്ക്കു നിത്യകർബ്ബാനയും ചൊല്ലുവാൻ ശിഷ്യഗണങ്ങളും ക്രമീകരണം ചെയ്തു. മാസത്തിന്റെ 28-ാം തീയതിതോറും റാസ ചൊ

ല്ലുവാനും ക്രമീകരണമുണ്ടായി. 2 റാസയും 13 കുർബ്ബാനയും ഇതിനു പുറമേ ചൊല്ലുവാൻ ഒരോരുത്തരുമേറ്റു.

41-ാം ചരമദിനം ശിഷ്യന്മാരെല്ലാവരുംകൂടി വളരെ ഭംഗിയാക്കി. ശിഷ്യന്മാർ ഓരോരുത്തരും - മറ്റു വൈദികരും 130 ചക്രം വീതമാണ് ഇതിനു പിരിവിട്ടതു്. ശമ്മാശ്ശന്മാർ 60 ചക്രം വീതം എട്ടുത്തു. ആയിരക്കണക്കിനാളുകൾക്കു് അന്നു സദ്യയുണ്ടായിരുന്നു. ആഘോഷമായതിരുക്കർമ്മമെല്ലാം കഴിഞ്ഞു് 3000 ചക്രം മിച്ചമുണ്ടായിരുന്നു. അതു നിത്യകുർബ്ബായ്ക്കു് മാന്നാനം കൊവേന്തയിൽ ഏല്പിച്ചു.

## XV അഞ്ചു മെത്രാന്മാരുടെ കുർബ്ബാനയും മാർബിൾ ശിലയും

പ്രശ്നക്കാരനായും മഹറോൻകാരനായും മരിച്ച ഫിഗ്രേദോ മെത്രാനു മാർബിൾശില സ്ഥാപിച്ചവർ പള്ളിപ്പുറത്തിന്റെ വീരസന്താനത്തിനു് മാർബിൾശില ഒരുക്കുവാൻ മടികാട്ടി. ''ഒരു പ്രവാചകനും സ്വന്തം നാട്ടിൽ ബഹുമാനിതനാകുകയില്ല എന്ന ദിവ്യരക്ഷകന്റെ വാക്കുകളും അങ്ങനെ അനർത്ഥമാകുകയായിരുന്നു. പുതിയ പള്ളിപണിതു മദ്ബഹാ മുഴുവൻ ചിപ്പു് വിരിച്ചപ്പോഴും പള്ളിപ്പുറത്തിന്റെ പേരു് ലോകം മുഴുവൻ ഉയർത്തികേൾപ്പിച്ച ഈ നായകനു് മാർബിൾശില ഉണ്ടായില്ല. ഈ വൈദികന്റെ അവശിഷ്ടങ്ങൾക്കു തക്ക ബഹുമാനം കൊടുക്കുവാൻതന്നെ C. M. I. സഭാധികാരികളും തീരുമാനിച്ചു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം മാന്നാന

ത്തെ മദ്ബഹായിൽ പുനസ്ഥാപിക്കാൻ ഭാഗ്യസ്മരണാർഹനായ കട്ടിനാം തിരുമേനിയോട് C. M. I. പ്രിയോർ ജനറാം അനുവാദം ചോദിച്ചു. ക്രാന്തദർശിയായ തിരുമേനി വളരെ അനുനയത്തിൽ അനുവദിച്ചില്ലെന്നു മാത്രമല്ല, പാലയ്ക്കലച്ചന്റെ സെമിനാരിക്കുതന്നെ വലിയ സ്മാരകങ്ങളും നിർമ്മിക്കാതിരിക്കെ മല്പാന്റെ ഭൗതികാവശിഷ്ടങ്ങളും അവിടുന്നു മാറ്റുന്നതുതന്നെ തെറ്റായിരിക്കുമെന്നും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

സഭയുടെ 150-ാം ചരമവാർഷികം പ്രമാണിച്ച് കഴിമാടത്തിങ്കൽ മാർബിംശില സ്ഥാപിക്കാൻ സി. എം. ഐ സഭയെ കട്ടിനാം തിരുമേനി അനുവദിച്ചു. അതു് ആഘോഷമായി നടത്തണമെന്നും തീരുമാനിക്കപ്പെട്ടു. സി. എം. ഐ. സഭയിലെ അഞ്ചു മെത്രാന്മാർ ഈ ചടങ്ങിൽ സംബന്ധിച്ചു. 1981 ജനുവരി 16-നു് ആയിരുന്നു ഈ സംഭവം. പെ. ബ. തോമസ് പുത്തൂശ്ശേരി അച്ചനായിരുന്നു അന്നത്തെ വികാരി.

പാലയ്ക്കൽ മല്പാൻ ഉയർത്തപ്പെടുന്ന തീയതി ഇനിയും സമാഗതമാകണം. സി. എം. ഐ. സഭയും സുറിയാനി സഭയും അതിനു കണിഞ്ഞു പരിശ്രമിക്കണം. വ്യക്തികളിലൂടെയാണ് ചരിത്രമുണ്ടാകുക. ഒരു പ്രദേശം പ്രശസ്തിയിലേയ്ക്കു് ഉയരുന്നതു്, ആ പ്രദേശത്തിന്റെ ഒരു വ്യക്തി മാനിക്കപ്പെടുമ്പോഴാണു്; ഉയർത്തപ്പെടുമ്പോഴാണു്. ഇങ്ങനെയുള്ള ദിവ്യപ്രതിഭകളെ ഒരു നൂറാണ്ടിനേറെയോ ഒരു പത്തു നൂറാണ്ടിനേറെയോ ഒറ്റപ്പെട്ട ഒരു സംഭവനയായിരിക്കും. ആ വ്യക്തി ഒരു കുടുംബത്തോടു ബന്ധപ്പെട്ടുപോയി എന്നതുകൊണ്ടു് നാടിന്റെ ബഹുമാനത്തിനു് ഒരു കുറവും സംഭവിക്കാൻ പാടില്ലാത്തതാണു്.

ഏതായാലും പാലയ്ക്കൽ മല്ലാനച്ചന്റെ പേരിൽ പള്ളിപ്പുറം മാത്രമല്ല, സി. എം. ഐ. സഭയും സുറിയാനി സഭയും ഭാരതീയരും അഭിമാനിക്കുന്ന ഒരു പൊൻപുലരിക്കുവേണ്ടി നമുക്കു കാത്തിരിക്കാം. അഭ്യുത്താരയുടെ വണക്കത്തിനായി അദ്ദേഹം പ്രതിഷ്ഠിക്കപ്പെട്ടവാനും നമുക്കു പ്രാർത്ഥിക്കാം.



DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

CMI Works
*0007638 8*
K100 P278

# പുണ്യചരിതനായ പാല

## ഫാ. ജോൺ റോമ

''വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വന്ദ്യഗുരുഭ്രതൻ, അദ്ദേഹത്തിന്റെ പത്തൊൻപതുവഷ്ത്തെ ആദ്ധ്യാത്മികഗുരു, വരാപ്പുഴ വികാരി അപ്പസ്തോലിക്കറയ്മണ്ടു് സൂര്യമെത്രാന്റെ സെക്രട്ടറി, മെത്രാനച്ചന്റെ ആലോചനക്കാരൻ, ആഗോളവ്യാപകമായിരിക്കുന്ന സി. എം. ഐ. സഭാസ്ഥാപകരിൽ പ്രമുഖൻ, പ്രസിദ്ധിയാർജ്ജിച്ച പള്ളിപ്പുറം സെമിനാരിയുടെ മല്പാൻ, സർവ്വോപരി പരിമളം പരത്തിയിരുന്ന ഒരു താപസവര്യൻ എന്നീ വിവിധ നിലകളിൽ പതിനെട്ടാംനൂറാണ്ടിന്റെ അന്ത്യഘട്ടംമുതൽ പത്തൊൻപതാം നൂറാണ്ടിന്റെ നാല്പതുകംവരെ കേരള ക്രൈസ്തവസഭാമണ്ഡലത്തിൽ പ്രശോഭിച്ചിരുന്ന ഒരുജ്ജ്വലതാരമായിരുന്ന പ്രതിഭാധനനും പുണ്യചരിതനുമായ പാലയ്ക്കൽ തോമ്മാ മല്പാൻ.

അദ്ദേഹത്തിന്റെ ചരമദിനത്തിന്റെ പാവന സ്മരണ ആചരിക്കുന്ന ജനുവരി 16-ാം തീയതി, അദ്ദേഹം പിന്നിട്ട കാല്പാടുകളിലൂടെ മനക്കണ്ണോടിക്കുവാൻ, മറക്കുവാനും മറയ്ക്കുവാനും വഹിയാത്ത എന്തെങ്കിലും കണ്ടെത്തിയാൽ ഒരു നിമിഷം ഒന്നു നോക്കിനില്ക്കുവാൻ അനുകരണാർഹമായി മിന്നിത്തിളങ്ങുന്ന എന്തെങ്കിലും കിട്ടിയാൽ അതുകൊണ്ടൊരു പൊന്നാട തീർക്കുവാൻ അദ്ദേഹം നമ്മെ ക്ഷണിക്കുകയാണു്.''

വില 8.00

CMI K BAN P DHARMA